ശ്രീ
മനുഷ്യവിജയം
ചരിത്രസംബന്ധമായ
ഒരു
നാടകം

ശ്രീ

മാനവിക്രമവിജയം

ഭാഷാനാടകം : ഒന്നാമങ്കം

ഹരിഃ ശ്രീ ഗണപതയേ നമഃ
അവിഘ്നമസ്തു.

നാന്ദി

* ശ്രീമാനാംബലിഭൈരാജനെതിരേ-
റാദ്യംക്ഷണിക്കുമ്പൊഴേ
ധീമാനാകിയ ഭാർഗ്ഗവദ്വിജവരൻ നേരേ
ചിരോധിക്കിലും
ആമാന്യൻ ധൃതിയോടു മൂന്നടികൊട-
ത്തന്നാടം നെടുമ്പ്രോഥിയിൽ
സ്സാമാന്യം മതിയും തിവിക്രമപദ-
ന്യാസത്തിനായ് വന്ദനം.

(നാന്ദി കഴിഞ്ഞു സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ—(മുൻപോട്ടു നോക്കിട്ടു) അമ്പ!! ഈ മഹാ
ജനസമൂഹം കേരളത്തെ- ഇവിടെ മയ നാടകം അഭിന
യിക്കുന്നതായാൽ—

* കവിക്കും കഥാനായകനും നമുക്കും
കവിക്കുന്ന പുത്തൻപുകഴ്പ്പേറുക്കും

ഭവിക്കും ഗുണം സജ്ജനപ്രീണനംസം-
ഭവിക്കും വഴിക്കിങ്ങിനിക്കുന്നുവേറേ. ൫.

എന്നാൽ, ഏതുനാടകമാണ അഭിനയിക്കേണ്ടതെന്ന ഈ സഭസ്യന്മാരോടുതന്നെ ചോദിച്ചുറക്കുന്നതാണുത്തമം- (പുറത്തിനടന്നു വിനയത്തോടു കൂടി) മാന്യ സഭാജനത്തിനു വന്ദനം- ഇവിടെ ഞങ്ങളേതു രൂപകമാണാവോ അഭിനയിക്കേണ്ടതു?.

നടൻ—(പ്രവേശിച്ചിട്ടു) കൊട്ടാരപ്പുറം കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഇയ്യിടെ കല്പിച്ചുണ്ടാക്കിയതായ 'ശ്രീ മാനവിക്രമവിജയം' നടിച്ചുകണ്ടാൽ നന്നെന്നാണു സഭ്യന്മാരുടെ അഭിപ്രായം' ഇതു നമ്മളും മറ്റു മാതിരി ചൊല്ലിയാടിസ്സാധിച്ചതുമാണല്ലൊ.

സൂത്ര—(സന്തോഷത്തോടു കൂടി) ഞാൻ വിചാരിച്ചതുപോലെതന്നെ ഈ നാടകത്തിന്റെ അരങ്ങേറ്റത്തിനു നമുക്കു കിട്ടിയതു നമ്മുടെ ഭാഗ്യത്തെന്നെ- എന്തുകൊണ്ടെന്നാൽ,

* പഴിച്ചുശിലിച്ചൊരു നല്ലനാടകം
നടിച്ചുരങ്ങത്തു കിടക്കുകാട്ടുവാൻ
മഴിച്ചുമങ്ങാടുമെന്റെ രക്ഷയിൽ
പ്പൊഴിച്ചുപൊങ്ങും നടവീരരാരുമേ. ൬.

എന്നാൽ ചെല്ലൂ- അണിയറയിൽ വേണ്ടവിധമൊക്കെ ശരിയാക്കൂ- അരങ്ങുമുഷിച്ചിലൊട്ടും വരുത്തരുതു.

നടൻ—അവിടെ മറ്റെല്ലാം മുങ്ങിക്കഴിഞ്ഞിരിക്കുന്നു.

സൂത്ര—എന്നാൽ ഇതിൽ ആദ്യം പ്രവേശിക്കേണ്ടുന്ന മങ്ങാട്ടച്ചന്റെ വേഷം താൻതന്നെയാവട്ടേ.

നടൻ—അങ്ങിനെതന്നെ (രാങ്ങാളം പോയി)

പ്രസ്താവന.

(അനന്തരം ഇരുന്നുകൊണ്ടു മങ്ങാട്ടച്ചൻ പ്രവേശിക്കുന്നു)

മങ്ങാടൻ—ഒരു രാജമന്ത്രി സ്ഥാനമെന്നാൽ വളരെ നല്ല തുതന്നെ.

* മാലോകക്ഷേമത്തിനാണനിശിവും
യത്നപരംവൈരിഭീ-
പാലോകത്തിലുമപ്രശസ്തനിലയല്ലാ
മാന്യർമാനിക്കുമേ
ആലോചിച്ചൊരു നീതിപെയ്തു
പിഴക്കാതേഫലിച്ചിട്ടുക-
ണ്ടാലോ, ചിന്തതലത്തിലെത്തിനരസം
മറാരൊടോതേണ്ടുഞാൻ. ൨.

വിശേഷിച്ച എന്നെപ്പോലെ ധീരോദാത്തനായ ഒരു മഹാരാജാവിന്റെ മന്ത്രിയായാലത്തേകഥപറയാനുണ്ടോ.

* ഇവനിങ്ങൊരു നീതിവിത്തുനട്ടാ
ലവനീശൻ വളമിട്ടു പുഷ്ടിയാക്കും
നവനീതിഫലങ്ങൾ പിന്നെവേണ്ട
നവനീതെ പ്രജകൾക്കു കയ്ക്കുമാക്കാം ൩.

എന്നാൽ ഇപ്പോൾ കിട്ടിയതായ കൊടുങ്ങല്ലൂർത്ത മ്പുരാന്റെ മറവടി, നമ്മുടെ തമ്പുരാന്റെ ഉത്സാഹത്തിന്ന ഒരു ദീപകമായിരിക്കും സംശയമില്ല.

കൊള്ളാം കൊള്ളാം.

* സ്വന്തം മിത്രനിലക്കുനില്പൊരുകൊടു
ങ്ങല്ലൂരിലാനാഥനു-
ത്യന്തം ശത്രുജനത്തിൽനിന്നുപജയം
വന്നൊന്നു കാണുന്നതിൽ

എന്തെന്നാകിലുമാമഹീശനുസഹാ-
യിക്കേണമീലാക്കനെ-
ന്നന്തെന്നാലിതുകൊണ്ടുമല്ലറിവതാ മഹാ
മോഹം നടന്നീടുമേ. സ.

ഇവിടെ ഇങ്ങിനേ- അവിടെ അങ്ങിനേ- ചിന്നേ, കായങ്കുളത്തു തമ്പുരാൻ തിരുവനന്തപുരത്തു തമ്പുരാനായിട്ടുള്ള യുദ്ധത്തിൽ തോറ്റു നാടുവിട്ടോടിപ്പോയി- ദേവനാരായണനെന്ന സ്ഥാനപ്പേരുള്ള അമ്പലപ്പുഴ രാജകുടുംബത്തിൽ, "പൂരാടം പിറന്ന പുരുഷൻ" എന്ന പ്രസിദ്ധി നേടിയ മഹാ വീരനും അവിടുത്തെ പുത്രന്മാരും സപ്ത്നാരോഹണം ചെയ്തുകഴിഞ്ഞിരിക്കുന്നു- ഇപ്പോഴുള്ള തമ്പുരാൻ സംഗ്രഹാണെങ്കിലും ഏഴിയക്കോട്ട നമ്പൂരിയേ സ്സേനാപതിയാക്കിവെച്ചിട്ട് തന്നോടെതിർത്തിട്ടുള്ള തിരുവനന്തപുരത്തു തമ്പുരാനോട പ്പൊരുതിക്കൊണ്ടു തന്നെ നില്ക്കുന്നു- ഒരക്കുളൂർ വടക്കുള്ളൂർ മുതലായ സാമന്തരാജാക്കന്മാരും അതിലേക്ക സഹായിക്കുന്നു.

* തെക്കുള്ളോരിപതികളും തികയുമിപ്രകാരം
കയ്ക്കുള്ളശക്തി മഹനാട്ടിൽ നടത്തിടുന്നു
അതുകൊണ്ട്
പേക്കുള്ളമാനമൊട്ട വേണ്ടവഴിക്കുപോകാൻ
ലാക്കുള്ളകാലമിതു നമുടെ തമ്പുരാനും. ഒ.

ഒരു വില്ലുക്കാരൻ (പ്രവേശിച്ചിട്ട്) തിരുമുമ്പിലേക്ക ചെല്ലുവാൻ കല്പനയായിരിക്കുന്നു.

മങ്ങാടൻ—(എഴുനീറ്റിട്ട്) എവിടേയാണെഴുന്നള്ളീട്ട്?

വില്ല—അതസ്ഥാനിത്തലേ സകായ്മുറിയിലാണ്- രണ്ടാളും (പുറപ്പെടുന്നു)

മങ്ങാടൻ— (വിചാരം) കായ്മെന്താണെന്നു സംശയിപ്പാനില്ല.

വില്ല—(മുമ്പുത്തു കാണിച്ചുകൊണ്ട്) ഇതാ എഴുന്നള്ളിയിരിക്കുന്നു.

മങ്ങാടൻ ആട്ടേ, താൻ പണി നോക്കിക്കൊള്ളു.

വില്ല—കല്പനപോലേ (പോയി)

മങ്ങാടൻ— (നോക്കീട്ട്) ഇതാ തമ്പുരാൻ.

* നസാധുജനസംരക്ഷാ സത്സാമർത്ഥ്യവിലാസമോ
ഉത്സാഹശക്തിഗുണമോ മത്സ്വാമിയിതുസംശയം വൃ.

(അനന്തരം സാമൂരിപ്പാട് പ്രവേശിക്കുന്നു)

(മങ്ങാടൻ—അടുത്തുചെന്നു വന്ദിക്കുന്നു)

സാമൂരി—എന്താ മങ്ങാടി കൂടന്നിരിക്കു.

മങ്ങാടൻ—എന്നാൻ കല്പനപോലേ (ഇരിക്കുന്നു)

സാമൂരി—കൊട്ടങ്ങല്ലൂർക്കോവിലിന്നെം മറ്റവടി—

മങ്ങാടൻ—ഇന്നം കിട്ടിയിരിക്കുന്നു.

സാമൂരി—കേൾക്കട്ടേ.

മങ്ങാടൻ—(വായിക്കുന്നു) "നമ്മുടെ മങ്ങാടനെന്നാൽ, സാമൂരി സമ്മാനമായിത്തന്നിട്ടുള്ള മുച്ചുകന്തംക്ഷേത്രവും മുക്കാതം ഭൂമിയും സ്ത്രീധനമെന്ന നിലയിൽ സന്തോഷത്തോടേ നാം സ്വീകരിച്ചു- ഇവിടെ മൂന്നാണ്ടുറായ മഴിവമ്മനെന്ന ഉണ്ണിയേ തൽക്കാലം അങ്ങോട്ടയക്കയും ചെയ്തിട്ടുണ്ട- അയതുകൂടാതെ ഒരു യുദ്ധത്തിൽ മടങ്ങി എന്നപ്പെച്ച, സ്വന്തം നാട്ടുകാരേയും ഉപേക്ഷിച്ചു സ്വദേശംവിട്ടന്നതിന്നോ കുടുംബത്തേ അങ്ങോട്ട മറന്നിരിപ്പാനോ നമുക്ക മനസ്സുവരുന്നില്ല- എന്നാൽ കൊല്ലം നാലു- കുന്നി ഞായറിൽ ക്ര-ാംനാ- നാരായണരാമവമ്മൻ" (ഒപ്പു)

സാമൂരി—ശരി- കായ്യം ഞാനാലോചിച്ചതുപോലെ തന്നെ- എന്നാൽ,

* സഞ്ജാതസൌഹൃദമുടൻ കടൽമാർഗ്ഗമായി
ക്കഞ്ഞായനാകിയ കുരുക്കളൊത്തുതന്നേ
നെഞ്ഞുക്കുടിയവർനല്ലപൊരുപ്പമായു
മഞ്ഞുറമാപ്പുകളിന്നവിടക്കപോട്ടേ ൯.
എന്താ അങ്ങിനെതന്നെയല്ലേ?

മങ്ങാടൻ—എറാൻ- അടിയൻ ആ കുരുക്കാടക്കെ കുറിയ യച്ചിട്ടുണ്ട.

സാമൂരി—ഇനി നമുക്കു മുറക്കു യത്നംചെയ്യാം.

* ദേശം, കാലം, ബലം, നൽഗുണഗുണ
മുപായക്രമം, തൽ പ്രയോഗാ
ദേശക്കൊണ്ടിട്ടുകിട്ടുംഫലനില, യതിലേ
ക്കുള്ളതൈവാനുകൂല്യം,
ലേശംതെറ്റാതിതെല്ലാമൊത്തനരപതിയും
മന്ത്രിയുംകണ്ടുകായ്വാ
വേശന്തേടുന്നതായാൽ, വശഗതറിയുവാൻ
ദിവ്യചക്ഷുസ്സുവേണ്ടാ ൧൦.
എന്നല്ലേ നീതിശാസ്ത്രം.

മങ്ങാടൻ—എറാൻ- എന്നാൽ,

* ദുർന്നയമെഴുമെറുമ്പടിതി
ജോന്നതതനുപീന്തുമുഗ്രനരസിംഹം
തനുടെവാക്കുകഴിച്ചി
ട്ടെന്നുകരിക്കാട്ടിൽവെച്ചുതീപ്പെട്ട ൧൧.
അന്നുമുതൽ അടിയൻ ഇതിനേപ്പറ്റി ചിലതൊ
ക്കെ ആലോചിച്ചുതുടങ്ങീട്ടുണ്ട.

സാമൂരി—കൊള്ളാം- തനിക്കെന്റെ ഹൃദയമറിയാം.

മങ്ങാടൻ—അതിൻശേഷമാണ എറാൻപ്പാട തമ്പുരാ
ൻ ആ അട്ടപ്പാടി മലയുടെ കായ്വത്തിൽ ചില സ്വാത
ന്ത്ര്യങ്ങാം കാണിച്ചുതുടങ്ങിയതും, ഇവിടുന്നതിനു തടസ്സം തിരുവെ

ഴത്തായച്ചതും, അവിടന്നൊരുത്തനും, കറമ്പുപില കയ്യേ ററ്റങ്ങളന്നായതും, ഇവിടെ ജ്ജയിച്ചതും.

സാമൂരി—ആഃ എതെങ്കിലും,

* അന്തശ്ചരിത്രമതേ
സന്തതമഹി ഭയമതോ നരേന്ദ്രന്മാർ
മന്ത്രങ്കൊണ്ടേറ്റം മറ-
മന്ത്രംതിരിയാത്തവർക്കവൈക്ഷ്യം ഫല.

ആട്ടേ- അതിൽ എളങ്ങൂറിനു വെള്ളക്കനാരി സഹായിക്കുമോ, എന്തുതൊന്നുന്നു?

മങ്ങാടൻ—സംശയമുണ്ടോ- ഏറ്റാംപ്പാട്ടിലെ അപേക്ഷകൂടാതെതന്നെ അവിടുന്നു സഹായിക്കാമെന്നായിട്ടങ്ങോട്ടാളെ അയച്ചുകഴിഞ്ഞിരിക്കുന്നു.

സാമൂരി—ആട്ടേ- അതങ്ങിനെയിരിക്കട്ടെ- പിന്നെ,

(അണിയറയിൽ)

ഛെ! ശൂപ്പായി! സാമൂരിയെവിടെ- ഇന്നിക്കൊരു സങ്കടം പറയാനുണ്ടായിതുവല്ലൊ.

മങ്ങാടൻ—(കേട്ടുനോക്കീട്ട്) അതു നമ്മുടെ കുന്നത്തുനമ്പൂരിയാണിത- (ചിരിച്ചുകൊണ്ട്) നല്ല വരവ്.

* കട്ടിക്കഷണ്ണികുഴമെന്നറി കന്നത്തുകൾ
വണ്ടിക്കുമേൽവള സമിട്ട വളച്ചുവസ്സും
കെട്ടിപ്പൊതിഞ്ഞ പൊതികയ്യിലൊരെണ്ണമെന്നീ
മട്ടിൽപ്പുക്കനെയിതാ വിശതൻവരുന്നു. ഫല.

(എണീക്കുന്നു)

കുന്നം—(പ്രവേശിച്ചിട്ട്) ഇതാ സാമൂരി അടുത്തുചെല്ലുകതന്നെ (മുറിനടക്കുന്നു)

സാമൂരി—(എണീറ്റുകൊണ്ട്) ആഃ കുന്നം ഇവിടെ ഇരിക്കു.

കുന്നം—ഇവിടുന്നിരിക്കുകതന്നെ-ഞാനിതാ ഇരുന്നു. (ഇരു

ന്നീ ദീർഘശ്വാസമിട്ടിട്ട) വാക്കലഹം വളരെ ചീത്തതന്നേ- അതല്ലേ ഇനിക്ക ഒഴിവുടമൊക്കെപ്പറഞ്ഞതു.

സാമൂരി—മങ്ങാടനുമിരിക്കാം.

മങ്ങാടൻ—(ഇങ്ങനെ ചിരിച്ചുകൊണ്ടു) ഇവിടക്കെന്താ സുഖടം?.

കന്നം—* ക്രൂരനാലിഹഗ്രണാഗ്രഹണങ്ങളേ
ക്രൂരിടാതെനിലവിട്ടവാക്കിനാൽ
തോരണഞ്ഞിടിലുമേറെതുത്തിട-
ന്നാരണക്കുപിണയുന്നസങ്കടം. ഫര.

സാമൂരി—ഞാട്ടേ പറയു- എന്താണെന്നു കേൾക്കട്ടേ.

കന്നം—അതൊ പറയാം- ഞാൻ ഇയ്യിടെ തൃശ്ശിവപേരുക്ക പോയിരുന്നു.

സാമൂരി—(വിചാരം) എന്താണാവൊ ജാതിയാൽ കൊണ്ടവരുന്നതു- (സ്പഷ്ടം) എന്നാ.

കന്നം—അവിടെ ബ്രഹ്മസ്വം മഠത്തിൽ ഒരു വാരത്തിന അയോഗ്യരെന്നെ ക്ഷണിച്ചു- വാരം പിഴയാതെ കഴിഞ്ഞു- സദ്യ വളരെ നന്നായി- പാൽപ്രഥമൻ—

മങ്ങാടൻ—അതു വിസ്തരിക്കണ്ടാ- കായ്യം പറയു.

കന്നം—അഷ്ടി കഴിഞ്ഞു ഞങ്ങളെല്ലാവരും മുക്കിക്കൊണ്ടിരിക്കുമ്പോൾ കൊച്ചിരാജാവോ സാമൂരിയോ അധികം യോഗ്യൻ, ഏതൊരു ചോദ്യം ഒരു വിദ്വാനെടുത്തിട്ടു- ഓരോരുത്തരവരവരുടെ അഭിപ്രായം പറഞ്ഞു തുടങ്ങി- ഞാൻ കന്നം മിണ്ടാതിരുന്നതേയുള്ളു- അപ്പോഴാരം ഒരു വിദ്വാൻ കന്നത്തിന്റെ പക്ഷമെന്താ എന്നായി.

ഞാൻ—* രണ്ടുപേരുമൊത്തുപോലെയോഗ്യരാ
ണെണ്ടുപേരിനു പുകഴ്ചയും സമം
കണ്ടുചെയ്യുമൊരുനീതികെയുലു
കൊണ്ടുചൊരസുമെന്നുമന്മതം ഫര.

എന്ന തഞ്ചത്തിൽ പറഞ്ഞുനിന്നു. അപ്പോൾ നെടുമ്പുരക്കൽ കരിപ്പാല മഹൻ—

മൂസ്സ്—*ധർമ്മംപ്രജാരഞ്ജന നീതിശാസ്ത്ര
കർമ്മപ്രയോഗം പ്രഭുശക്തിബുദ്ധി
തമ്മിൽത്തിരക്കേതിലകൊണ്ടുകീഴാ
ണിമ്മിക്ക സാമൂതിരിജാതികൊണ്ടും ഫ്രസ.

എന്നു കടന്നു തുക്കിച്ചു.

മങ്ങാടൻ—അപ്പോളിവിടന്നെന്തു പറഞ്ഞു?

കുന്നം—ഇനിക്ക എന്നുമാത്രമല്ലാം. ഇപ്പ യോഗത്തിനടച്ച് ഇതൊരു കുത്താണെന്നു തോന്നി.

മങ്ങാടൻ—ഇവിടന്ന തിരുനാവായ യോഗമല്ലല്ലോ; തൃശ്ശിവപേരൂര യോഗമല്ലേ?

സാമൂരി—(ചിരിച്ചുകൊണ്ട) അങ്ങിനെ വെക്കണ്ടാം: തൃശ്ശിവപേരൂര യോഗത്തിൽ കണ്ണന്തൂർക്കാരും തിരുനാവായയോഗത്തിൽ മൂക്കോട്ടുകാരും ചേന്നു നിൽക്കുന്നത് ഏറാട്ടപെരുമ്പടപ്പുരാജാക്കന്മാരുടെ ചാമപുരക്ഷന്മാരായിട്ടാണെന്നു പ്രസിദ്ധമല്ലേ? അതുട്ടേ, എന്നിട്ടോ?

കുന്നം—എന്നിട്ട ജാതിയേപ്പറ്റിപ്പറഞ്ഞതു ചിടിച്ചു ഞാൻ

* ജാതിയെന്തിനിവിടെപ്പറഞ്ഞതു
ജ്ജാതിവാദവിധിപന്തിയല്ലെടോ
ഏതിനും ഗിരിപയോധിപാലനിൽ
പ്രീതിമാടയുപനില്ലപാടവം. ഫ്രെ.

എന്നൊക്കത്തു പറഞ്ഞു. എന്തിനധികം വിസ്തരിക്കുന്നു. വളരേനേരം വാദം നടന്നു. അധികരാളുകളായാളുടെ ഭാഗം ചാഞ്ഞുനിന്നു. ഇനിക്ക വാശി കൂടി. ഒടുക്കം ഞാൻ പുണ്ണാവു പിടിച്ചൊരു സത്യംകൊട്ടത്തു.

സാമൂരി—(ചിരിച്ചുകൊണ്ട) എന്താണത. കേൾക്കട്ടേ.

കന്നം—അതും പറയാം.

* ക്രൂടെക്രൂടെയുഠക്കെയൊച്ചയിട്ടമാ
റെന്തിനുമുക്കിപ്പുതീ
മാടക്ഷോണിപനിന്നിരുന്നുപുലരും
വെണ്മാടമീക്കാണ്മതിൽ
കേളൊക്കാതൊരുമണ്ഡലത്തിനകമേ
ഉശലാബ്ധിനാഥന്റെകാൽ
പ്പാട്ടേൽക്കാതെയിരിക്കിലന്നുമുതലീ
പ്പൂണുവിട്ടനില്ല ഞാൻ. ൫൫.

എന്നാണ സത്യം. മഹാസാഹസമായിപ്പോയി. പിന്നെ ഞാനാലോചിച്ചുനോക്കിയതിൽ ഈ കാര്യം അസാദ്ധ്യന്തന്നെ എന്നതോന്നി. എന്തുചെയ്യാം. സത്യം ചെയ്തുപോയില്ലേ. അന്നാരുത്തെ രാത്രി ഒട്ടും ഉറക്കം വന്നില്ല. ഒടുക്കം ഒരു നല്ല ഉപായം കിട്ടി. ബഹു എളുപ്പം.

സാമൂരി—എന്താണ് ആ ഉപായം?

മങ്ങാടൻ—എന്താ നമ്പൂരി പൊതിയഴിക്കുന്നത്?

കന്നം—(പൊതിയഴിച്ചിട്ട) ഇതാനോക്കു രണ്ടു മാറോട്ട്.

ഇവിടുന്നതിന്മേലൊന്നു ചവിട്ടിത്തന്നാൽ സന്തോഷം.

സാമൂരി—(ചിരിച്ചുകൊണ്ട) എന്തിനാണത?

കന്നം—ഇത തൃശ്ശിവപേരൂരമ്മതാണ. കൊച്ചി രാജാവിന്റെ ആ വെണ്മാടത്തിന്മേലെ കാലാണ. ഇതിന്മേൽ ഇവിടത്തെ കാലോരാൽ എന്നെം സത്യം ഒരുവിധം പിഴക്കാതെ കഴിഞ്ഞു.

മങ്ങാടൻ—(വിചാരം) ഇതു രണ്ടാമതൊരു ദ്വീപനം-

കന്നം—ഒരു ചവിട്ട, ഇവിടക്കെന്തറ നഷ്ടം.

സാമൂരി—(ആലോചിച്ചിട്ട) വരട്ടേ. പരിഭ്രമിക്കാതിരിക്ക. ഒരു മണ്ഡലം അവധിയുണ്ടല്ലോ. ഇല്ലേ?

കന്നം—പരിഭ്രമമൊന്നുമില്ല. ഞാൻറെ സത്യം പിഴക്കുന്നതെന്നുമാത്രമേ ഉള്ളൂ.

മങ്ങാടൻ—എന്നാൽ, ഒരു മാസത്തേക്കു തിരുമനസ്സിലേക്കെങ്ങോട്ടെങ്കിലും മെഴുന്നള്ളാം.

(സ്വകാര്യമായിട്ട്) ഒരിക്കൽക്കൂടി അടിയനേ കണ്ടിട്ടല്ലേ എഴുന്നള്ളുള്ളൂ.

കന്നം—അതേ ഉള്ളൂ. (സ്പഷ്ടം) കളിച്ചു വല്ലതും ഒക്ഷണം കഴിച്ചിട്ടിനതന്നെ പോയെങ്കിലോ എന്നു ഞാൻ വിചാരിക്കുന്നു.

സാമൂരി—ഇഷ്ടമ്പോലെയാവാം. എന്നാലങ്ങിനെയാട്ടേ.

കന്നം—എന്നാൽ പിന്നെക്കാണാം. (പോയി)

സാമൂരി—(ആലോചിച്ചിട്ട്) കൊച്ചിയിൽ വലിയരാജാവു കൊച്ചിയിലും, എളയരാജാവു തൃശ്ശിവപേരൂരും. അങ്ങിനെയല്ലേ?

മങ്ങാടൻ—എറാൻ. ഇപ്പോളങ്ങിനെയാണ.

സാമൂരി—*പ്രായേണരാജപരിവാരജനങ്ങൾമൂഢ
രായേവമുള്ളഖലൂദ്ധാംഭികരായിരിക്കും
ഈ യുഗസേവകർപറഞ്ഞവഴിക്കുഭവാൻ
ചായുന്നതിന്നു മിടയാമിടയാനെടുപ്പും ഫന്നു.

മങ്ങാടൻ—എറാൻ, അതുതന്നെ പോരാ.

* പൊതായിട്ടമപ്രിയത്തെയുള്ളിൽ
കരുതാതൊന്നു പിഴപ്പുപെയ്തുപോയാൽ
പൊരുതാക്കിയിവറ്റയോരുമോതാ
നരുതാത്തസ്ഥിതിയാക്കുഴിച്ചങ്കൽ ൨൦.

ഇതു രാജപരിജനത്തിൻറെ ഒരു ദോഷമാണെങ്കിലും ഇക്കാലത്തു സ്വഭാവമെന്നല്ല പ്രഭാവന്തനെയായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു, ഇഷ്ടമ്പോലേ ഒരെപ്പിരിഞ്ഞെഴുന്നള്ളിത്താമസിക്കുന്ന വലിയ തമ്പുരാനും എളയ തമ്പുരാ

നും ഈ വഴിക്ക തമ്മിൽത്തെറ്റുന്നതിന്നൊപ്പുമുണ്ടെന്നാ
യിരിക്കാം ഇവിടത്തെ തിരുമനസ്സിൽ വിചാരം. പക്ഷേ,

* പാലിയത്തുവലിയച്ചനെന്നൊരാ
വേലിയുംവഴി നിരന്നുനില്പുവേ
നാലിടത്തുമടവാണൊരാൾക്കതിൽ
ക്കാലിടാൻ പഴുതുകിട്ടിടാദ്ധ്യം ൫൫.

സ്വാമൂരി—ശരി. എന്നാൽ, ആ മഹാൻ, മനസ്സിന്റെ അ
സ്വാസ്ഥ്യം നിമിത്തം രാമേശ്വരത്തേക്കു പൊയിരിക്കു
ന്നു എന്നും, അയിടക്കാണ ചെറുപ്പക്കൊണ്ട തമ്പുരാ
ചെറിയച്ചൻ്റെ അഭിപ്രായത്തിൽ ചേന്ന കൊച്ചി രാ
ജാവു കൊട്ടങ്ങല്ലൂർ പിടിച്ചതെന്നും അല്ലേ കേട്ടത? അ
തുകൊണ്ട ഒരു സമയം ഇതും ഫലിച്ചു എന്നുവരാം. പി
ന്നെ ഇടയ്ക്കായാലും വന്നാലും പിടികിട്ടാതെയാവും. എ
ന്താ അങ്ങിനെയല്ലേ?

മങ്ങാടൻ—(ചിരിച്ചുകൊണ്ട) ഏതാൻ.

(അണിയറയിൽ പെരുമ്പറ)

മങ്ങാടൻ—ഓ! നേരം—

* പ്രതാപംകൂടീടുംരവിയിരവിൽ നട്ടുച്ചയിലിതാ
നിതാന്തംമിന്നുന്ന കൂർമതിയെയോക്കാത്തനിലയിൽ
ഇതാകാലംനോക്കിക്രമമുരസവും നേടിവഴിയോ-
പ്പുതാണിപ്പോൾക്ഷ്മാം കമുകുടഭോഗത്തിൽമധുപൻ ()

സ്വാമൂരി—ശകുനം നന്നായി. നേരം മദ്ധ്യാഹ്നമായതറി
ഞ്ഞില്ല. അതേ ഇനിപ്പിന്നെയാവട്ടേ.

(എല്ലാവരും പോയി)

ഒന്നാമങ്കം കഴിഞ്ഞു.

രണ്ടാമങ്കം

(അനന്തരം കാത്തുനില്ക്കുന്ന ശിപായി പ്രവേശിക്കുന്നു)

ശിപായി—ആരാണീച്ചുമട്ടുകൊണ്ടു കോവിലകത്തിനകത്തു വന്നു കേറുന്നതു? നിക്കു അവിടെ.

(ചുറ്റിനടന്നു നോക്കീട്ടു) അല്ലാ തിരുമനസ്സുകൊണ്ടോ! അടിയനറിഞ്ഞില്ലേ.

കന്നം—(ചുമടുമായിപ്രവേശിച്ചിട്ടു) ആട്ടേ അതുകൊണ്ടൊന്നുമില്ല. ഇതൊന്നിവിടെയൊന്നിറക്കിവെക്കട്ടേ. നാളെ വാങ്ങിക്കൊണ്ടുപോയ്ക്കോളാം.

ശിപായി—ഓ ഹോ. അതും പൊടിച്ചു. (പോയി)

കന്നം—നേരം സന്ധ്യയായി. ഇതാ, ഇപ്പോൾ—

* ക്ഷിപ്രം മേഘപടം പൊളിച്ചൊരു കിരണഗ്രാമം
താനശേഷം പുരക്കി-
ട്ടിപ്രത്യൂഷനാംഗൻ കടലിലിനനണ-
ഞ്ഞന്തി മുങ്ങുമ്പോഴേക്കും
വിപ്രന്മാരെ കളിച്ചുപുത്തിനിയ ചിറ്റ-
ക്കത്തു കൂടുന്നവെന്ന-
ല്ലപ്രത്യക്ഷമാം താരാളികളവിടവിടെ
പ്പൊന്തുകൊട്ടാരമായീ

൬൪

അതുതന്നെയല്ലാ.

* സ്വൈരം മുങ്ങിക്കളിച്ചുചിനതലമുടി ചി-
ക്കീട്ടു തുമ്പത്തുകെട്ടി-
ട്ടിറൻവേഷത്തൊടുംചോന്നഖലകളുമ
ന്വനു ജീവൻ കൊടുപ്പാൻ,
നേരം വൈകാതെ സാക്ഷാൽ മദനമഥനനേ
ത്തൊക്കുകുപ്പാ

നാരംഭിച്ചാമരത്തോടിവിടെ മതിലക
ത്തേക്കുപോയിതുടങ്ങീ ൫൰

ഞാനും കളിച്ചുതുടക്കുന്നാഥന്റെ തുപ്പൊകസേ
വിച്ചിട്ടേ എളയരാജാവിനെക്കാണുന്നുള്ളു. സാപ്പാടിനൊ
പ്പമെത്തിയാലായി- അതു തന്നേ. (കിഴക്കോട്ടു നോക്കീട്ട)
ഇനി ഇങ്ങട്ടിനേയും യേപ്പെട്ടാനില്ല. ഇതാ ഇതാ.

* ദിവ്യാധിരാജൻ ഛത്രം പുറപ്പടിക്കിൽ
പ്രജാപതിപ്പൊല്ലടിവന്നുചേർന്നു
പ്രജാഗരം ചെയ്യു മമാനമന്നു
നിജാധികാരത്തെ നടത്തുമിപ്പോഠം (പോയി)—

വിഷ്കംഭം കഴിഞ്ഞു

(അനന്തരം നിലാമിറത്തിരുന്നുകൊണ്ടു എളയതമ്പുരാനും കല്ലൂരു നമ്പൂരിപ്പാട്ടും പ്രവേശിക്കുന്നു)

കല്ലൂര—അങ്ങിനെയാണെങ്കിൽ ഇവിടന്നേതന്നെ കണ്ടം മിണ്ടാതിരുന്നതു?

എളയ—ഞാൻ മിണ്ടാതിരുന്നില്ല. ചെയ്യേണ്ടതു ചെയ്തു.

*"ശ്രേയസ്സുകൊണ്ടുരണംജയിച്ചിടാ
കൊട്ടങ്ങളല്ലുരടക്കിടിലും
കായ്യം ഒഴിടമാണുചിന്തയവിടെ
സ്സാമൂരിപിന്താങ്ങുമേ
ഞയ്യുൻനമ്മുടെ പാലിയത്തുപലിയച്ചൻ
ടുരെയാണിപ്പൊഴീ
സ്ഥൈര്യം സാഹസമാണതാൻ വിവരമാ-
യമ്മാമനോടൊരണം" ൫൱

എന്നു ഞാൻ ചൊടിയ മേനോനു ശരിയായെഴുതിയിരുന്നു.

കല്യര—എന്നാൽ പ്പിന്നെയെന്താണവിടെ യങ്ങിനെ ചെയ്യത്?

എളയ—ആവോ? ഞാൻ പറഞ്ഞതുകൊണ്ട അവിടക്കത്തെ പിടിച്ചില്ലായിരിക്കാം.

കല്യര—എന്താ 'ഞാൻ പറഞ്ഞതുകൊണ്ട്' എന്നു പറഞ്ഞത?

എളയ—അതോ അവിട്ടന്നെന്നേ അത്തെ വകവെച്ചിട്ടില്ല. ഞാൻ ചാഴൂർക്കോവിലകത്തെയല്ലേ? അവിട്ടത്തെ വടക്കേക്കോവിലകത്തുന്നല്ലേ ഒത്തെടത്തിട്ടുള്ളത്?

കല്യര—ഛെ! ഇവിട്ടന്നെന്താണീച്ചാപല്യം പറയുന്നത?

എളയ—ചാപല്യമല്ല. ചാസുവമാണ്. അവിടക്ക രാജ്യാവകാശന്തന്നെ ഒത്താണെങ്കിലും ഇപ്പൊഴുള്ള തെക്കെക്കോവിലകത്തേക്ക മാത്രമാക്കെണമെന്നും ചാഴൂർക്കോവിലകത്തുകാരും, ശേഷമുള്ള വടക്കേക്കോവിലകത്തകാരും കേവലം സ്വാത്തി നവകാശമില്ലാത്ത പ്പുലക്കാർ മാത്രമെന്നാക്കിവെക്കേണമെന്നുമാണാഗ്രഹം. ഇതു നമ്പൂരി ധരിച്ചിട്ടില്ലെന്നുണ്ടോ?

കല്യര—ഞാൻ ധരിച്ചിട്ടില്ല. അവിടുന്നിങ്ങിനെ വിചാരവുമില്ല.

എളയ—അതു നമ്പൂരിയുടെ ശുദ്ധതകൊണ്ടു തോന്നുന്നതാണ. അവിട്ടന്നാളൂരാണെന്നോ!.

കല്യര—ഇനിക്കിവിടത്തെ ഈ ദുശ്ശകയൊന്നും ബോധിക്കുന്നില്ലേ.

എളയ—ഹും- ദുശ്ശക. ഒരു കായ്യമുണ്ടായതു പറയാം. ഞാൻ തിരുനെല്ലിയിൽ പിണ്ഡം വെപ്പാൻ പോകേണ്ടതിലേക്ക കാശു ദ്രവ്യമാവശ്യപ്പെട്ട- അതിനാ—

* മാലോകരക്കാരുകാവലെന്നാനിലയാ-
ണീയുള്ളവർക്കുള്ളതെ.

നാലോ നാട്ടിലെനന്മതിന്മകളിൽവെ-
ച്ചാറാലൊരംശംഫലം
തുലോചിക്കിലതാവകക്കു ചിലവാ-
ണല്ലാതെമാറിദ്ധരി-
ച്ചാലോ, തെക്കുവടക്കെയാതയിൽ മുടി-
പ്പാനെങ്ങു പിന്നെദ്ധനം ൪.

എന്നായിരുന്നു മറുവടി.

കല്യൂർ—അതവിടുന്നു പറഞ്ഞതു ന്യായമല്ലോ.

* മറവുള്ളവക്കുശരിതോന്നിയ തീർത്ഥയാത്ര
പറന്നതോന്യപതികാംക്ഷവർ നാട്ടുകാരെ
ചുറുംവരുന്നപകടങ്ങളിൽ നിന്നുകാത്തു—
മറുംപേരിക്കണമതിൽപ്പുരതന്ത്രരല്ലോ ൫.

എളയ—ബുദ്ധിമാന്മാക്കു വല്ല യുക്തികൊണ്ടും മറവുള്ളവരെ മടക്കാൻ കഴിയുമെല്ലോ. പക്ഷേ വാസ്തവം വിചാരിക്കുന്നതായാൽ—

* സമസ്തവും മുന്നുപനർ മറക്ക
സമർത്ഥരായതൊട്ട കാത്തിട്ടുമ്പോഴേ
അമുഖ്യമട്ടെന്നമമന്നിടുന്ന
നമുക്കുവേറിട്ടൊരു ഭാരമുണ്ടോ? ൬.

എന്നു തന്നെയല്ല.

* ആറാലൊരംശമവനീശനരാജഭോഗം
ധാരാളമായി വരവുള്ളതൊളിച്ചുനിത്തി
പോരാനമുക്കചിലവിന്നിവയെന്നുചൊന്നാൽ
നേരായിവന്നിടുവതോ, പരമ്പോഷ്യമാരോ? ൭.

ഇനി വേറിട്ടൊന്നു പറയാം. കൊച്ചിയിൽ, കോവിലകം വക നാരകത്തോട്ടത്തിൽ വളരെ നാരങ്ങയുണ്ട.

കല്യര—അതു ഞാനൊരിക്കൽക്കണ്ടിട്ടുണ്ട.

എളയ—അതിൽ നിന്നു പത്തുനൂറു നാരങ്ങക്കാവശ്യപ്പെട്ടിട്ട ഞാനൊരാളെ അയച്ചിരുന്നു.

കല്യര—എന്നിട്ടോ?.

എളയ—"ഇതു വലിയ കമ്പുരാൻ കോവിലകം വകയാണ്. ഇവിടെത്തന്നെ ഉപയോഗിക്കുന്നതല്ലാതെ മറാക്കും കൈമാറം ചെയ്യുന്ന പതിവില്ല" എന്നാണതേ മറുപടി.

കല്യര—ഇതു വലിയ രാജാവറിഞ്ഞിട്ടുള്ളതാവില്ല.

എളയ—ഓ ഹോ. അവിടുന്നറിയാതേ അവിടെ ഒരു കൊതുപോലും പറക്കുന്നതല്ല. ഈ തുച്ഛമായ നാരങ്ങയുടെ കാര്യത്തിലും ഏന്നേ വിസ്തരിയാക്കിത്തീർത്തു.

(അണിയറയിൽ)

ഉമ്പ് ഉമ്പ്; എന്റെം ഊണു കഴിഞ്ഞു.

കല്യര—അതാരാണത? (നോക്കീട്ട) കന്നം എളയതല്ലേ?.

കന്നം—(പ്രവേശിച്ചിട്ട) അതേ, ഞാൻ തന്നെ.

എളയ—(എണീക്കാൻ ഭാവിച്ചുകൊണ്ട) അതു കന്നം! ഇരിക്കു ഇരിക്കു.

കന്നം—ഇവിടുന്നെണീക്കണ്ട. ഞാനിരുന്നു. (ഇരിക്കുന്നു)

എളയ—കൊച്ചിയിൽ നിന്നു വരുന്നവഴി. അല്ലേ?.

കന്നം—അതേ.

കല്യര—(ചിരിച്ചുകൊണ്ട) താൻ നല്ല മനുഷ്യനാണെടോ.

* പേറുമ്പോളുടമയിവിടക്കുവെന്നു
കേറുമ്പോളിങ്ങൊരുശിപായി തടഞ്ഞതില്ലേ
ചേരും സ്വജാതിനിലവിട്ടു കിഴിഞ്ഞുനിന്നാ-
ലാരുംതടുക്കുമൊരുയോഗ്യത നോക്കുകില്ല നം.

കന്നം—അതുകൊണ്ടിനിക്കൊരു സങ്കടവുമില്ല. അതേ അറിയാഞ്ഞിട്ടല്ലേ? കടവിൽ വന്നടുത്തപ്പോൾ, ചുമടെട

പ്പോനാരുമുണ്ടായിരുന്നില്ല. നേരവും വൈകി- ഞാൻത
ന്നെ ഭേഷി. ആരുതന്നോ.
എളയ—എങ്കിലും ശിപായി അതിനെ നോക്കാതെ തടഞ്ഞ
തു തെറ്റുതന്നെ. അതിനിനിക്ക മാപ്പുതരണം.
കന്നം—മാപ്പൊ! ശിവ ശിവ!.
കല്ലൂര—അതേ. എന്താണാപ്പുമടീ?.
കന്നം—കറുപ്പു നാരങ്ങയാണ്. വെറുതേ കിട്ടിയതു കളയ
ണ്ടാ എന്നുവെച്ചു കൊണ്ടുപോന്നതു എന്നോ ഉള്ളു.
എളയ—ഏവിടെനിന്നാണൊരു ഭാരം വെറുതേ സമ്പാ
ദിച്ചതു.
കന്നം—അതോ! കൊച്ചിയിൽ വലിയ രാജാവിന്റെ വക
ഒരു നാരകത്തോട്ടമുണ്ടല്ലോ—
എളയ—(അതിലോഭനായോട് കൂടി) അതു. അതുവേ.
കന്നം—ഞാനതു കാണാനായി പോയിരുന്നു. അപ്പോൾ,

ഏറ്റവും ചോരത്തിളപ്പേന്തിനയുവതിജന-
പ്പോർമുലപ്പന്തിനൊക്കും
കുറൻ നാരങ്ങപത്രാവലിയുടെയിടയിൽ
പ്പൊൻകടമ്പോലസംഖ്യം
ചുവരുകാരേ റവുലഞ്ഞും ചിലതു നിലവെടി-
ഞ്ഞിട്ടതാരേകൊഴിഞ്ഞും
മഠവും കാണായിരുള്ളിൽ കുതുകമൊടിവനും,
കാമമനോനാരോന്നി

കല്ലൂര—എന്നിട്ടെന്തുചെയ്യു?
കന്നം—എന്നിട്ടു ഇപ്പോ നാരങ്ങ കാപ്പിനിയ്ക്കു വേണ്ടിയിരു
ന്നു അതിനെന്താണുപായം' എന്നു ഞാനാക്കാവല്ലാര
നോട് ചോദിച്ചു. അപ്പോൾ ഇതാക്കെങ്കിലും ഇഷ്ട
പ്പോലെ കൊണ്ടുപോവാം. നാട്ടുകാർക്കുള്ളതല്ലാതേ ത

നൂരാൻ തിരുമനസ്സിലേക്കു സ്വകാര്യമായിട്ടൊന്നു വസ്തുപോലുമില്ലെന്നാണവിടത്തെ നിശ്ചയം' എന്നവൻ പറഞ്ഞു.

എളയ—(കല്ലൂര നമ്പൂരിപ്പാട്ടിലെ മുഖത്തുനോക്കി സ്വകാര്യമായിട്ട) ഇപ്പോളോ?

കല്ലൂര—ഇപ്പോഴാണ് എന്റെ അഭിപ്രായം ഒന്നുകിഞ്ഞു. അവിടന്നറിഞ്ഞിട്ടുണ്ടാവില്ലെന്നല്ലേ ഞാൻ പറഞ്ഞത്?

എളയ— (സ്വഗതം) എന്നിട്ടോ?

കന്നം—എന്നിട്ട്, 'എന്നാൽ നിന്നെ എന്തിനാണിവിടെ കാവലാക്കിയിരിക്കുന്നത്?' എന്നു ഞാൻ ചോദിച്ചു. 'കണ്ണപുരത്തുക്കാരെ നശിപ്പിച്ചുകളയാതിരിപ്പാൻ മാത്രമാണ' എന്നവനും പറഞ്ഞു. പിന്നെ, ഞാൻ ഇനിക്കൊട്ടക്കാവുനേടത്തോളം പറിച്ചെടുത്തുകൊണ്ടിങ്ങോട്ടു പൊന്നു.

കല്ലൂര—ഇതു വലിയ രാജാവറിഞ്ഞുവോ?

കന്നം—പിന്നെയോ- അവിടന്നു; ഞാൻ യാത്രപറഞ്ഞു പോരുമ്പോഴാണ് ഇതിനെപ്പറ്റി കുറഞ്ഞൊന്നു സംസാരിക്കയും ചെയ്തു.

എളയ—എന്താണത്?

കന്നം—സ്വകാര്യമാണത്; എങ്കിലും പറയാം.

* "ഇത്തോട്ടമാത്രമല്ലെൻ മുതൽമുഴുവനുമേ
നാട്ടുകാർക്കുള്ളതല്ലോ
സത്യംതാൻ ശുദ്ധമാണെങ്കിലു മിളകിലെയാറ്റം
വന്നു നാരങ്ങവാങ്ങാൻ
ഇത്തോടേപ്പെട്ടുപോയാൽ പ്രജകളിലുപകാ
രപ്പെടാതായിടാമെ
ന്നൊർത്താൽത്താവശ്യമുണ്ടിങ്ങിതു പറയുകൊട്ട
ക്കുന്നതല്ലെന്നുചൊല്ലി"

എന്നാണെയിട്ടന്നു പറഞ്ഞത. ഇതു നേരാണോ?.

ഏളയ—(ലജ്ജയോടുകൂടി) അതേ. എന്നാൽ എന്നേ ഏള യ രാജാവാണെങ്കിലും കേവലം ഒരു നാട്ടുകാരന്റെ നി ലയിലുംകൂടി അവിടുന്നു വിചാരിക്കുന്നില്ലെന്നാണിപ്പോ ൾ വന്നത.

(ദീർഘശ്വാസമിട്ടിട്ടു) അനന്തരവന്മാരുടെ നില ബ ഹു കഷ്ടന്തന്നെ.

* കഡുംബത്തിന്നെല്ലാമുടമയുടയോൻ കാരണവനി ങ്ങടങ്ങിപ്പാർത്തിടുന്നിവരെ വകവെക്കില്ലൊരുനാ ളുടഞ്ഞേതൊന്നാലോവികൃതിയിവനെന്നായ്ലഹളയാം കുട്ടക്കിൽപ്പെട്ടീടും ശൂനകനുടെപാടാണിഹഫലം ഫ൨.

കന്നം—ഛെ. ഇവിടുന്നെന്താണീ നിസ്സാര കാര്യത്തിൽ വെച്ചിയെ പരിതപിക്കുന്നത? തുച്ഛം. തുച്ഛം. മറന്നു കളയു.

ഏളയ—ഇതുകൊണ്ടുമാത്രമല്ല, പലതുകൊണ്ടുമാണു ഞാൻ പരിതപിക്കുന്നത. എന്താ നമ്പൂതിരിയൊന്നും മിണ്ടാ ത്തത?.

കല്ലുര—ഞാനൊന്നും മിണ്ടാൻ കണ്ടില്ല.

* മതിമാന്മതിടുന്നുരച്ചുകാണു
നതിലെല്ലാം ശരിയെന്നുതോന്നുമാദ്യം
അതിനൊന്നിവിടുന്നെതുത്തുചൊല്ലു
ന്നതിനേക്കോപംകലിങ്കുചായുമീ ഞാൻ ഫന.

ഇങ്ങിനെയൊരു മട്ടായിത്തീന്നിരിക്കുന്നു.

കന്നം—അഥവാ, പരിതപിക്കാൻ പലതുമുണ്ടെങ്കിൽത്ത ന്നെ സഹിക്കുകയല്ലേ തരമുള്ളൂ. അവിടുന്നു വലിയ രാ ജാവായിപ്പോയില്ലേ?.

എളയ—സഹിക്കാവുന്നോടത്തോളം സഹിക്കാം. സഹിപ്പാൻ വയ്യാതായാലോ?.

കല്ലൂര—അതപ്പോഠം വിചാരിച്ചാൽപ്പോരേ?.

എളയ—എപ്പോഠം?. എന്താണിനിക്കിതിലധികമൊന്നു വരാനുള്ളതു?.

* എളയസ്വതിയെന്നുംചൊല്ലി മേടക്കുമേലായ്
ഞെളിയെയമരുവാനും ഒഴിടമപോലെയായ്
തെളിയവെയിതുമോതാ മഷ്ടിയുംകഷ്ടിയായു
ള്ളൊളിയനിലയിലല്ലോ കഷ്ടമെൻവട്ടമിപ്പോൾ ഠരം.

എന്താണിനിക്കിനിയൊരു നിശ്ചയം?. സ്വാതന്ത്ര്യത്തോടുകൂടി അമ്മാമനോടൊന്നൊരുത്താലോ?.

കല്ലൂര—ശിവ ശിവ! കഷ്ടം കഷ്ടം!

എളയ—അങ്ങിനെ വിചാരിപ്പാനില്ല നമ്പൂരി. കേവലം ഒരു കുഡുംബക്രമംമാത്രമല്ല രാജാക്കന്മാർക്കു നോക്കേണ്ടതു.

* നാടെല്ലാം യുവരാജനാണെന്നരണം
ചെയ്യേണ്ടതെന്നാലതിൻ
പാടെല്ലാമറിവുള്ള മൂത്തനൃപനോ
മേൽനോട്ടമാംചട്ടമാം
പാടല്ലെന്നധികാരമിങ്ങൊരണവും
നൽകാതിരുന്നീടുകിൽ
കൂടില്ലെന്നൊരു രാജധർമ്മമുയിരിൽ
തൊക്കിക്കുവാനില്ലയോ? ഠരം.

കന്നം—ഛെ ഛെ. അതു മിണ്ടിക്കൂടാ. മഹാരാജാവിനു മനസ്സുണ്ടെങ്കിൽ, അല്ലെങ്കിലവിടക്കു വയ്യെങ്കിൽ, യുവരാജാവിനേ അധികാരപ്പെടുത്താമെന്നല്ലാതെ അധികാരപ്പെടുത്തിക്കൊള്ളണമെന്നൊരു രാജധർമ്മമുണ്ടോ?.

കല്ലൂര—ശരി ശരി. കുന്നം നല്ല ധൈര്യമാണു പറയുന്നതു.
എളയ—അതു വാസുവന്തനോ. എങ്കിലും നാട്ടുനടപ്പുങ്ങി
നെയാണെന്നു പറയുന്നതോ.
കല്ലൂര—വയ്യ. ഏതുനാട്ടിലാണീ നടപ്പുള്ളതു? മലയാളത്തി
ലെങ്ങും ഇങ്ങിനെ യാതൊരു നടപ്പു കാണുന്നില്ല.
കുന്നം—ശരിയാണതു.
എളയ—പുരാണങ്ങളിലുള്ള മുറയല്ലോ.
കുന്നം—ആവോ? അതെയായിരിക്കാം. പക്ഷേ—

* കാലദേശനിലകൊണ്ടതൊന്നുമി-
ക്കാലമിങ്ങുമുറയായ്വരാദ്ധ്യം
പാലനംവലിയകുമാടട്ട-
പോലു നമ്മുടയ നാട്ടിലൊക്കയും ഫസ.

എളയ—എന്നാലിനിക്കിനി ഏതാണു ഗതി? (ആലോ
ചിച്ചിട്ടു)

* ഉണ്ണായ്കേരളനാട്ടിലേസ്ഥിതിധരിക്കാഞ്ഞല്ല
സംബന്ധമോ-
ന്നൊന്നായിജനമീവിധം ചിലലമട്ടായിട്ട
ല്ലൊല്ലുനതും
എന്നാലോഗതികെട്ടഞാനടനിനി-
സ്സാമൂരിയേസ്സംശ്രയി-
ച്ചെന്നാലോ സുജനപ്രിയൻ ഒയയൊടാ-
പീരൻതുണച്ചിടുമോ? ഫ.

കുന്നം—(വിചാരം) ഞാൻ അവിടെ വന്നതു
കല്ലൂര—(സംഭ്രമത്തോടുകൂടി) ഛെ ഛെ! എന്തൊരു കഥ
യാണിതു.

* ആരുതരുതരുമാരും ഹന്ത! സാമൂരിയോടാ-
യൊരുത്തരമൊട്ടുകൊല്ലിക്കിശനത്തിക്കയെന്നോ

കുരുതുണർവിട്ടുനീ രാജ്യമെല്ലാംവിഴുങ്ങാൻ
പിരുതരിയൊരുഭൂതത്തിന്റെ വായിൽപ്പെടൊല്ലേ.

കന്നം—വളരെ കായ്യമാണു നമ്പൂരി പറയുന്നതു. ഇവിടത്തെ ഈവിചാരം ഒട്ടും നന്നല്ല. ആലൊചിച്ചുനോക്കു.

* സ്വന്തം മ്മീപാല്മ്മ്ടുംബമായ്-
തൃന്തും മുഷിഞ്ഞിടുതിനേക്കെട്ടുഞാൻ.
ഹന്ത! സ്വവംശത്തിനു വൈരിയോടായ്
ചന്തത്തിലൊക്കുന്നതു യുക്തമാമൊ? ൫൯.

എളയ—എനിക്കും എന്റെം താവഴിക്കാക്കും രാജ്യാവകാശമന്നെ ഇല്ലാതാക്കുവാൻ നൊക്കുന്ന ജായടികാം എന്റെ സ്വന്തം കുടുംബമെന്നും, ഇന്നിക്കവല്ല ഗുണവും ഉല്പാദിച്ചുകൊണ്ടതന്നെയാവട്ടേ- ഉണ്ടാക്കിത്തരുവാൻ തക്കവർ എന്റെ വൈരികളെന്നും, തോന്നത്തക്കവണ്ണം ഞാനതെ ശാന്തശീലനല്ല. എന്തുചെയ്യാം- ഏതെങ്കിലും സാമൂരിയെ ആശ്രയിച്ചു നോക്കുവാൻതന്നെയാണെന്റെം മനസ്സു പറയുന്നതു.

കന്നം—(വിചാരം) മനസ്സുകൂടി ഉറപ്പിക്കട്ടേ- (സ്വഗതം) അഥവാ, ഇവിടന്നാശ്രയിച്ചാൽത്തന്നെ സാമൂരി സഹായിക്കുമോ? സംശയമാണു. വിചാരിച്ചുനോക്കു.

* ഇപ്പോൾത്തന്നെപെരുത്തരാജ്യവുമതി-
ന്നൊക്കുംമഹാരവും
കെല്പോടേറുനടത്തുവാൻ പണിപരം
മണ്ടോടുന്നതുകയാൽ
ഉൾപ്പോരോടൊരുമാതിരിക്കഴിയു-
ന്നിന്നാണെസാമൂതിരി-
യ്ക്കുപ്പോൾനിങ്ങളിലുള്ളിടപ്പിലിടയിൽ
കൈവെക്കുവാൻ നൊക്കുമോ ൫൦.

എളയ—(വിചാരിച്ചുകൊണ്ട്) എന്താ കുന്നം പറയുന്നത.

* അതൃസാഹികളായ ഭൂമിപതികൾക്കുണ്ടോ
കുറഞ്ഞൊന്നെഴും
പുത്തിക്കുള്ളതും, നിനച്ചു മതിവന്നീടുന്ന
രാജ്യങ്ങളിൽ
സത്യംകേവലമാശ്രയിച്ചുവർകളേത്തിരേ
തൃജിക്കുന്നതോ
നിത്യംധാർമ്മികരായവർക്കു മരണത്തേക്കാളും
മഹാസങ്കടം ൨൮.

കിള്ളൂര—അതിവിടുന്ന് പറയുന്നതു ശരിയാണ. പക്ഷേ ഏതായാലും ഇവിടുന്ന ഇങ്ങിനെ പുറപ്പെടുന്നതിനൊട്ടും ബോധിക്കുന്നില്ല നിശ്ചയം.

എളയ—നമ്പൂരി അങ്ങിനെ പറയരുത. എല്ലാവർക്കും അവരവരുടെ സൌഖ്യത്തിനല്ലെ ആഗ്രഹം? ഞാൻ ഇവിടെ ഇങ്ങിനെ പുഷ്കരനെപ്പോലെ പാക്കുന്നതായാൽ എന്തൊരു സുഖമാണിനിക്കുള്ളത? എന്നതന്നെയല്ല, എന്റെ കുടുംബത്തിലേക്കു രാജ്യം കിട്ടേണമെങ്കിൽ ഏതെങ്കിലും ഞാനൊന്നിളകിപ്പുറപ്പെടണ്ടേ?.

കുന്നം—ആട്ടേ. ഇവിടേക്കു വേണ്ടി വളരെ ദ്രവ്യനാശവും സൈന്യനാശവും സാമൂരി ചെയ്യുമോ?.

എളയ—(ആലോചിച്ചിട്ട) അതങ്ങിനെ വേണ്ടാ. ഏതായാലും കൊട്ടങ്ങല്ലൂർ നാട്ടുവിട്ടുകൊടുപ്പിപ്പാൻ ഒരു യുദ്ധം വേണ്ടിവരില്ലേ? അതൊന്നു വലുതാക്കിയാൽ മതി. സാമൂരി സമ്മതിക്കുമെങ്കിൽ ഞാൻ ആ യുദ്ധത്തിൽ ആ ഭാഗത്തു ചേരാം. കുന്നപ്പോയി സാമൂരിയുടെ അഭിപ്രായമൊന്നറിഞ്ഞു വരാമോ?

കന്നം—അതൊക്കെ ആവാം. പക്ഷേ ആലോചിച്ചിട്ട മതി.

എളയ—ഇനിക്കിനി ആലോചിക്കാനൊന്നുമില്ല.

കല്ലൂര—ഇവിടുന്നിങ്ങനെ തീച്ചപ്പെടുത്തി, അല്ലോ? കഷ്ടം! (കണ്ണീരോടുകൂടി) കരീക്കാട്ടപ്പൊച്ച മരിച്ച വലിയ രാജാവുണ്ടായിരുന്നെങ്കിൽ ഇങ്ങിനെയെങ്കും വരില്ലായിരുന്നു. ദൈവമേ!

* ക്ഷിതികാക്ഷമാമഹാൻപോ
യതിലീക്കൊച്ചിക്ഷമേശപ്രശമിതാ
അതിയായുലഞ്ഞതക്കൊ
ല്ലുതിയില്ലാഞ്ഞങ്ങളിങ്ങുമലയുന്നു

എളയ—അങ്ങിനെതന്നെയാണ്. എന്തുചെയ്യാം. എന്നാൽ നമ്പൂരി ഈ ആലോചനയൊന്നും പുറത്താക്കാതിരുന്നാൽ നന്ന്.

കല്ലൂര—അങ്ങിനെതന്നെ. വലിയരാജാവും എളയരാജാവും തമ്മിലിടയുന്ന കാലം! എന്തു നിവൃത്തി? ഒരു സമാധാനം വരുന്നതുവരേ ഞാനിദ്ദേശത്തുതില്ല. അങ്ങുമിങ്ങുമൊന്നും പറയില്ല.

എളയ—എന്നാൽ മതി. കന്നം ഇനിക്കുവേണ്ടി എന്നേ സ്സാമൂരി സ്വീകരിക്കുന്നതുവരേ ബുദ്ധിമുട്ടണം.

കന്നം—അതു ഞാനേറ്റു. എന്നാൽ ഇവിടുന്നു രണ്ടക്ഷരം കുറിച്ചുതന്നാലധികം നന്നായിരിക്കും.

എളയ—അതിനെന്താ വിരോധം? എന്നാൽ, കൊച്ചിരാജാവു സാമൂരിക്കെഴുതുന്ന സന്ദേശമില്ല. ഇനിക്കതൊന്നും നോക്കുവാനില്ല താനും.

കന്നം—കായ്യം മാത്രം, അത്രമതി. സന്ദേശമൊന്നും നോക്കുകയേ വേണ്ട.

എളയ—(വിചാരം)

* ഒരാഗ്രഹത്തൻകായ്മതാത്മബുദ്ധി
പരാക്രമങ്കാണ്ടു നടന്നിടായ്കിൽ
ഒരാളുപിന്തുണ്ണെമായതിനു
പരാശ്രയംതക്കൊന്തമന്ത്രമല്ലോ ൫൩.

(സ്വഷ്ടം) എന്നാൽ എഴുത്തു നാളേ. ഇന്നു നേരം പൈകി.

കല്യർ—ഏകദേശം അർദ്ധരാത്രിക്കടുത്തിരിക്കുന്നു.

കുന്നം—(വിചാരം) കായ്മൊക്കെ നേരേയായി. (സ്വഷ്ടം) ഇനിക്കഠിനം ചുറങ്ങാൻ നോക്കുകയല്ലോ.

എളയ—എന്നാലങ്ങിനെയാട്ടേ. (വിചാരം)

* ഉറയ്ക്കുമത്യാശയിലുള്ളപൈട്ടോ-
ക്കുറക്കമോ കേവലമൗഢ്യമല്ലോ
മുറയ്ക്കുമെഞ്ഞപ്പുറമേറിമോഹം
മുറക്കുമാങ്ങു കിടക്കുതന്നേ ൫൪.

കുന്നം—(വിചാരം)

* നന്നായുറഞ്ഞിയിനിനാളെയെഴുത്തുവാങ്ങി
യൊന്നായ്നടന്നു ഗിരിവാരിധിനാഥപാർശ്വേ
ചെന്നാശ്രയിച്ചാൽ വിജയചിഹ്നമിതങ്ങുനാകം
മെന്നാലിനിക്കു കൃതകൃത്യതവന്നുവല്ലോ ൫൫.

(എല്ലാവരും പോയി) രണ്ടാമങ്കം കഴിഞ്ഞു.

മൂന്നാം അങ്കം.

(അനന്തരം സാമൂരിപ്പാട്ടം കുന്നത്തു നമ്പൂരിയും മങ്ങാട്ടുനമ്പൂരിയും പ്രവേശിക്കുന്നു)

മങ്ങാടൻ—നമ്പൂരി നല്ല മിടുക്കനാണ്. തിരുവെഴുത്തുകൂടി വാങ്ങിക്കൊണ്ടുവന്നവല്ലോ.

കുന്നം—ഇതിലെന്താണ എന്റെ മിടുക്ക്? സാമൂതിരിരാജാവിന്റെ മാഹാത്മ്യത്തിന്റെ വശീകരണശക്തിയും മങ്ങാട്ടച്ചന്റെ മന്ത്രവിദ്യയുടെ ആകഷ്ണയുക്തിയുംകൂടി ചേന്നപ്പോലം ആ എളയരാജാവിന്റെ മനസ്സിങ്ങോട്ടു തിരിഞ്ഞുപോന്നു എന്നേയുള്ളു.

സാമൂരി-അതൊക്കെപ്പോട്ടേ. എന്താണാ തിരുവെഴുത്ത്?

കുന്നം—(മടിയിൽനിന്നെടുത്തു മങ്ങാട്ടച്ചന്റെ കയ്യിൽകൊടുക്കുന്നു)

മങ്ങാടൻ—(മുഴുപ്പിച്ചു വായിക്കുന്നു) "തെക്കേരികണ്ടകായ്മെന്നാൽ. (ഇവിടേനിന്നു സാമൂരിക്കെഴുതുന്ന സ്വരൂപമായേ മുമ്പു നടപ്പില്ല. എങ്കിലും ഇപ്പോഠം അങ്ങിനെ വേണ്ടിവന്നിരിക്കുന്നു) ഇയ്യിടയിൽ കൊട്ടഞ്ചേരി നാട്ടകൊച്ചിയിൽ വലിയതമ്പുരാൻ പിടിച്ചടക്കിയതിരികേ പിടിച്ചുകൊടുപ്പിപ്പാൻ അവിടത്തെ ഉദ്യമമുണ്ടാവുമല്ലോ. എന്നാൽ, ആസമയം എന്നേയും അവിടുന്നു സ്വീകരിക്കുമെങ്കിൽ ഞാൻ ആഭാഗത്തു പോരുവാൻ സന്നദ്ധനായിരിക്കുന്നു. ഈ വിവരം സാമൂരിയേ സ്സമയമ്പോലെ അറിയിച്ചുകൊഠംകയും വേണം. എന്നു കൊല്ലം നഠഠ തുലാമാസം ൧൰-ാംന്നു കൊച്ചിയിൽ എളയതമ്പുരാൻ എന്ന പറയുന്ന പാഴൂർകോവിലകത്തു ഗോദവർമ്മതിരുമുല്പാടു" (മുദ്ര)

സാമൂരി—ഇതിത്രത്തോളമായി?

കുന്നം—ഈ എഴുത്തു തന്നയക്കുമ്പോൾ അവിടുന്നു കഠച്ചിലിതും പറഞ്ഞയച്ചിട്ടുകൂടിയുണ്ട.

സാമൂരി—എന്താണത്?.

മങ്ങാടൻ—(വിചാരം) സഹായിക്കുന്നതിന്റെ പ്രതിഫല ത്തേപ്പറ്റി വല്ലതുമായിരിക്കാം.

കുന്നം—"വിശേഷിച്ച്, അവിടുന്നിവിടെ സഹായം ചെയ്യുന്നതായാൽ—

* "അതിലിപ്പൊഴൊരുദ്യോഗം കൊച്ചിരാജ്യംലഭിയ്ക്കു
മതിനവിധിബലത്താൽ യോഗമുണ്ടായിതെങ്കിൽ
ക്ഷിതിരമണ! ഫലാംശം നൊമ്മാംപങ്കിട്ടെടുത്താൽ
മതിയതിനുമിനിയ്ക്കിങ്ങൊട്ടുമേ നഷ്ടമില്ല" ക.

എന്നാണ പറഞ്ഞയച്ചിട്ടുള്ളത്.

സാമൂരി—എന്താ മങ്ങാടാ! ഇതിനൊരു മറുപടി കൊടുക്കണ്ടേ?

മങ്ങാടൻ—എങ്ങാൻ. അടിയനൊന്നൊഴുതിയുണ്ടാക്കാം. (പൊയി)

സാമൂരി—ഈ എളയ രാജാവു ബുദ്ധിമാനാണ. എന്നാൽ,

* "ചോളർക്കോവിലകത്തുകാക്കുവഴിയേ
കൊച്ചിക്ഷ്മാമണ്ഡലം
വാഴും വാഴ്ചയുമാത്തമാക്കുമടിയ-
ങ്ങമ്മാമനെന്നിങ്ങനേ
കേഴംവണ്ണമൊരുഥമൊത്തുകരുതി
ച്ചെയ്യുന്നതോ നമ്മൊടി
ത്തായം മാതിരിചന്നുനേടിടുമിടം
പങ്കിട്ടിടാൻ സമ്മതം" ൫.

കുന്നം—അതേ. അതങ്ങിനെതന്നെയാണ.

മങ്ങാടൻ—(രണ്ടാമതും പ്രവേശിച്ചിട്ട) ഇതാ മറുപടി.

സാമൂരി—വായിക്കു.

മങ്ങാടൻ—(വായിക്കുന്നു) "ചേറാക്കുളത്തു ഭട്ടതിരി വായി

ച, മാഴർക്കോവിലകത്തു ശൌര്യമതിരുമല്ലാട എന്ന കൊമ്പിയിൽ ഏളയരാജാവിങ്കൽ ധരിപ്പിക്കേണ്ടും അവസ്ഥയെന്നാൽ—"

കന്നം—ഇതു വല്ലതാക്കണോ?

സാമൂരി—സംശയമുണ്ടോ?

മങ്ങാടൻ—"അവിട്ടത്തെ അത്തരപ്പോട്ട കുടിയ—പ്പെരുമത്തൃത്തെ നന്ദിയോടേ ഇയിടെ സ്വീകരിച്ചു. പത്തുനാഠക്കകം വേണ്ടതുപോലേ അവിടെ വന്നു കണ്ടുകൊള്ളാം. (അതുവരേയും ഈ നില ശുദ്ധമായിരിക്കുമല്ലോ) എന്നു കൊല്ലം നൂറ്റൊന്നു തുലാഞായറ്റിൽ ഏരു-ാംനു-സ്വന്തം സാമൂതിരി. മാനവിക്രമൻ." ഇതു പോരേ?

സാമൂരി—മതി. എന്നാൽ—

മങ്ങാടൻ—എറാൻ. ഇനി തുക്കൈ വിളയാടാം.

സാമൂരി—(പ്പെട്ടിട്ടു) ഇതു കന്നത്തനെകൊണ്ടുപോയിക്കൊടുത്തേ മതിയാവൂ.

കന്നം—അതു പറയാനുണ്ടോ?

മങ്ങാടൻ—കുഞ്ഞിനാനു കല്പിച്ചു പറഞ്ഞയക്കയും—

സാമൂരി—അതും വേണമല്ലോ. ഇതാണാസ്സന്ദേശം:—

* "സൌജന്യക്കൊണ്ടരിയാർത്ഥിപ്രാണിനുയോജിച്ചിതല്ലോ
രാജൻ! യതിച്ചിടമവിടെനമുക്കനാമത്തെന്നേ
ഹേജന്യത്തിനിടപരികിലും നഷ്ടമെന്തുള്ളുപക്ഷേ
സൌജന്യത്തിൽമിലവെഴുതിടാംതമ്മിലൊത്തതുപോരേ?"

മങ്ങാടൻ—(ചിരിച്ചുകൊണ്ടു) നമ്പൂരി ധരിച്ചില്ലേ?.

കന്നം—നല്ലവണ്ണം. എന്നാൽ ഞാൻ പോയിവരട്ടേ.

സാമൂരി—(എണീറ്റ എഴുത്തു കൊടുത്തു ഇരിക്കുന്നു)

കന്നം—(വാങ്ങീട്ടു) ഇനി അവിടെക്കാണാം. (പോയി)

മങ്ങാടൻ—(വിചാരം)ഇതിങ്ങിനെയായി. ഇനിമറെറാന്നു.

സാമൂരി—എന്താ മങ്ങാടാ! പുലിവാല് പിടിച്ചു അല്ലേ?

മങ്ങാടൻ—എറ്റാൻ! അങ്ങിനെയല്ല. അമൃതമഥനത്തിനു വാസുകിയുടെ വാലുപിടിച്ചു എന്നാണ് പറയേണ്ടത്.

സാമൂരി—(ആലോചനയോടുകൂടി) എന്നാലോ മങ്ങാടാ!

മങ്ങാടൻ—വെങ്ങനാട്ടു നമ്പിടിയും മലയരും.

സാമൂരി—അതുകൊണ്ടെന്താവുന്നു? അയാളുടെ കമ്മാളപ്പടയും കെയണ്ണന്മാരും മരവും കുറച്ചല്ലല്ലോ: നോക്കൂ.

* കടലൊടുകിടനിലംനല്ല കമ്മാളവീര
പ്പടയുമിടയിലൊക്കം കെയണ്ണരുംമറ്റുമായി
അടവുപെരിയ പാലക്കാട്ടിരിക്കോന്മിയച്ചൻ
പടനടവിലടുത്താൽക്കാടർ കാടേറുമല്ലോ ൨.

മലയരുടെ നാട്ടുപുത്തനുള്ള യുദ്ധത്തിന്റെ ഗന്ധമേ ഇല്ല.

മങ്ങാടൻ—ശരിയാണത. പക്ഷേ കലഹം കാട്ടിലും മലയിലുംമറ്റുമായാൽക്കഴിഞ്ഞിട്ടില്ലേ? അഥവാ, അവർ നാട്ടുപുറത്തേക്കിറങ്ങുന്നതാണെങ്കിലും വഴി കണ്ടിട്ടുണ്ട. എന്താണെന്നല്ലേ?

* സാമൂരിപ്പടിനെരുക്കപടവിചകുതിയും
പണ്ടസമ്മാന്മായ് ത്തുനാ
മാമൂലംസൽക്കരിച്ചുരിയ കതിരപ
ട്ടത്തെഴും നായരില്ലേ
മാമൂലംവിട്ടുമാറില്ലവരറിവുകൊട്ട
ത്തിട്ടുമുണ്ടെന്നുവേണ്ടൂ
നാമൂഴിക്കുന്നിലുണ്ടെട്ടധികമവിടെയാ
ക്കൂട്ടരും കൂടുകൂട്ടും ൩.

ഏതെങ്കിലും പാലക്കാട്ടിരിപ്പടകൊച്ചിക്കു കടക്കാനി

ടവരില്ല. സംശയംവേണ്ട. അടിയന്റെ ചിന്നെയുംപേടി വെള്ളാട്ടരെക്കായ്ത്തിലാണ്. എന്നാണെന്നോ?

* ഏറാംപ്പാട്ടതി ശുദ്ധനാണൊരുവിധം
നീതിച്ചതിക്കെക്കംകൊ
ണ്ടോറാൻപാട്ടപിടിക്കിലും വെള്ളിവെഴും
വെള്ളാട്ടരെത്തമ്പുരാൻ
ക്രൂരാണെന്നനടിച്ചുനിന്നൊരുതരത്തോക്കി
ത്തിരിഞ്ഞിങ്ങുവെക്കുക
കേറാൻവീറൊടടുത്തുവെങ്കിലുവിട്ട
ന്നസ്സൽവിട്ടസ്സലാം ൩൰

സാമൂരി—അതു് അങ്ങിനെ പാഠീയെന്നും വരാം. മറ്റു മാതിരി ശുദ്ധതയും ചിലപ്പോൾ രുചിത്യമുണ്ടാക്കിത്തീർക്കും. ആട്ടേ, അറിയാമല്ലോ. ഇനി നമുക്കോരോന്നായിട്ടൊരുക്കിത്തുടങ്ങാം.

* തുടിചെമ്പുവാ കാഹളമിത്തരം
നെടിയ വാദ്യഗണം പുതുതാക്കിടാം
വടിവിലെൻ പുലിമുദ്രപെടുന്നുവൻ
കൊടികൾവേണ്ടവിധം ശരിയാക്കിടാം ൭൰

എന്നതന്നെയല്ല.

* ഓരൊ സേനാധിപന്മാക്കുടെടേടരോ
ടൊത്തൊരുങ്ങീട്ടൊരുക്കൻ
പോരോത്തുകൊണ്ടുകൂടുന്നതിനവിടവിടെ
ക്കല്പനകളുമയയ്ക്കാം
ഓരോന്നായ് ക്ഷണത്തിന്നിനിയരി മുതലാ
യൊക്കയും ശേഖരിക്കാം

പോരോട്ടം നല്ലനല്ലായുധനിര പലതും
തിരുത്തു പാണത്തൂവെക്കാം പ.

മങ്ങാടൻ—എടുത്താൽ. ഒരു വിധമൊക്കെ ഒരുക്കിവരുന്നുണ്ട.

* ചേകേട്ടിക്കോയഹാജിക്കറിവെഴുതി മുറ
യ്ക്കുന്ന പൊന്നാനിയെന്നാ
ക്കുഞ്ഞാലോർ കണ്ടുവെട്ടിക്കരവഴിയിലെഴും
മിഷ്ടരെന്നിക്കണക്കിൽ
ഉരുക്കേറുംരണ്ടിനംമാപ്പിളകളടുതിയിൽ
പ്പേരുത്ത പോരിനൊരുങ്ങി
പ്പാക്കേണം നിങ്ങളും മൂന്നാംപിന്നടവതതി
ക്കിഴിലെന്നിപ്രകാരം ന.

സ്സാമൂരി—മാപ്പിളകളാണല്ലോ നമുക്കു വലുതായിട്ടൊരുപക
സൈന്യമുള്ളത. അതേ, പിന്നോ?.

മങ്ങാടൻ—പിന്നെ,

* വീരൻവിശ്രുതവിക്രമത്തികവെഴും
തീയുക്കുനാഥൻനയം
പേറുന്നോരു മഹത്തിൽമൂപ്പനിനിയീ
സ്സാമൂതിരിതന്പുരാൻ
സൈന്യം കേരളനാടടക്കിനടക്കുമ്പോഴുമീഞ്ഞീയുമേ
പോരും പിന്നുണയെന്നുകൊടിയിടെ
ക്കാക്കുന്നതുണ്ടപ്പൊഴും ഫ൦.

സാമൂരി—ആ പട്ടുക്കാർതന്നെ ക്രൂരം പരാക്രമവു മുള്ളവരാ
ണ. അതിൽവെച്ചു മൂപ്പൻ എല്ലാംകൊണ്ടും ഒരു മൂപ്പൻ
തന്നെ. ഇത ഇന്നുള്ളതല്ല. പണ്ടേതന്നെ ഇങ്ങിനെയാ
ണ. മുമ്പൊരിക്കൽ—

* കമ്മാളരൊക്കെയൊരു കല്പനധിക്കരിച്ചു
ഉമ്മാറ്റുമോടിപിടെ നാടുവെടിഞ്ഞിടുമ്പോഠം
ഇമ്മാതിരിക്കുവരെയന്നു മഠത്തിൽ മൂപ്പൻ
വന്മാനിതീയ്യരൊടുമൊത്തു ചിരിച്ചുടക്കി ൧൧.

അന്നുമുതൽക്കാണവുക്കിപ്പേരു കിട്ടിയിരിക്കുന്നത എന്ന കേട്ടിട്ടുണ്ടോ, ചിണ്ണൻ?

മങ്ങാടൻ—പിന്നെ 'പതിനായിരം' 'മുപ്പതിനായിരം' എന്ന പേരോടുകൂടി കാരമ്പള്ളിക്കുറുപ്പിന്റെയും അയ്യായിരപ്പുഭേകത്താവിന്റെയും കീഴിലുള്ള വടക്കുമ്പുറം കിഴക്കുമ്പുറം ഈ നായന്മാരുടെ നിലയതനോ—

സാമൂരി—അതിനിക്കറിയാം, ഇനിക്കറിയാം.

* എന്നാണെൻതമ്പുരാനേ! പടയിനിയടിയ-
ങ്ങാംക്ക കയ്യുക്കുകാട്ടാ
നെന്നായിക്കൊത്തരിപ്പും രണവിരുതുമെഴു-
ന്നിവകക്കാർ നിദാനം
മുന്നാള്ളിന്റെം മുമ്പിൽത്തൊഴുതുതിരുമുഖം
കാണുവാനൊത്തുകൂടി
ചേന്നാരാൽനിന്നുചോടിച്ചിടമവരുടെയു-
ത്സാഹമവണ്ണമല്ലോ ൧൨.

അതിനും പുറമേ,

* ബലമേറുംയോദ്ധാക്കളിലറിയനാലില്ലുമടയോർ
നിലനൂറേരാളൻ മുതൽമതിരുമേറാടികളുമേ
അലക്ഷ്യം കയ്യുക്കുള്ളോരുചെറിയട്ടപാലരുമൊരേ
നിലക്കായുണ്ടല്ലോ പടകളുടെനാഥന്റെപുറമേ ൧൩.

മങ്ങാടൻ—എറാൻ, അത്രതന്നെയല്ല. പരാക്രമികളായ 'പ

രിഷ്മമേനോന്മാരും' പടിഞ്ഞാറന്നാട്ട മുതലായ മിക്കമ
ളിൽനിന്നും വഴിക്കുവഴിയായി വന്ന ചേന്നുകൊള്ളും.

സാമൂരി—ആട്ടെ, തറക്കൽ മേനോനറിയുകൊടുത്തില്ലെ?.

മങ്ങാടൻ—എറ്റൻ: ഉവ്വ്.

* മാനോന്നതനണിക്കണ്ട മേനോൻ വാരിയർ വീയ്യുവാൻ
സ്ഥാനോൽക്കഷ്മൊട്ടംസ്വന്തംസേനോൽക്കടനടൻവരും
അതുതന്നെ പോരാ-

* വേപ്പൂർ, പപ്പൂർ, വെട്ടമെന്നീ മുപ്പൂരിനടയോർകളും
കെല്പേറും പടകൂട്ടിക്കൊണ്ടിപ്പോരിൽപ്പിഞ്ഞണയുമേ ഫല.

പിന്നെ, കൊട്ടങ്ങല്ലൂർ മൂന്നാഞ്ഞൂർ തമ്പുരാനും മുകു
ന്ദത്തു മന്നൂർവീട്ടുകാരോട്ടുള്ളടി മുഞ്ഞിപ്പുറപ്പെട്ടിട്ടുണ്ട.

സാമൂരി—ശരി- പിന്നെ?

മങ്ങാടൻ—പിന്നെ കൊട്ടങ്ങല്ലൂർ വലിയതമ്പുരാനെ ഈ
വിവരമറിയിച്ചതിൽ അവിടുന്നു കിട്ടിയ മറുപടിയിങ്ങി
നെയാണ.✓

സാമൂരി—എങ്ങിനേ?.

മങ്ങാടൻ—അതു നല്ലകാലം. എന്നാൽ-

* ചോറുവാങ്ങിപ്പുറത്തു പുക്കമെന്റെകുട്ടർ, ഞാൻ
തോറുപോയ ചോരഞ്ഞണഞ്ഞതില്ലതിനതിൽ
കുറുകാക്ക കണ്ണിതം വരുന്നതല്ല, കഷ്ടമൊ
ന്നോറുപെന്നതുക്കുവാനുണ്ടവക്കൊരാഗ്രഹം ഫണ.

ഖരട്ടേ- ക്ഷമിക്കു- ഞാൻ പറയുമ്പോൾ മതി എന്നു
പറഞ്ഞവരേ ഒക്കെ നിറുത്തിയിരിക്കയാണ- അവരും,
ഈ നാട്ടുകാരും മാപ്പിളമാരും മറ്റുമായി രണ്ടുനാഴികയുള്ളും
കഴിയുമ്പോഴേക്കു ഞങ്ങളുടെയുള്ളു' എന്നാണ.

സാമൂരി—ഇവരും ഇന്നി വേറേ ഒരു വകക്കാരും പോക്കളത്തിൽ വന്നുകൂടുന്നവരാണാ- അല്ലേ?.

മങ്ങാടൻ—(വിചാരം) വേറേ ഒരു വകക്കാർ പുനാത്തൂർ തമ്പുരാനും സൈന്യവുമായിരിക്കണം- (സ്പഷ്ടം)പോക്കളത്തിൽ എന്നാരുളിച്ചെയ്യുതിനും രണ്ടത്ഥമുണ്ടായിരിക്കാം-

സാമൂരി—(ചിരിച്ചുകൊണ്ട്) എളുപ്പുര നമ്മോട തെറ്റിപ്പോയതോട്ടുകൂടി ഒരു വലിയസാമന്തസൈന്യംപൊയ്പോയി.

മങ്ങാടൻ—നെടുങ്ങീരിപ്പാടനാരുടെ കീഴിലുള്ള നെടുങ്ങാടിപ്പടയല്ലേ? അതെവിടെപ്പോവുന്നു? ഇവിടെയല്ലെങ്കിൽ അവിടേ-

(അണിയറയിൽ കോലാഹലം)

സാമൂരി—എന്തൊരാരവമാണിത്?.

മങ്ങാടൻ—(നോക്കിട്ട) ഓ ഹോ! വലിയ ആൾക്കൂട്ടം!

സാമൂരി—(നോക്കീട്ട) ഛെ! ഈരണ്ടിരക്കിൽകൂടി ആളെമാറിക്കൊണ്ട—

* ഉടുപ്പും തലക്കൊത്തനീരാളമാകം
നെടുന്തൊപ്പിയും ക്ലിക്കിട്ടംവാളുമായി
പടപ്പൊരുൾകാട്ടുന്ന മേൽമീശയുംവെ-
ച്ചടക്കുന്ന നേരിട്ടൊരാളാരിതാവോ? ൬൭.

അല്ലാ!! നമ്മുടെ ഗോപാലൻ തമ്പുനോരല്ലേ ഇത! ഈ മേൽമീശയും വേഷവും മറ്റും കണ്ടിട്ടാണും മനസ്സിലായില്ലതാനും.

ഗോപാലൻ തമ്പുനോർ—(പ്രവേശിച്ചിട്ട) എതുദിവസമായി ഞാനെൻറെ തമ്പുരാനേക്കണ്ടു തൊഴുതിട്ട! അഥവാ, ഇങ്ങിനെയുള്ള മഹാന്മാരായിട്ട, അടുത്തുനിൽക്കുന്നതും അകന്നുപോകുന്നതും രണ്ടും രണ്ടുവിധമാണ രസം എന്നേയുള്ളൂ.

* ഓരോരോദേശയാത്രക്കിടയിലകലെയെൻ
തമ്പുരാൻതൻ പുകഴ്പ്പെ-
പ്പോരോരോന്നായ്സ്ത്രീകണ്ണാളുകമലരിൽ-
പ്പെയ്യിട്ടും പ്രീതിവേറെ
നേരോടേമുന്നിൽനിന്നിട്ടടിമലർകൊഴുതു-
കൊണ്ടുതാൻ തിന്നാചോറ്റിൽ
ക്രൂരോരോന്നായ്നടത്തും ക്രിയകളിൽ വെളിവാ-
ക്കുന്നൊരാ നന്ദിയേറേ ഫവ്വ.

രണ്ടും ഞാനറിഞ്ഞുറിഞ്ഞു- ഇനിത്തമ്പുരാന്റെ തിരുമുമ്പിൽ ചെല്ലുകതന്നെ. (ചുറ്റിനടക്കുന്നു)

മങ്ങാടൻ—നാലഞ്ചു കൊല്ലമായിട്ടു ദേശസഞ്ചാരം ചെയ്തിരുന്ന ഈ മഹാൻ, ഈ അവസരത്തിൽ ഇവിടെ വന്നു ചേർന്നതു ഈശ്വരാളുടെ ഉള്ളിലുള്ള സ്വാമിഭക്തിയുടെ ആകർഷണംകൊണ്ടുതന്നെയായിരിക്കും.

ഗോപാ—(അടുത്തുചെന്നു വന്ദിക്കുന്നു)

സാമൂരി—അഹഃ- ഗോപാലൻ നല്ല ശിക്ഷ! വളരെക്കാലമായി കണ്ടിട്ട- എവിടെയായിരുന്നു ഇത്രനാളും?.

ഗോപാ—എന്റെ- അടിയൻ ഇവിടം വിട്ടു വിടകൊണ്ടിട്ടു ഈ അഞ്ചു കൊല്ലത്തിന്നിടയിൽ പല രാജ്യങ്ങളിലും സഞ്ചരിക്കയുണ്ടായി- എന്നാൽ—

* അവിടവിടെയവനിവാസിക
ളിവിടുത്തെപ്പുകഴാപെരുന്നതിരുനാമം
അവികലമോതിക്കേട്ടേൻ
ചെവികൊണ്ടതിലടിയനെത്ര വളരെ രസം ഫന്ന.

സാമൂരി—അതൊക്കെപ്പോട്ടെ- അത്ഥവാദം,
(അണിയറയിൽ പിന്നെയും ലഹള)

മങ്ങാടൻ—എന്താണിതെ അതാകട്ടവും ലഹളയും? നാട്ട കാക്ക നിങ്ങളേക്കണ്ടിട്ടുള്ള സന്തോഷന്തന്നേ, അല്ലേ?.

ഗോപാ—അതല്ലാ.

സാമൂരി—(നോക്കീട്ട) അട- അതു!! ഈ കൂട്ടരാണീഘോഷത്തിനോക്കെക്കാരണം- നോക്കു നോക്കു.

* ചെമ്പിച്ചീടിനകേശവും മിഴികളും വൻതാടിയും മിശയും
ഞ്ഞിച്ചീടിനപുണ്ടകോംകിടയിലായ്ടംഷ്ടോഗ്രദന്തങ്ങളും
വമ്പിച്ചീടിനദേഹമാസകലവും മൂടുന്നരോമങ്ങളും
മുമ്പിൽച്ചിതമിവണ്ണമുണ്ടൊരുവകക്കാരെന്തുജന്തുക്കളോ.

ഗോപാ—ഇവർ കാപ്പിരികളാണ- നല്ലഭ്യാസികളാണ- മുമ്പൊരിക്കൽ കരമൊടുക്കം, നേന്ത്രവാഴക്കന്നം, അരിപ്പൊന്നും അയച്ചുകൊടുത്തതിന്ന കാർമ്മീരരാജാവിവിടക്ക സമ്മാനമായയച്ചു തന്നിട്ടുള്ളവരാണ- ഒരറ്റണ്ണമുണ്ട- അടിയൻ ഇവരേക്കുറേ വഴി നടത്തിക്കൊണ്ടുപോന്നിട്ട "ബെമ്പ" എന്നൊരു ടിക്കിൽ വെച്ചു ചില കച്ചിക്കാരുടെ കയ്യോടക്കപ്പലിൽക്കയറി സമുദ്രവഴിക്കാണിവിടെ എത്തിച്ചത.

മങ്ങാടൻ—ഏറാംപ്പാട്ടിലെത്തുല്യപദവിയുള്ള കോഴിക്കോട്ട നായരായ ഇട്ടേഛം ഈ അവസരത്തിൽ ഈ ഒരു പുതിയ സൈന്യവുംകൊണ്ടുവന്നതു വളരെ ഉചിതമായി.

ഗോപാ—(ശങ്കയോടുകൂടി) എന്താ ഇപ്പോഛം വിശേഷം?

മങ്ങാടൻ—അതൊക്കെ പിന്നുപ്പറയാം.

സാമൂരി—അതേ. ഇവരുടെ അഭ്യാസം എതൊരു മാതിരിയാണ്?.

ഗോപാ—അതോ, ഉണത്തിക്കാം.

എന്തെന്തായുധമെപ്പോഴേതുവിധമാ
യെല്ലിക്കിലുംപറവുകി

ല്ലെന്തും തൽക്ഷണ മിപ്പിവരെ കളിയാ
കൈത്തണ്ടയാൽത്തട്ടിമേ
സ്വന്തം കൈകഠോരമയക്കിയാലടവിലേ
തട്ടാസിയേയുംമറി
ച്ചന്തത്തോട്ടടക്കുമിങ്ങിനെവെറു
ങ്കയ്യാങ്കളിക്കാരിവർ ൦൮.

സാമൂരി—ആഃ ഛാഃ! എന്നാൽ ഇവരുടെ കളിയൊന്നു കാണണം. സംശയമില്ല.

ഗോപാ—എടാൻ, എന്നാൽ ഇപ്പോഴത്തെന്നെയാവുന്നതല്ലേ നല്ലത്? ഈ ആഗ്രഹവും സന്തോഷിക്കട്ടേ.

സാമൂരി—അങ്ങിനെയാവട്ടേ.

മങ്ങാടൻ—നമ്മുടെ മാപ്പിളമാരിൽപ്പിലരും ഇവരിൽപ്പിലരും തമ്മിലായാട്ടേ അഭ്യാസപ്രയോഗം, അല്ലേ?.

ഗോപാ—ഓ ഹോ.

സാമൂരി—കൊള്ളാം, അതുകൊള്ളാം. (എണീറ്റിട്ട്)

* ചിരന്താനേ വാളുംപരിചയുമെടുത്തുള്ളമോയിൽ-
പ്പുരന്തിൻപ്രാക്കംനൽത്തടവുമടവും വെട്ടിവെയ്
ചിരന്തമ്മിൽത്തമ്മിൽപ്പൊരുതിവിരുതാംമാപ്പിളകളായ്
വെറുന്തൻകയ്യാങ്ങിപ്പരിഷയെരുകൊണ്ടാൽബ്ഭയരസം.

ഉടനേ ഇവരേ ആയുധങ്ങളിലും ശീലിപ്പിക്കണം-

(എല്ലാവരും പോയി)

മൂന്നാമങ്കം കഴിഞ്ഞു.

നാലാം അങ്കം.

(അനന്തരം കൊച്ചുണ്ണിത്തിരുമുല്പാടും ഗോവു നാരായണിയമ്മയും പ്രവേശിക്കുന്നു)

നാരായണി—അതേ- ഇവിടന്നു കൊടുങ്ങല്ലൂക്കു പോയിട്ടുള്ള കഥയെന്താണു്.

കൊച്ചുണ്ണി—അതോ- അവിടെയിപ്പോഠം—

ആണുങ്ങടംവീടതോരും
നാണക്കൊണ്ടൊരുത്തു പെണ്ണിനേപ്പോലേ
യാണുപരു വീരായിത
മണ്ണു പടിക്കുന്നതെന്തുപറയേണ്ടു ഫ.

നാരായണി—എന്ത്! ആണുംപെണ്ണും മനുഷ്യരെപോലെയാണോ? എന്നാൽ പെടിക്കണം.

കൊച്ചുണ്ണി—ശരിയാണു- പക്ഷേ, കുറച്ചു കേൾക്കുണ്ടു- ആണുങ്ങളായുധങ്കൊണ്ടാണു് വീരായിതം പടിക്കുന്നതു- പെണ്ണുങ്ങടം വെറും മെയ്യിട്ടുകൊണ്ടാണു.

നാരായണി—അതേ തമ്പുരാന്റെ സ്ഥിതിയെങ്ങിനേ? അതറിയാൻവേണ്ടിയല്ലേ ഇവിടന്നങ്ങോട്ടു പോയതു്.

കൊച്ചുണ്ണി—ഇതുകൊണ്ടു തമ്പുരാന്റെ നിലയും ഊഹിക്കുമല്ലോ? എന്തു പറയുന്നു! വിചാരിച്ചതുപോലെയൊന്നുമല്ലകാര്യം.

* ഇയ്യുഴിപതിയോരാടു കരുതൽ
കയ്യിൽപ്പെട്ടുപാമ്പുപോ-
ലായുത്തതിനിയെന്നുമോർത്തിതു കൊടുങ്ങ
ല്ലൂക്കു പോകുമ്പോഠം ഞാൻ
ഇയ്യുഴം,മതിയൊന്നു മാറിയവിട്ടുനാ
ട്ടെന്തുകേമൻ, വിഷം
പോയുക്കാറവിധത്തിലല്ല പകയു
ങ്കൊണ്ടാണുപാർക്കുന്നതും ഉ.

അവിടെയുള്ള വലിയ ചിൻപലമുണ്ടുതാനും- കണ്ടിയിരിക്കണം- ഈ വിവിരം ഞാൻ നമ്മുടെ വലിയ തമ്പുരാ

നെ ഉണർത്തിക്കയും ചെയ്യ- ഏതെങ്കിലും അധികം താമസിക്കാതെ ഒരു വലിയ യുദ്ധവും കൂടി ഉണ്ടാവാനാണു വഴികാണുന്നതു.

നാരായണി—അതു വിചാരിക്കുമ്പോളാണിനിക്കു പേടി.

കൊച്ചുണ്ണി—അതിനെന്താ പേടിക്കാനുള്ളതു?

നാരായണി—ഇവിടത്തെപ്പോലെയുള്ളവീരന്മാർക്കു പേടിക്കാനൊന്നുമില്ലായിരിക്കാം- പക്ഷേ, എനിക്കപ്പോലെയുള്ള ഭീരുജനത്തിനു ഭയന്തന്നെ.

കൊച്ചുണ്ണി—ഛെ ഛെ: അങ്ങിനെയല്ല, അല്ലേ! വീരപ്പിയേ! വിചാരിച്ചുനോക്കു.

* വീരൻവൈരിവധംകഴിച്ചുമുറിയേറാത്ത
പ്രിയൻവന്നിട്ടു-
ന്നേരംചോരചകർന്നുപുൽകിനരസം
വീരപ്രിയയുള്ളില്ലയോ
സാരംഗാക്ഷി! മറിച്ചുഭീരുചടയിൽത്തോ-
റോടിയെത്തുംവരൻ
ചേരുമ്പോഴം മടവാർകളേപ്പരിഹസി-
ക്കില്ലേ? വെറുംദാസിയും ന.

നാരായണി—അതൊക്കെശ്ശരിയാണു- എങ്കിലും യുദ്ധം എന്നുവെച്ചാൽ പ്രാണനേക്കാണുള്ള ഒരു കളിയാട്ടമാണ. അതു വിചാരിക്കുമ്പോഴേ?

കൊച്ചുണ്ണി—അതു വാസ്തവന്തന്നെ. എന്നാൽ, പാലിയത്തു വലിയച്ഛനും രാജാവത്തു നിന്നെത്തിയല്ലൊ.

* ബുദ്ധികൃത്തനുപമന്ത്രിവീരനും
ശക്തികൂടിയമഹീമണാളനും
ഒത്തുകൂടിയിനിയെത്തതെന്നെയും-
പത്തുകൂട്ടികിലുമില്ലൊരോഭയം ര.

അച്ചായ്യനായ ചേന്നാസ്സു നമ്പൂരിപ്പാട്ടം തിരുമനപ്പി
ലേക്കു പോയിട്ടുണ്ട- ഇന്നവിടെ നല്ല ആലോചനയാ
വും- എന്തെല്ലാമാണെന്നു വഴിയേ അറിയാം. ഈ വർത്ത
മാനം എന്റെ സ്വാമിയായ മൂന്നാംകൂറു തമ്പുരാനേ അറി
യിച്ചുവരാം.

നാരായണി—ശേഷം വരില്ലേ?

കൊച്ചുണ്ണി—ഉവ്വ് ഉവ്വ്- അകത്തേക്കു ചോറെടുപ്പുള്ളൂ.

നാരായണി—അങ്ങിനെതന്നെ (പോയി)

കൊച്ചുണ്ണി—ഏതെങ്കിലും, ഒരു നല്ല യുദ്ധം നിശ്ചയം.

* ക്ഷയ്യേ! വാളേ! കട്ടബലമൊട്ടും കണ്ടശത്രുക്കൾപൊയ്യും
കയ്യേറത്തിൽക്കരണകറയുംനിങ്ങൾ കൺവെച്ചുനില്പിൻ
ചെയ്യേണ്ടുന്നാകിയകളടനേ തമ്പുരാൻ തീച്ചയാക്കും
വയ്യേ ഹിംസക്കിനിമടി നിനക്കെൻമനസ്സേ! നമസ്തേ ൫.

(പോയി) വിഷ്കംഭം കഴിഞ്ഞു.

(അനന്തരം വലിയ തമ്പുരാനും ചേന്നാസ്സു നമ്പൂ
രിപ്പാട്ടം പാലിയത്തു വലിയച്ഛനും ഇന്നവരെക്കൊണ്ട പ്രവേ
ശിക്കുന്നു)

ചേന്നാസ്സു—വലിയച്ഛൻ പോയതിന്റെശേഷം ഇവിടേ
യുണ്ടായ വിശേഷങ്ങളൊക്കെ കേട്ടില്ലേ?

പാലി—ഒട്ടു ചിലതൊക്കെകേട്ടു. കേട്ടേടത്തോളം വൈ
ക്ഷമ്യമന്നോ. എന്താണെന്നല്ലേ?

* ധർമ്മം, കായ്യാവബോധം, പ്രജകളിലതിര
ഞ്ഞിപ്പു, നീതിക്കുതട്ടം
മർമ്മം കാട്ടായ്ക, തൊട്ടുള്ളവനിപഗുണ വൻ
പേറുമെൻ തമ്പുരാനും

ഇമ്മട്ടിൽക്കോടിലിംഗക്ഷിതിപനെ വെറുതേ
കീഴടക്കേന്നൊരാറ
ക്കമ്മത്തിൽത്തെറവപറ്റീ നിജനിലകരുതീ-
ലൊട്ടുമെന്നെന്നൊരപക്ഷം ന്യ.

വലിയ__(ആലോചനയോടുകൂടി വിചാരം) എന്താണിതു? എളമിലെ അഭിപ്രായമന്നെയായിരിക്കുമോ ഈ മഹാനും കണ്ടിരിക്കുന്നതു?

ചേനാസ്സു__അതെന്താണു?

പാലി__ഇതറിയാനതു വിഷമമില്ലല്ലോ- കൊട്ടങ്ങല്ലൂർത്തമ്പുരാനു വലിയ ബന്ധുവായിട്ടുള്ളതു സാമൂതിരിപ്പാടാണു- എന്നാൽ, സ്വഭാവേന തന്നെ നമുക്കാ മഹാനേപ്പേടിച്ചുകൊണ്ടിരിക്കേണ്ടതാണു- എന്തുകൊണ്ടെന്നാൽ, അവിടുന്നതൃസ്സാഹിയുംശക്തനുമാണു- വിശേഷിച്ചു,

* ബ്രഹ്മക്ഷത്രനികേതനേശ്വരനിശം
വേദംമുഴക്കുന്നോരാ
ബ്രഹ്മസ്വമ്മഠമുള്ളനല്ലശിവപേരു-
രെന്ന പുണ്യസ്ഥലം
ധർമ്മം, നീതി, ബലം, ചെലത്തിവചെയ്തന്നൊൻ
തമ്പുരാനേയുമാം-
ക്കമ്മംകൊണ്ടു ജയിച്ചടക്കുവതിനാ-
ണാവീരനത്യാഗ്രഹം ൬.

അതിനനുകൂലമായിത്തന്നേ,

* ഭാരതപ്പുഴയക്കരെയുള്ളൂ-
ഭാരതനാടിഹ കയ്യിലാകിലും
പോരുകൊണ്ടധികലാഭമെന്നുമാം
പ്പോരുകൊണ്ടു കരുതുന്നമന്ത്രിയും പ.

അങ്ങിനെയിരിക്കുമ്പോൾ, ഇത് "കേറാൻ പോകുന്ന കരടനൊരേണിവെച്ചു കൊടുക്കുക" എന്നായിത്തീർന്നിരിക്കുന്നു- തീപ്പെട്ട വലിയതമ്പുരാനെ ഈ മരു ചെറിയ രാജ്യം പിടിക്കാൻ ശക്തിയില്ലാഞ്ഞിട്ടാണോ ഇതിലേക്ക് ഷ്ടിവെക്കാഞ്ഞത്? ഇമ്മൊന്നും ഇവിടുന്നു കല്പിച്ചാലോചിക്കാഞ്ഞതെന്തേ?.

വലിയ—അപ്പോൾ ഇതൊന്നും അതു കരുതിയില്ല. ജയത്തിനൊരുവഴികണ്ടപ്പോൾ അങ്ങോട്ടുചാഞ്ഞു മനസ്സ്, എന്നേ പറയേണ്ടൂ. ചെറിയമേനോനും യുദ്ധത്തിനതന്നേയായിരുന്നു അത്യുത്സാഹം.

പാലി—"ഗില്ക്കാശ്ശ കൊട്ടത്തു ചെമ്പുകാശ്ശ മാരുന കച്ചോടം" എന്തിനു വിടകൊള്ളുന്നു. ഇതൊക്കെ അങ്ങിയന്റെ അതലോചനക്കുറവാണ.

* ചൊല്ലേറും രാജമന്ത്രിസ്ഥിതിയെഴുമടിയൻ
കേവലം തീത്തയാത്ത
യുല്ലേ ചാടിച്ചുപ്പെട്ടു, പണിചകരം
നോക്കിട്ടുനായവനോ
കില്ലേതും വിട്ടുകിട്ടും രണഭയമുരസം,
ചെറുമാലോചനക്കു
യില്ലോറം മുച്ചകുടം മതിയിലുമസിയിൽ
പ്രീതികൂടീടുമല്ലോ ന.

ആട്ടേ, എളയതമ്പുരാൻ അതലോചനാബുദ്ധിയുള്ളാളാണെല്ലോ. അവിടുന്നിതിനു വിരോധമായിട്ട തിരുവെഴുത്തയച്ചിട്ടും മറുപടിപോലും കൊടുക്കാതിരുന്നതും ഇതുപോലെ മറൊരു സാഹസം എന്നല്ലേ പറയേണ്ടത്?.

വലിയ—ജയം കഴിഞ്ഞതിന്റെശേഷമേഞാനാവർത്തമാനത്തെകേട്ടുള്ളു. പിന്നെ മറുപടിയയച്ചിട്ടെന്താണുഫലം?

പാലി—എന്നാൽ, അതും അടിയന്റെ അടിക്കിടാവിന്റെ യുധിഭ്രാന്തിന്റെ ഒഴുക്കിലൊലിച്ചുപോയിരിക്കാം. ഛെ ഛെഃ- അതൊട്ടും നന്നായില്ല. അവിടെയ്ക്കുന്തോന്നും?:

മേനാസ്സു—ശരിയാണത. മുമ്പേ തന്നെ എളയരാജാവിനേ ഇവിടുന്നതെ അടക്കുന്നില്ലെന്നും മറ്റും ഒരു കിംവദന്തിയുണ്ട.

വലിയ—കിംവദന്തിയോ? എന്താണിങ്ങിനെയൊരു ജനശ്രുതിയുണ്ടാവാൻ കാരണം?.

പാലി—അതടിയൻ വിടകൊള്ളാം. ഇവിടുന്ന അനന്തരവന്മാരെയൊക്കെ ഒരു നിലയിലാണ വിചാരിച്ചു വരുന്നത. എന്നാൽ,

* സ്വന്തം തായ്വഴി വിട്ടകന്നമയവും
മായാലിവശ്ശത്തെയ-
ന്യന്തംനന്മയൊടാദരിക്കണമവ-
ക്കുള്ളൊക്കുവാൻ ഒഴ്വടം
എന്തെന്നില്ല പെരുത്തടുത്തവരുമീ-
സ്വന്തിന്റെ കായ്ത്തിലാ-
ലൊന്തെന്നിവക നോക്കിടാതിടയുമേ,
ലോകത്തിൽ ചിന്തംവിഷം ൫൦.

വലിയ—ശരിയാണത. ഞാനീവിഷയത്തിൽക്കുറച്ചുദാസീനത കാണിച്ചിരുന്നു.

മേനാസ്സു—എന്തിനധികംപറയുന്നു? ഇവിടുന്ന ഈ തെക്കേക്കോവിലകത്തേക്ക മാത്രമേ രാജ്യാവകാശമുള്ളു എന്നാക്കിത്തീർക്കുവാൻ നോക്കുന്നുണ്ടെന്നും കൂടി സംസാരമുണ്ട.

പാലി—(ശങ്കയോടുകൂടി) അഹഹാഃ! ഇതിനെന്താ സംഗതി?.

വലിയ—(പുഞ്ചിരിയോടുകൂടി) അതോ? ഇവിടെമഹാജ്യോതിഷിയായ ഒരു തെലുങ്കശാസ്ത്രിക്കും വന്നിരുന്നു. അയാളേക്കൊണ്ടു കുടുംബസംബന്ധമായിട്ടൊരു പ്രശ്നം വെപ്പിച്ചതിൽ, "ഇന്നിക്കുറഞ്ഞും വഡിച്ചും ഇരിക്കുന്ന ഈ കൊച്ചിരാജ്യത്തിന്റെ അധിപത്യം ഇതേക്കേക്കോവിലകത്തേക്കുമാത്രമായിത്തീരു"മെന്നും "പിന്നെക്രമങ്കൊണ്ട് ഈ രാജ്യം കല്ലോടക്കാരായിട്ടുവീഴാന്തരത്തിൽനിന്നു വന്നിറങ്ങിട്ടുള്ള ചില വെള്ളക്കാരുടെ കീഴിലായിപ്പോകു"മെന്നും മറ്റും അയാൾ ഫലം പറകയുണ്ടായി.

പാലി—ശരി. പിന്നെ, "കോവിലകത്തുമെന്നും കൊടിക്കൽപ്പാട്ട്" എന്നു നിലയിലായിരിക്കും അല്ലേ? എങ്കിലും, ഇതു വലിയ അനർത്ഥമായിത്തീർന്നു നിശ്ചയം. ഏന്താണെന്നല്ലേ?

* യുവനൃപനിന്നറിയുമളവീ
യുവനിലടിക്കേണ്ട വഴിവിചാരിക്കും
അവശമഗജലധി നായക
നവർകളെ യെങ്ങാനുമാശ്രയിച്ചേക്കും ഫഫ.

വലിയ—അങ്ങിനെ വരുമോ? അതുണ്ടായില്ല. അയാളുത്തവിഡ്ഢിയല്ലെല്ലോ.

പാലി—അല്ലാ. എല്ലാംകൊണ്ടും അതിപ്രബലനായ സാമൂതിരിപ്പാട് യുദ്ധത്തിനു വന്നാൽ വേണ്ടതുക്കു കരുക്കുണ്ടാം ചെയ്യാനിവിടെ വൈകിയിരിക്കുന്നു.

* മങ്ങാടനാണവിടെ മന്ത്രി മഹാസമർത്ഥൻ
ചങ്ങാതി ഭേദവിധിനോക്കിയൊരുക്കമാട്യം
ഇങ്ങായതൊന്നുമറിയാതെയടങ്ങിവാണാൽ
മങ്ങാതെ വൈരികുലംവളഞ്ഞിഹ നാടുനേടും ഫഭ.

ഷേനാസ്സു—ശരിയാണ വലിയച്ചൻ പറയുന്നത- ഉദാസീനത ഒട്ടും കണക്കല്ല.

വലിയ—അതിനെന്താ? "ഭേദത്തിനെതുഭേദം" എന്നല്ലേ നിതി? നമുക്കും ചില വിദ്യകളെടുക്കുതന്നേ.

പാലി—എനാൻ- പക്ഷേ കാലം അതിക്രമിച്ചിരിക്കുന്നു.

വലിയ—ഇല്ല, അതിനു വഴിയുണ്ട.

പാലി—എന്താണതു?.

വലിയ—അതു പറയാം,

* ഏളംകുരം സാമൂരിയുമൊരു മലന്തക്കവഴിപൊ
ക്കളംകേരുന്നാടംക്കാർ മരണമണയുംവണ്ണമവിടേ
തിളയ്ക്കുംവിരോക്ഷസ്ഥിതിയിൽ നിലവാണായെളമിലേ
ത്തളയ്ക്കുന്നു വെള്ളാട്ടരയുപതി നീതിക്കയറിനാൽ ഫണ.

പാലി—ഇതടിയനുംകേട്ടുക്കയുണ്ടായി- പക്ഷേ, അങ്ങോട്ടോ ഇങ്ങോട്ടോ നീതിക്കയറുകൊണ്ടു കെട്ടിയിരിക്കുന്നതെന്ന അടിയനു തീച്ചയായിട്ടില്ല.

വലിയ—അതു സംശയിക്കാനില്ല- എന്താണെന്നല്ലേ?

* മുമ്പേ വെള്ളക്കുനാരിയ്ക്കുവശതര മെളം
കുരുതോല്പുന്നവെന്നായ്
ത്തൻപേരിൽപ്പോദ്ധ്യുമായിട്ടടവെഴുമവിട്ട
ന്നാക്കു കേരിക്ഷണിച്ചു
വൻപേരുന്നോയ സാമൂതിരിയൊടുപൊരുതാ
നാവതല്ലായ്കകൊണ്ടി
ട്ടൻപേലും ശത്രുപക്ഷത്തെയുമൊടുവിലെളം
കുരുവെന്നാശ്രയിച്ചു ഫര.

അങ്ങിനെയാണന്നായിട്ടുള്ളത.

പാലി—എനാൻ- അതൊക്കെശ്ശരിയാണ- എങ്കിലും അടിയനു വിശ്വാസം വരുന്നില്ല- (വിചാരം) ഈ വർത്തമാ

നം കേട്ടപ്പോൾത്തന്നേ, വെള്ളാട്ടരെത്തന്പുരാനോട് കരുതിയിരിക്കണമെന്നറിയിപ്പാൻവേണ്ടി ഞാനൊരാളേ വിട്ടിട്ടുണ്ട്.

ചേനാസ്സ—ഇതു വെറുതേയുള്ള ഒഴുക്കയല്ലേ? വിചാരിച്ചു നോക്കൂ.

* കളങ്കംകൂടാതുള്ളൊരു പരമശുദ്ധപ്രകൃതിയാ
മെളംകുറോ, നീതിച്ചതിമതകാട്ടുന്നചലനാമം
ഉളുക്കെല്ലാംകാണും വെളിവുടയവെള്ളാട്ടരെ ഇപ്പ
ന്നെളുപ്പത്തിൽപ്പറ്റാ,ദ്ധരപരമ്മിശ്രവിധികരം ഫരം.

വലിയ—നമ്പൂരിപറഞ്ഞതു കായ്യമാണ്. എന്നതന്നായല്ല, വെള്ളാക്കനാരിയുടെ സഹായങ്കൊണ്ടാണല്ലോ അതു മലയുടെ കായ്യത്തിൽ ഒരുവിധം മടങ്ങാതെ നിന്നതും. അതൊക്കെക്കേവലം മാനുഷകൃതമല്ലെന്നു കാണിച്ചാനെങ്കുറിനു ധൈയ്യം വരില്ല. സംശയമില്ല.

പാലി—(വിചാരം) മങ്ങാടന്റെ നീതികളെത്തെല്ലാമാണെന്നും എങ്ങിനെയെല്ലാം കലാശിക്കുമെന്നും അതുകൊണ്ടു ഉപഹിച്ചുകൂട്ടുന്നതല്ല. (സ്പഷ്ടം) ഞാട്ടേ, നമുക്കു സൈന്യം ശ്രേഖരിക്കുന്നതിനെപ്പറ്റി ആലോചിക്കുക.

വലിയ—അതിലേക്കിയിടെ വേണ്ട കരുതലൊക്കെച്ചെയ്തു വെച്ചിട്ടുണ്ട്. ഒന്നാമതു നമുക്കു, പാലക്കാട്ടിരിക്കോവിലകത്തെ സൈന്യത്തിൽനിന്നാണു വലിയ ഒരു സഹായം കിട്ടുവാനുള്ളതു. അതിനുവിടയുള്ള ദൂതനേ അയച്ചിട്ടുണ്ട്, മറുപടിയും കിട്ടി.

എന്നാൽ ക്കുമാള കൊടുപ്പുടകളൊട്ട സമം
കൊച്ചിയച്ചൻ സഹായ
ത്തിന്നായ്വന്നെത്തുമല്ലോ മമതയൊട്ടധികം
നാലു നാളിന്നകത്താൻ

പാലി— ഒന്നാണെൻപക്ഷമീസ്സംഗതിയെ മതിമയ
ക്കുന്ന മങ്ങാടനോത്തി
ലെന്നാൽക്കായ്യംഫലിച്ചു, വിരുതനവനതിൽ
കണ്ണുവെച്ചാൽച്ചതിച്ചു ഹന്ന.

വലിയ—എന്ത്? അയാളെ ഇത ശങ്കയോ? പിന്നേ- പെ
ള്ളക്കനാരിയും, ഏള്ളംക്കുറിനോടൊന്നിച്ചു, നമുക്ക സഹാ
യിപ്പാൻവേണ്ടി അവരവരുടെ സൈന്യങ്ങളോടുകൂടി
യെത്തിക്കൊള്ളുമെന്ന അവിടുന്നതന്നെ ഉതനേ. ഇ
ങ്ങോട്ടയച്ചിട്ടുണ്ട.

മഹാരണത്തിനതു മീനമുക്
സഹായമാ മേറവുമെന്നുറയ്ക്കാം.

പാലി— * ഇഹാരി മങ്ങാടനെട്ടത്തതത്ര
വിഹാരമില്ലെങ്കിലതും നടക്കും. ഹ്രീ.

വലിയ—ഇതുരണ്ടിനും പുറമേനമുടെ കീഴിലുള്ള പറപൂർ,
ആലങ്ങാട്, മതലായ നാടുകളിലേ രാജാക്കന്മാരും ആ
റുനാട്ടിൽപ്പട്ടക്കന്മാരും, അവരവരുടെ സൈന്യങ്ങളോ
ടുകൂടിത്തെയ്യാറുണ്ട.

പാലി—(വിചാരം) ഇവരുടെയിടയിൽ മങ്ങാടന്റെ മന്ത്രം
കടന്നുകൂടിട്ടുണ്ടായിരിക്കില്ല. (സ്പഷ്ടം) മുപ്പാഴുപുഴ മതലായ
കിഴക്കൻ ദിക്കുകളിലേ കൂത്താക്കന്മാരും ഒരുങ്ങിട്ടുണ്ടാ
യിരിക്കും- ഇല്ലേ?.

വലിയ— ഉവ്വ ഉവ്വ്.

പാലി—കരിങ്കുമ്പിള്ളി, പറവള്ളി, മാരാമിറ്റം, ഇവ നമ്പൂ
രിപ്പാടന്മാരുടെ കീഴിലുള്ള ഗ്രാമണിപ്പടയോ?.

വലിയ—അതു പിന്നെപ്പറയാനുണ്ടോ?.

* നാമത്രേ കേരളത്തിനധിപരെയവരോ
ധിയ്ക്കു മാറീടുകിങ്ങീ-

കൈമുഖ്യം പണ്ടുപണ്ടുള്ളതുപരനിതിനാ-
ലുണ്ട മാറാംവരത്താൻ
ഈ മട്ടോരോന്നുമന്നിച്ചുതിപട്ടതപെട്ടം
ഗ്രാമണിക്കുട്ടർ ചോരിൽ
സ്സാമത്ഥ്യങ്കൊണ്ടവാളും പരിചയുമരികിൽ
ചേർത്തു സന്നദ്ധരത്രേ ൧൫.

ചേനാസ്സ—ഇവർ പണ്ടുപണ്ടേ ചേരമാപെരുമാളന്മാക്കും മുമ്പേ കേരളം രക്ഷിച്ച വാണിരുന്ന മഹാ കലിനന്മാരാണല്ലോ.

പാലി—വയ്ക്കം തമ്പാക്കന്മാർ തിരുമല്ലാടന്മാർ ഇവരുടെ ക്ഷത്രിയപ്പട്ടമോ?

വലിയ—അതു നമ്മുടെ കൊച്ചുണ്ണിയുടെ കീഴിലാണല്ലോ. പിന്നെ ജ്ഞാതന്മാർ, നസ്രാണികൾ, കൂട്ടമ്മികൾ, ഈ മൂന്നു വർഗ്ഗക്കാരും തെയ്യാറുണ്ട.

പാലി—അതേ. പുലാമ്പള്ളിക്കുറുപ്പന്മാരുടെ കീഴിലുള്ള ചേർത്തലനായന്മാരുടെ പടയോ?

വലിയ—ആ നായന്മാരൊക്കെ കരുത്തിനില്ലാത്തവരല്ല. കുറുപ്പന്മാരുടെ കഥ സംശയമാണ്.

പാലി—എന്താണത്?

വലിയ—കൊട്ടങ്ങല്ലൂർ നാട്ടിനേ സംബന്ധിച്ചാണ യുദ്ധം എങ്കിൽ അവരില്ല. അങ്ങിനെയല്ലേ, കരാറുള്ളത്?

ചേനാസ്സ—അവരിനും പണ്ടത്തേ ക്രമവിടാതെ നിലനിന്നു, അതേ. കൊട്ടങ്ങല്ലൂക്കാരേതുനിലയിലാണ്?.

വലിയ—അവരെ ഈ വിചാരം അറിയിച്ചിട്ടേ ഇല്ല. എന്താണെന്നോ?.

* പതിനെട്ടരാകുളംവരെ
യതിരിട്ടൊരുനാട്ടകംപിടിച്ചാലും

അതിലുള്ളനാട്ടുകാരും
ക്ഷിതിപനുമിടയിൽത്തിരിഞ്ഞിടഞ്ഞേയ്യും ഫനം.

അങ്ങിനെയല്ലേ?.

പാലി—എന്താൻ, അവിടുന്നാല്ലേ ഈ വരാൻ പോകുന്ന യുദ്ധത്തിന്റെ ഉത്ഭവമന്നെ. എന്നാൽ, അറിയിച്ചില്ലെങ്കിലും അവർ യുദ്ധത്തിനു വരാതിരിക്കില്ല. പക്ഷെ, മറുഭാഗത്താണെന്നേ ഉള്ളു. പിന്നേ?.

വലിയ—പിന്നെ, നമ്മുടെ നാട്ടിലുള്ള വടക്കരുടെ കഥയാണ. അവരേ, ഒക്കെക്കൂട്ടിച്ചേർത്ത ഒരു വലിയ പടയൊരുക്കവാൻ എളമിലേക്കെഴുതിയയച്ചിരുന്നു.

പാലി—(ശങ്കയോടുകൂടിച്ചിരിച്ചുകൊണ്ട്) ആഃ ഹാഃ! എന്നിട്ടോ?.

വലിയ—ഞാൻ വിദ്വാൻ അതിനൊന്നും മറുപടിയയച്ചില്ല.

പാലി—(സംഭ്രമത്തോടുകൂടി) എന്ത്?.

വലിയ—വരട്ടേ, കേൾക്കു. എന്നാൽ, എഴുത്തുകൊണ്ടുപോയ ആളോടിങ്ങിനെ പറഞ്ഞു.

പാലി—എങ്ങിനേ?.

വലിയ—ഞാനെഴുതിയയച്ചതിന്നു അവിടുന്നു മറുപടിയയച്ചില്ലല്ലോ. അതുകൊണ്ടു, ഇതിനു ഞാനും മറുപടിയയക്കുന്നില്ല. പക്ഷേ, കായ്മഴിവിടെക്കരുതാതിരുന്നാൽ കണക്കല്ലല്ലോ.

* കേളത്തച്ചൻ പ്രധാനിത്തലവനിഹതല-
പ്പിള്ളിനാട്ടാരെയെല്ലാം
നീളെത്താൻ ചേർത്തുചേലക്കരയടവുപടി-
പ്പിച്ചു പാലിച്ചിടുന്നു
ആളെത്തെയ്യുന്നതാവോ ശിവപുരിയിൽ വിശേ
ഷിച്ചു മൂരാളമുഖ്യൻ

മേളത്തിൽ ക്ഷുട്ടിട്ടനുജൊരുപടയെ യതി-
ഞ്ചോഠ ഞാനംഗരിയ്ക്കും ൨൦.

അതുതന്നെ ചോരാ,

* കക്കാട്ടകാരണോർപ്പാട്ട തൽക്കാലം ചേർത്തസേനയും
ഒക്കാതിരിക്കില്ലെൻകീഴിൽനില്ക്കാനാണായതുംതരം ൨൧.

അവിടത്തെസ്സേവയൊക്കെ മൂന്നാമിലേ സേനാധിപത്യത്തിൻ കീഴിലാണല്ലൊ നില്ക്കുന്നതു. എന്നാൽ, ഈ മൂന്നു വകയായ വടക്കൻ പടയൊക്കെ, ഞാൻ തന്നെ ഭരിക്കുന്നുണ്ടു" എന്നാണു പറഞ്ഞു വിട്ടതു.

പാലി—(വിചാരം) ഇതുകൊണ്ടു രണ്ടു വിധത്തിലും വിചാരിക്കാം.

* വിരുതനെളയതമ്പുരാൻ വിരോധി-
പ്പരിഷയൊടൊത്തു തിരിഞ്ഞുവെന്നുമോക്കാം
കരുതലൊടഥവാ, മുരണ്ടുനാട്ടിൽ
പ്പെരിയഗുണത്തിനൊരുങ്ങിയെന്നുമോക്കാം ൨൨.

എങ്ങിനെയാണാവോ? മൈവഴിയിലോലെവരട്ടെ.

വലിയ—ഇങ്ങിനെയൊക്കെ ഇവിടെ ഒരുങ്ങിയിരിക്കുന്നു.

* ഇന്നെന്നാൽക്കോമ്പിയച്ചൻ, കൊടിയഗുപതിവെ-
ള്ളാട്ടരയ്ക്കുള്ള നാഥൻ,
പിന്നെപ്പാരംമിടുക്കുള്ളുയരുവര, നീ
മൂവ്വരും ചേർത്തസൈന്യം
ഏന്നല്ലിങ്ങുള്ള തെക്കൻപടകളിവകളൊ-
ന്നിച്ചു കൂടുന്നതായാ-
ലൊന്നല്ലഞ്ചാറു സാമൂതിരി വരികിലുമേ
ലെശവും ക്ലേശമില്ല ൨൩.

പേനാസ്സ—ഇതു വാസ്തവമാണു.

പാലി—എല്ലാം ഈശ്വരാനുഗ്രഹംകൊണ്ടു ഭൂണമായ്വരട്ടെ.

ചേനാസ്സു—അങ്ങിനെതന്നെയാണ്ടെ.

* കേവലം പൌരുഷം തുച്ഛം ദൈവം നന്മക്കു കാരണം
ദൈവാനുകൂല്യമുണ്ടാവാൻ ദേവാച്ചനതുടങ്ങണം— ൨൪.

വലിയ—നമ്പൂരി പറഞ്ഞതു കായ്യമാണ.

പാലി—എന്നാൽ, അതിനു വേണ്ടതൊക്കെ ഒരുക്കിക്കട്ടേ-

വലിയ—അങ്ങിനെതന്നെ.

* പരമ്പരയ്ക്കുണ്ട ഫലംകൊടുക്കുവോം
പരസ്പരം ദുഃഖസുഖങ്ങൾ മാറിമേ
പരം ഭവേല്പേയസി നന്മനാംകുമേ ൨൫.

(എല്ലാവരും പോയി)

നാലാമങ്കം കഴിഞ്ഞു.

അഞ്ചാം അങ്കം.

(അനന്തരം തുശ്ശിവചേകൂർ വാദ്ധ്യാനും നെടുമ്പുര
ക്കൽ കരിപ്പാലയും പ്രവേശിക്കുന്നു)

വാദ്ധ്യാൻ—ഈ തുശ്ശിവചേകൂർപ്പട്ടണം ആകപ്പാടേ ബ
ഹു ഭയങ്കരമായി തീർന്നിരിക്കുന്നു നോക്കു.

* കൊക്കാലെക്കൊടികാട്ടിടുന്നകൊടുതാ
യ്യൊച്ചിക്ഷിതിശൻറെയാ-
ത്തക്കാൻമികിലമ്മ കുറപ്പെടുകി-
ക്കുട്ടുന്നകുറഞ്ഞപട
ഇക്കാണുന്നവരോ വടക്കരയിപ്പോരിൽ
ജയംനേടുവാൻ

മുഷ്കാരങ്ങിനെകാത്തിടുന്ന പതിയാം
മൂന്നാമിലേക്കല്പനാ ൫.

അതിന്നേറയും പുറമേ,
* ധീരപത്തനാടസംഖ്യമാളുകളിട
മ്പറിട്ടിരുട്ടുചിറ-
ത്തീരത്തെത്തമരുന്നതുണ്ടെയ
രാജാവിൻെറസേനാജനം
തീരെത്തന്നെയെതുത്തു ശത്രുകല
മൂലംമുടിച്ചിടുവാൻ
ക്രൊത്തായതിരമേനിയാജ്ഞതരുവാൻ
കാക്കുന്നിതാക്രുദ്ധനും ൬.

ഈ ഭാഗത്തിങ്കിനേ- ന്നുനി മറേഭാഗത്തും,
വീയൂർപ്പാലത്തിനങ്ങേപ്പുറമൊരുനിരയായ്
വൻകടൽക്കൊക്കുമാറു
ണ്ടിയ്യഴം ഹന്ത! സാമൂതിരിയുടെടരാ
യിട്ടസംഖ്യം ജനങ്ങളം
കയ്യുക്രോധം വെറുംമാപ്പുകളിളകിട്ടും
കാപ്പിരിക്കൂട്ടരെന്തും
ചെയ്യുന്നാതീയ്യർ മേനോപ്പുരിഷ പലവിധം
ജാതിയുണ്ടായതികൽ ൯.

അതുകടാതേയും—
* ഏറാടിപ്പടവൊട്ടമെന്നുമുലയും
ട്ടോലചീരക്കീഴും
പോരാടിപ്പുലപാടുപാടവമെടു-
ത്തിടുന്ന നാടൻപട
പോരാപിന്നെയുമാംകരുപ്പടികൊടു-
ങ്ങല്ലൂർബ്ബടന്മാർകളും

ചേരാനുണ്ടിഹചോറുവായഴിമുതൽ-
ക്കുള്ളോർകൾ ഭയോടിതിൽ ൫.

ഇങ്ങിനെ നാലുപുറവും, നോക്കുന്നടിക്കിലൊക്കെപ്പട ജ്ജനന്തനേ- കൊച്ചിയിൽ വലിയ രാജാവു, ഇതാ വടക്കേ ചിറവക്കത്തുള്ള സ്വന്തം കോവിലകത്തു വാസമുറപ്പിച്ചു കൂടിയിരിക്കുന്നു. അതിനെതിരായിട്ടു, പടിഞ്ഞാറേ ഭാഗത്തു സാമൂരിയും, പൊങ്ങണം എന്ന ക്ഷേത്രത്തിന്റെ തെക്കുവശത്തായി വടക്കുന്നാഥന്റെ ഉദ്യോഗമുഖ്യനായ കിഴക്കിനിയേടത്തു നമ്പൂരിയുടെ വലിയ രാജധാനിപോലേയുള്ള ഇല്ലം എങ്ങിനേയോ പിടിച്ചുടക്കി ആരമനയാക്കി അതിൽ പാർത്തുവരുന്നു. ഇനിയെങ്ങിനേയെല്ലാമാണാവോ കലാശം?

കരിപ്പാല—(വിചാരം) അമ്പാ! ഇതെയെക്കേയാക്കിത്തീർത്തു അല്ലേ! എന്നേ! കഷ്ടം! താൻ നല്ല കേമൻ! (സ്വഷ്ടം) ആട്ടേ, ഇനി യുദ്ധംകൂടാതേ കഴിപ്പാൻ വല്ല വഴിയുമുണ്ടോ? വിചാരിച്ചുനോക്കു.

* ഈയുദ്യോഗവുംപടജ്ജന
മൊരുപടി പത്തിട്ടകിട്ടിടുന്നാജ്ഞയും
സ്വാരമതുണ്ടാഹിംസയിൽ
വരുമൊരുലോകത്തിനെന്തുരസമുള്ള ൫.

വാദ്ധ്യാൻ—ഹേ! അങ്ങിനെ പറഞ്ഞുകൂടാ.

* ആധ്വരംബ്രാഹ്മണക്കെന്നാൽ യുദ്ധംസുക്ഷത്രിയക്കുമേ
അഗ്ര്യകർമ്മമതെന്നതേ മുഖ്യമാംസ്മൃതിശാസനം ൯.

എങ്കിലും, നമ്മുടെ രാജാവിനു തോലി പഠാതിരിപ്പാൻ നമുക്കും ശ്രമിക്കണം. സംശയമില്ല.

കരിപ്പാല—ഈ രണ്ടു രാജാക്കന്മാരുടേയും പ്രധാന മന്ത്രികം ഇതൊരുവിധം സമാധാനമാക്കുവാൻ നോക്കില്ലേ?.

വാദ്ധ്യാൻ—അതുമല്ല, സാമൂരിതന്നെ സമാധാനമാലോചിപ്പാൻ വേണ്ടി, മങ്ങാട്ടച്ചനേ വലിയ രാജാവിൻെറ അടുക്കലേക്കയച്ചിരുന്നു. ആ മന്ത്രി വേണ്ടവിധം രാജാവിനോക്കണ്ടു പറയുകയും ചെയ്തു.

കരിപ്പാല—അഃ ഹാ! എന്നിട്ടോ?

വാദ്ധ്യാൻ—അതിനു മറുചൊടി സാമൂരിയോടു പറയാൻ അവിടുന്നു പാലിയത്തച്ചനേ അങ്ങോട്ടും അയച്ചിട്ടുണ്ടു.

കരിപ്പാല—വല്ല വിധവും യുദ്ധം കൂടാതെ കഴിഞ്ഞാൽ നന്നായിരുന്നു.

വാദ്ധ്യാൻ—അതു ശരി- പക്ഷേ, പറ്റുമെന്നു തോന്നുന്നില്ല- എന്താണെന്നറ്റല്ലേ?

രണപ്രിയന്മാരിഹ ഭൂരിപക്ഷം
ഗുണം ജയത്താലിരുകക്ഷികഠംക്കും
പിണക്കമെന്നുള്ളതിവക്കുപണ്ടു
ണ്ടിണക്കമീയുക്തിൽവരാൻ പ്രയാസം. ൬.

ആട്ടേ- വരുന്നതു വരട്ടേ. നമുക്കു മഠത്തിൽച്ചെന്നു മഹാബ്രാഹ്മണരേക്കൊണ്ടു മഹാരാജാവിനു ജയം വരുവാൻ വേണ്ട വേദമന്ത്രം ജപിപ്പിക്കുകതന്നേ.

(രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം ഇരുന്നൂറുകൊണ്ടു സാമൂരിപ്പാടം പാലിയത്തച്ചനും പ്രവേശിക്കുന്നു)

സാമൂരി—വളരെക്കാലമായി ഞാൻ നിങ്ങളേക്കാണണമെന്നു വിചാരിക്കുന്നു.

പാലി—എറാൻ, അടിയൻ അവിടേ വിടകൊണ്ടുകാണണമെന്നായിരുന്നു ആഗ്രഹിച്ചിരുന്നതു- പക്ഷേ, ഇവിടം വിട്ടുപിരിയുവാനിട കിട്ടായ്കയാൽ കഴിഞ്ഞുകൂടുന്നില്ല. അതിനിടയിൽത്തമ്പുരാനും തീപ്പെട്ടു. ഇപ്പോൾ ഇങ്ങി

നെയെങ്കിലും, മറ്റുവിധം ഇവിടത്തേക്കാണ്മാൻ സംഗതി വന്നാൽ അടിയന്റെ ഭാഗ്യം!

സാമൂരി—ഇങ്ങിനെയായാലേ പരസ്പരം കാണ്മാൻ പറ്റൂ എന്നു വന്നപ്പോൾ, ഭൈമം ഇതിനു സംഗതിയാക്കി. ഈയ്യിടേ സേതുസ്നാനത്തിനു പോയിരുന്നു, ഇല്ലേ?

പാലി—ഏറാൻ.

സാമൂരി—ഈസ്സേതുസ്നാനത്തിന്റെ ഫലം ഇനിക്കാണ കിട്ടിയതു.

പാലി—ഏറാൻ, അടിയൻ ഇവിടത്തേ വിചാരിച്ചുകൊണ്ടതുപോലെയാണ സേതുസ്നാനം ചെയ്തതു- അടിയനേ ഇവിടുന്നു സ്വന്തം മങ്ങാട്ടച്ചനേപ്പോലെ മരാള്ളായിട്ടു തിരുമനസ്സിൽക്കരുതിയാൽ നന്നായിരുന്നു.

സാമൂരി—ഛെയ്! അതു പറയാനില്ല- മങ്ങാട്ടച്ചനേപ്പോലെ എന്നല്ല, അതിലധികമായിട്ടാണു ഞാൻ കരുതിവരുന്നതു.

പാലി—എന്നാൽ, ഇനി അടിയൻ രാജ്യകാര്യത്തേപ്പറ്റിക്കുറച്ചൊന്നു പിടികൊള്ളുവാൻ അനുവാദം ചോദിക്കുന്നു.

സാമൂരി—അതിനനുവാദം ചോദിപ്പാനുണ്ടോ? നിങ്ങൾക്കരണ്ടാൾക്കും ഇതിനു പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടല്ലോ,

പാലി—ഇവിടുന്നു മങ്ങാട്ടച്ചനേ കൊച്ചിയിൽ വലിയതമ്പുരാന്റെ തിരുമുമ്പിലേക്കു കൂട്ടുകായ്ത്തിനായച്ചുവല്ലോ. അദ്ദേഹം അവിടേ വിടുകൊണ്ടപ്പോൾ അടിയനും കൂടെയുണ്ടായിരുന്നു.

സാമൂരി—ശരി-നന്നായി- നിങ്ങളൊന്നിച്ചുണ്ടാവണമെന്നു, ഞാൻ മോഹിച്ചിരുന്നു.

പാലി—ഇവിടുന്നു കൊട്ടങ്ങല്ലൂർ നാട്ടകം പതിനെട്ടരാകൂളംവരേയും അവിടത്തേ രാജാവിനേജ്ജയിച്ചു പിടിച്ചടക്കിയല്ലോ- എന്നാൽ, കൊട്ടങ്ങല്ലൂർക്കോവിലീ എന്റേം സ്വന്തംആളുകളാകുന്നു ഇനിക്കുവേണ്ടി അതസ്ഥലം ആ

രാജാവിനെതന്നെ തിരിയേവിട്ടുകൊടുത്താൽ കൊള്ളാമെ
ന്നു ഞാൻ ഇവിടത്തോടു സവിനയം അപേക്ഷിക്കുന്നു''
എന്നു സാമൂരിപ്പാടു കല്പനയായിരിക്കുന്നു, എന്നാണു അ
ദ്ദേഹം വല്ലിയതമ്പുരാനേ ഉണർത്തിച്ചതു.

സാമൂരി—ശരി. പിന്നേ?

പാലി—അതിൻമേലുടൻ ഇവിടെവന്നണയ്ത്തിപ്പാൻ അ
തിയനേയാണു വല്ലിയതമ്പുരാൻ കല്പിച്ചയച്ചിട്ടുള്ളതു.

സാമൂരി—(ആദരവോടുകൂടി) അഹാ! എന്താണവിടു
ത്തേ മറുപടി?

പാലി—"മങ്ങാടൻ ഇവിടെവന്നു പറഞ്ഞപ്രകാരം ഇവി
ടുന്നു അപേക്ഷിക്കുന്നുണ്ടെങ്കിൽ, അതിനേ ഞാൻ അ
ദരവോടേ ബഹുമാനിക്കുന്നു. എന്നാൽ, ഇതാണു ഇ
വിടത്തേ മാർഗ്ഗപ്പെടുത്തുന്നതു. എന്തെന്നാൽ,

ഓരോരാജ്യംഭരിക്കും നൃപതികൾമുട്ടി-
ലോഗവും നേടുവാനായ്
പ്പോരോ നീതിയ്ക്കുചേരുന്നപരമുകളോ
ടെയ്യുമാറുണ്ടുപണ്ടേ
നേരോടേ നേടിവെച്ചോരവനിതിരിയവേ
നൽകുമാറില്ല പാരിൽ
പ്പേരോടും പ്രൗഢശൈലാംബുധിപതിയിവിട
ന്നെന്തിവണ്ണം കഥിപ്പാൻ വ.

അതുകൊണ്ടു, ഇവിടുന്നു ഈ കാര്യത്തിൽ കേവലം
ഉദാസീനന്റെ നിലയിലിരിക്കുന്നതാണു ഇനിക്കു സന്തോ
ഷം. ഇനി ഇവിടത്തേ അഭിപ്രായം അറിഞ്ഞതിനുശേഷം
കാര്യങ്ങൾ തീർച്ചപ്പെടുത്തിക്കൊള്ളാം. എന്നാണു കല്പിച്ച
യച്ചിട്ടുള്ളതു.

സാമൂരി—കൊള്ളാം. അവിടത്തേ മറുപടി ന്യായമാണു.

എന്നാൽ, ഇതിലെന്താണിനി ഞാൻ ചേയ്യേണ്ടത്?- നിങ്ങൾതന്നേ വിചാരിച്ചുനോക്കു.

* കൊട്ടഞ്ചല്ലൂർക്കോവിലകത്തിലധികമൊരാചാരമുണ്ടെങ്കിലും
തുടങ്ങില്ലൊന്നും തൽപ്രശമവിധി നാമെന്നുവരികിൽ
നടുങ്ങും ലോകേശപ്പരിഷയെഴുമൻപൂണ്ടുപരി
ക്കൊടുങ്ങും ലോകക്കാശ്രിതജനപരിത്രാണഗുണവും നമ.

അതുകൊണ്ട്, ഏതെങ്കിലും ഇനി ഇക്കാര്യത്തിൽ യുദ്ധം ചെയ്തിനോക്കുകതന്നേ, അല്ലോ.

പാലി—അടിയന്റെ അഭിപ്രായത്തിൽ ഉണ്ണേ ഉള്ളൂ- വളരെ വീരന്മാരേ നശിപ്പിക്കുന്ന യുദ്ധം കൂടാതെ കഴിഞ്ഞാൽ നന്ന്.

സാമൂരി—ഇവിടെയും വീരഹത്യയെപ്പാട്ടം അഗ്രഹമില്ല- വല്ലവിധവും വിചാരിച്ചകാര്യം സാധിക്കണം എന്നേയുള്ളൂ.

പാലി—വലിയതമ്പുരാൻ തിരുമനസ്സിലേക്കും യുദ്ധത്തിന്നൊട്ടും മനസ്സില്ല- എന്നാൽ, പിടിച്ച രാജ്യം വിട്ടുകൊടുക്കുക, അതോ ഈ അവസരത്തിൽ, എന്നവരുമ്പോൾ,

* കുടിച്ചേന്നിളകുംപെരുമ്പടപ്പെട്ടം
സാമൂതിരിപ്പാട്ടിലേ
പ്പേടിച്ചോറവമൂറാമാറവശനായി
ക്കൊച്ചിയിൽത്തമ്പുരാൻ
നേടിച്ചേത്തുപിടിച്ച നല്ലൊരുകൊട്ട
ങ്ങല്ലൂരനാടൊക്കയും
കൂടിച്ചെയ്യുസമപ്പണം, പലരുമീവണ്ണം
പറഞ്ഞീട്ടമേ ൫൦.

അതാണവിടെയുള്ള പേടി-

സാമൂരി—ശരിയാണത- വീരന്മാർക്ക പേടിക്കേണ്ട വിഷയമാണത- ഇനിക്കും ഇതുതന്നേയാണധികം വിചാരം.

* പുറപ്പെട്ടപേറമ്പട യൊടൊത്ത കായുത്തിനതിനി-
ങ്ങുറപ്പൊട്ടുംകിട്ടാതിടയിലിഹ സാമൂരിയെവരേ
വിറപ്പിക്കും കൊച്ചിപ്പടയുടയവാൾക്കണ്ടിളകിയു-
ള്ളുറപ്പിൽത്തെറ്ററിപ്പോയിതിചിലർ ചിലത്തുംമൊഴിവിഷം

അതുകൊണ്ട, ഇനിക്കും വിചാരിച്ചുകായ്യം സാധിച്ചില്ലാതേ പിൻവലിച്ചുകൂടാ. അല്ലെ, അങ്ങിനേയല്ലെ?.

പാലി—എറാൻ, കല്പിച്ചതു കായ്യമാണ- എന്നാൽ, കുറച്ചു യുദ്ധം നടക്കട്ടെ, എന്നാ? എന്താണടിയൻ അവിടെ ചെന്നുണത്തിക്കേണ്ടത?.

സാമൂരി—(ചിരിച്ചുകൊണ്ട) അതൊ?.

* ചിടിച്ചുരാജ്യം തിരിയേക്കൊടുത്താ
ലിടിച്ചിലാംപ്രൌഢനിലക്കുപക്ഷേ
തടിച്ചുസൈന്യത്തൊടിതിന്നു മാനം
നടിച്ചുവന്നിജ്ജനമെന്തുചെയ്യും ൧൫.

അതുകൊണ്ട—

* ജനിച്ചുവംശത്തിനടുത്തുശസ്ത്ര
കനിച്ചുകെട്ടാനിടയാക്കിടാതേ
ഇനിച്ചലംവിട്ട ഫലാപ്തിയോളം
തനിച്ചുപോരേഗ്രതി, നൊമ്മുടെമ്മിൽ

പാലി—എറാൻ, അങ്ങിനെതന്നേ. എന്നാൽ അടിയൻ— (എണീക്കുന്നു)

സാമൂരി—അങ്ങിനെയാട്ടെ (ഉറക്കേ) ആരവിടേ?.

മങ്ങാടൻ—(പ്രവേശിച്ചിട്ട) എറാൻ, അടിയനുണ്ട്.

സാമൂരി—ഈ രാജമന്ത്രിയേ വേണ്ടതുപോലെ സല്ക്കരിച്ചിട്ടുകോവിലകത്തു കൊണ്ടാക്കേതന്നേ.

മങ്ങാടൻ—എറാൻ. (രണ്ടാളും പുറത്തിനടക്കുന്നു)

സാമൂരി—(വിചാരം) ഈ മന്ത്രി മഹാ കേമൻ! ഈയ്യാൾ ഇവിടെ അടുത്തെങ്ങാനുമുണ്ടെങ്കിൽ നമ്മുടെ മനോരഥം ഇളകില്ലായിരുന്നു, എന്നു മങ്ങാടൻ പറഞ്ഞതു പരമാർത്ഥന്നന്നേ.

പാലി—ഹേ! മങ്ങാട്ടുള്ളൻ! അങ്ങു മഹാ ഭാഗ്യവാൻ!.

* ഇത്തരമഹാഗംഭീരൻ
വൃത്തപീഠതിയുട്ടമന്ത്രിയായ്നിന്നീല്ലാൻ
ഒത്തതുഭാഗ്യമീനി-
യ്യിത്തിരിയിതിലുണ്ടസൂയതോന്നുന്നു. ൧൭.

മങ്ങാടൻ—(ചിരിച്ചുകൊണ്ടു) മുമ്പേ ഇന്നിക്കുറ്റോട്ടായിരുന്നു അസൂയ.

പാലി—അതൊക്കെയൊക്കെ കഴിഞ്ഞില്ലേ?.

മങ്ങാടൻ—അതെ, വരൂ, നമുക്കു പോവുകയല്ലേ.

(രണ്ടാളും പോയി.)

സാമൂരി—ഇവിടെ യുദ്ധം എന്ന നിലയായി- എളങ്കൂറിന്റെ കായ്യം എങ്ങിനെയായിരിക്കുന്നു അയോ? ഈ വിവരം അറിയാൻവേണ്ടിട്ടു, ഇവിടേയ്ക്കെത്തിയതിന്റെ പിറേറന്നാൾതന്നെ കിഴക്കോട്ടിറങ്ങിയ ഗോപാലനെയും കണ്ടില്ലെല്ലോ.

ഗോപാലൻ തമ്പുരാൻ—(പ്രവേശിച്ചിട്ടു) അമ്പമ്പ!.

* ഇമ്മന്ത്രിമുഖ്യബുദ്ധി-
ക്കിന്നുചിതം നീതിയായ വീശിയതിൽ
അരിനൃപവംശമരയ്ക്കേ-
ാരെരിതീപടയെന്ന കാട്ടിലാളുന്നു ൧൪.

വെള്ളാട്ടരെത്തമ്പുരാനും എറാംപ്പാട്ട തമ്പുരാനും തമ്മിൽത്തെറ്റിയതിൽ എത്ര വീരന്മാരാണ് സ്വർഗ്ഗം നേ

ടിയതു്. ഈസ്സന്തോഷവർത്തമാനം സാമൂരിപ്പാട്ടിലേ ഉണർത്തിക്കുക തന്നെ.

(പുറത്തിനടന്നു അടുത്തുചെന്നു വിളിക്കുന്നു)

സാമൂരി—ആഃ. ഗോപ്പാലനെത്തിയല്ലോ! എന്താണാവിടെ വിശേഷം?

ഗോപ്പാ—എറാൻ, നല്ല വിശേഷന്തന്നെ.

സാമൂരി—അവർ തമ്മിൽത്തെറ്റീ, അല്ലേ?

ഗോപ്പാ—എറാൻ.

സാമൂരി—എങ്ങിനെയെല്ലാമാണു? വിസ്തരിച്ചു കേൾക്കട്ടേ.

ഗോപ്പാ—അടിയൻ ഇവിടെനിന്നു പുറപ്പെട്ടു പ്രേഷ്ഠധാരിമട്ടിൽ ഒരു പടക്കൻപട്ടാണിയായിട്ടു പ്രൊലത്തെത്തി.

സാമൂരി—പിന്നേ?

ഗോപ്പാ—അപ്പോഠം, വെള്ളാട്ടത്തെത്തമ്പുരാനും അനവധി സൈന്യവും അവിടത്തേക്കുമായിരിക്കുന്നു.

സാമൂരി—പിന്നേപിന്നേ?

ഗോപ്പാ—അവിടെ, എറാമംപ്പാട്ടത്തമ്പുരാനും അതുക്കാരും വന്നു പ്രേരുന്നതിനു കാത്തെഴുന്നള്ളിത്തമസിക്കുകയായിരുന്നു. അടിയൻ ഹിന്ദുസ്ഥാനിയിൽമാത്രം സംസാരിച്ചുകൊണ്ടു തിരുമുമ്പിൽച്ചെന്നുകൂടി. അവിടത്തേപ്പടയിൽ അന്യദേശക്കാരിട്ടുള്ള ചില പട്ടാണികൾക്കു ഈ ഭാഷ അറിയാമായിരുന്നു.

സാമൂരി—അതേ- പിന്നെ?

ഗോപ്പാ—അങ്ങിനെനിൽക്കുമ്പോൾ അവിടെയൊരു ലഹള.

സാമൂരി—എന്താണതു്.

ഗോപ്പാ—അതോ? ഒരു ബ്രാഹ്മണൻ കുട്ടിപ്പട്ടരുടേ വരവായിരുന്നു.

* നാറിക്കീറി മഷിഞ്ഞമണ്ണുവികടം ചുറ്റീ
ട്ടരക്കെട്ടിലായ്

പാരിക്കുന്നിയകണ്ണാടിലയുമാ-
യ്പോറിൽക്കളിച്ചിങ്ങനേ
കീരപ്പുള്ളു പൊളിഞ്ഞതൊന്നതിലയിൽ
ചൂടിപ്പുതഞ്ഞാമക്കിടേ
പ്പീറപ്പാട്ടകടംപാടി നല്ലരസമാഭാന്ത്രൻ
തിരിഞ്ഞിഞ്ഞിനാൻ

ഭ്രമ: അയാളുടെവേഷവും, സംസാരവും, പാട്ടും, നോട്ടവും, തിരിച്ചിലും, കരച്ചിലും, ചിരിയും, നല്ല രോജപ്പും. ഒന്നാമതരം കമ്പം, ആളുകാണാൻ നല്ല നേരമ്പോക്കാ. സാമൂരി—(വിചാരം) ഇതെന്തിനാണ് വിസ്തരിക്കുന്നത്? (സ്പഷ്ടം) അതെട്ടു, പിന്നേ? പ്രകൃതം നടക്കട്ടേ. ശോപാ—അയാൾ അപ്രകൃതമാണു പറയുന്നതെന്നുവെക്കട്ടോ. അതും ഒരു പ്രകൃതന്നന്നേ. ഉടനേ ഓട്ടക്കാരൻ നൂരാന്റെ അടുത്തു ചാടിച്ചെന്നിട്ടു അതു വിചാരിച്ചു, അദ്ദ്യമൊന്നു ചിരിച്ചു. പിന്നെക്കരഞ്ഞു. ഉടനേ, ചില അസംബന്ധങ്ങളും പറഞ്ഞു.

സാമൂരി—(വിചാരം) ഇയാൾ ഒരു ചാരനായിരിക്കുമോ? അതുവോ? അങ്ങനെയും വരും. (സ്പഷ്ടം) അതേട്ടേ, എന്താണ് അതു അസംബന്ധങ്ങൾ?

ശോപാ—അതാണു കേമം കേൾക്കേണ്ടതു. അടിയനും അതുപോലേ പരഞ്ഞൊപ്പിക്കാൻ പറ്റില്ല. വാക്കുമാത്രം പറയാം. "കൊടുങ്ങല്ലൂർ ശ്രീവതിയുടെ നടവട്ടക്കോട്ട- ക്കേട്ടിവട്ടക്കോട്ട- നേരേവടക്കോട്ട- ഹാ ഹാ ഹാ അയ്യോ, അയ്യോ, അയ്യോ- ഏറാട്ടരെ നാട്ടിൽപ്പട്ടിക്കുപ്പും മുള്ള്- പട്ടിക്കുപ്പും, മുള്ള്- മുള്ള്, ഉരുക്കൻമുള്ള്- ഇനിക്കു കമ്പമാണു- കമ്പം, നല്ലകമ്പം- മങ്ങാട്ട നമ്പൂരി മന്ത്രവാദം ചെയ്തിട്ടാണു- മന്ത്രവാദം, ഉമ്മന്ത്രവാദം- പേടിക്കണം, ഈ വകക്കാരെ പേടിക്കണം- നോക്കിപ്പിടിച്ചോളൂ- പിടിച്ചോളൂ

പിടിച്ചോളൂ - ഞാനിതാ പോണു" എന്നും പറഞ്ഞു അയാൾ, അപ്പിടുത്തെ തിരുമുമ്പിൽ നിന്നോടിക്കളഞ്ഞു.

സാമൂരി—ഞാ! ഇതാണാ പുലിയത്തുവലിയപ്പൻ കൊച്ചിയിലെത്തിയതിന്റെ അടയാളം, അല്ലേപിന്നെപിന്നെ?

ഗോപാ—പിന്നേ, അധികം താമസിക്കാതേ ഏറാംപ്പാട്ടതമ്പുരാനും സൈന്യങ്ങളും അതിടേ വന്നുചേർന്നു.

സാമൂരി—ങ്ങട്ടേ, രണ്ടുവക സൈന്യങ്ങളുമായാൽ ഏതാണധികം?.

ഗോപാ—ഒട്ടസമന്തരുന്നയാണം പക്ഷേ, വെള്ളോട്ടരുപ്പടക്കു ശൌര്യവും അഭ്യാസവും അധികമുണ്ടെന്നുതോന്നും.

സാമൂരി—പിന്നെ പിന്നോ?.

ഗോപാ—അവിടേവെച്ചു തുലുരാക്കന്മാർ തമ്മിൽക്കടിക്കാറ്റു കഴിഞ്ഞതിന്റെ ദോഷം അന്നുതന്നേ യാത്ര പുറപ്പെടണമെന്നു വെള്ളോട്ടരെത്തമ്പുരാനും, രണ്ടു ദിവസം വിശ്രമിച്ചിട്ടു മതി എന്നു ഏറാംപ്പാട്ടതമ്പുരാനും, അഭിപ്രായഭേദമുണ്ടായി. എന്നിന്നധികം വിസ്തരിക്കുന്നു, അതിൽവെച്ചു തമ്മിൽത്തെറ്റി.

സാമൂരി—അങ്ങിനെവരാൻ എന്താണെന്നല്ലേ?

* നീതിക്കയ്യിൽമയക്കിഞാൻമന്നമിളക്കി
ത്തീതിതള്ളുന്നേ-
പ്രീതിക്കെട്ടീൽ മറിപ്പെന്നുനകരുതും
വെള്ളക്കുനാരിയ്യപോ
ചെയ്യിക്കൈതവമങ്ങനെയിങ്ങിനെയെളു
ളുറേച്ചുതിക്കുന്നതേ-
ന്നോതിക്കേട്ടുവാമക്ഷിമുടനേപൊട്ടി
പ്പുറപ്പെട്ടിടാം ഫാ.

മറേറയാം ഇതു മൻകുട്ടിത്തന്നെ കഥതീട്ടമുണ്ടല്ലോ.

* എന്നോത്തിരിച്ചിതുവിധം പരപക്ഷമാക്കാ
മെന്നോറിടം വിയതുകൂടിയൊരീമഹീന്ദ്രൻ
എന്നെക്കിലും മരിവെഴുംമമ മട്ടറിഞ്ഞാ
ലല്ലോന്നെൻറെനേക്കിടയുമെന്നതിരിഞ്ഞുകത്താം ഫല്വ.

എന്നാലേ ആയാളുടെ വിചാരം! അതേ- പിന്നേ?.

ഗ്ലോപാ—ഇങ്ങിനെ അവർതമ്മിൽത്തെറിയതിൻറെ ശേഷം, അവിടെവെച്ചുതന്നേ—

* ഉലകാളുംമന്ത്രമുക്കരവുമുരുമിട്ട
കള്ളവെള്ളോട്ടരക്കാ-
രക്കാലം രാജശാസ്യപ്പടിപടതുടരാ
നായി നേരേനിരന്നു
ഇക്കാണുംകൂട്ടരാകും കൊടിയകൊടിയുമായ്
ക്കൊച്ചിക്കേറില്ലതിനും
തെക്കാക്കാംഞങ്ങളാം പാപ്പൈന്നതുപൊഴുതെതുഭാ
ഗത്തുകാരാതെതുതു ഫല്വ.

പക്ഷേ, വെള്ളോട്ടരക്കാക്ക് വിയ്യം കൂടുമെന്നാദ്യന്നേ വിചാരിപ്പാൻ വഴിയുണ്ടല്ലോ.

* അപരവരവിയ്യംകാണി
ച്ചവരോരാം പ്രാട്ടിലേപ്പെടുമാരേ
അവശതരാക്കിയോടി
ച്ചവമാനംതട്ടിടം നിലയ്ക്കുക്കീ ൫൦.

അതു കണ്ടപ്പോൾ അടിയനും, ആ പട്ടാണിവേഷത്തിൽത്തന്നെ ഹിന്ദുസ്ഥാനിയിൽ സംസാരിച്ചുകൊണ്ട്, ആ ഭാഗത്തെന്നു നടിച്ചുനിന്ന പൊരുതിയിരുന്ന പട്ടാണികളെയൊക്കെ, അങ്ങോട്ടു തിരിപ്പിച്ചു.

സാമൂരി—എന്ത്?

ഗോപാ—വാസുവത്തിൽ അവർ, അടിയന്റെ ആറാംക്കാരായ ചില പട്ടാണി വേഷധാരികളാ, നായന്മാരായിരുന്നു.

സാമൂരി—ആഃ ഹാഃ! ഇതു ഞാനും വിചാരിക്കാത്ത ഒരു പൊളിക്കൈതന്നേ- പിന്നെ പിന്നോ?.

ഗോപാ—അടിയങ്ങൾ ഇതുപ്പുകിൽപ്പേന്നാത്തുവിളിച്ചുപൊരുതിത്തുടങ്ങിയപ്പോൾ—

* ഓടിപ്പോയവരും തിരിച്ചുവരികെ
നായിപ്പുറത്തുപ്പുറം
കൂടിപ്പോർ മതിയെന്നുകൂട്ടരുവാ
യെന്തോ മനസ്സംഭ്രമം
പ്രൌഢിപ്പാടൊടുമട്ടുമാറിയിവരോ
വീറോടു ശത്രുക്കളേ
തേടിപ്പാഞ്ഞു മടിച്ചു, തെല്ലുവശനാ
യ്പ്പുള്ളോട്ടരെഞ്ഞനൂരാൻ ൟ.

സാമൂരി—എന്നിട്ടോ? ആ മഹാവീരനെന്തുചെയ്തു?. ഇതു കൊണ്ടൊന്നും അടങ്ങില്ല നിശ്ചയം.

ഗോപാ—അവിടത്തെ പിന്നെത്തെ പരാക്രമമല്ലെകാണേണ്ടതു?.

* അല്പാവശേഷബലനായളവമ്മഹിശൻ
കെല്പാന്തനന്നുടയവാളുടച്ചുവീശി
മല്പാടുകാണുമരിവീരരെവെട്ടിവെട്ടി-
ക്കല്പാന്തകാലയമഭിക്ഷണമാട്ടകാട്ടി ൟ൧.

അതിനിടക്കു പെരുപ്പുളിശ്ശേരി നെടുങ്ങീരിപ്പാട്ടു കടന്നു നേരിട്ടു.

സാമൂരി—അപ്പോഴോ?.

ഗോപാ—അപ്പോഴാം അദ്ദേഹത്തിന്റെ ശനിയുടെ അപ

ഹാരവും, തമ്പുരാന്റെ വാളിന്റെ പ്രഹാരവും, മൂപ്പരുടെ പ്രാണന്റെ സംഹാരവും, ഒന്നിച്ചു കഴിഞ്ഞു.

സാമൂരി—കഷ്ടം! കഷ്ടം! ആ വൃദ്ധവീരൻ ആളേ അറിഞ്ഞില്ല.

ഗോപാ—എന്തിനധികം പറയുന്നു? ഈ ഭോഗത്തു മുക്കാലേ അരയ്ക്കാലും സൈന്യങ്ങളേ അവിടുന്നങ്ങനെയാണ മുടിച്ചത.

സാമൂരി—ഛെ, ഈ സമയത്തു എളംകൂറെവിടെയായിരുന്നു?

ഗോപാ—അവിടുന്നും ഇതുപോലെ ശത്രുസൈന്യം മുടിച്ചിരുന്നു- ഒടുവിൽ, ഈ ഇരുവീരന്മാർ തമ്മിൽ നേരിട്ടു.

* അശ്വാധിരൂഢരൊരുപോലിരുപേരുമൊപ്പം
വിശ്വാസവഞ്ചനയിനിയു മൊടിച്ചുനോക്കി
നിശ്വാസമിട്ടു നിലയിട്ടവാളുമായി
വിശ്വാതിശായി രണകൌശല വിദ്യകാട്ടി ൫൩.

അടിയൻ ഈരണ്ടമ്പുരാക്കന്മാരുടെ യുദ്ധസാമർത്ഥ്യം കണ്ടു രസിച്ചു നിന്നതേ ഉള്ളൂ.

സാമൂരി—അതെട്ടേ, അവസാനമെങ്ങിനേ?

ഗോപാ—രണ്ടു മുഹൂർത്തനേരം ഇവരുടെ യുദ്ധമുണ്ടായി. പിന്നെ രണ്ടാളും വിശ്രമിച്ചുകൊള്ളുന്ന നിലയായി- ആ അവസരത്തിൽ അടിയൻ, വേഷധാരിയാണെങ്കിലും നിപുണനായ എങ്കിലും, മലയാള ഭാഷയിൽ വേണ്ടുവോളം സംസാരിച്ചു അവരെസ്സമാധാനമാക്കി- അപ്പോഴേ, അടിയനെ ഏറാംപ്പാട തമ്പുരാനെന്നു മനസ്സിലായുള്ളൂ.

സാമൂരി—അതിനെന്തുണ്ടു പിന്നെ?

ഗോപാ—വെള്ളാട്ടത്തമ്പുരാനും അടിയനെ അറിഞ്ഞ

പ്പോഠം വളരെസ്സന്തോഷമാണു നടിച്ചതു.

സാമൂരി—ഗോപാലനെ വെള്ളക്കാരി മുമ്പേ കണ്ടിട്ടില്ലെ?.

ഗോപാ—ഏറാൻ. മനോ, രണ്ടോ, കഠി പോക്കളത്തിൽ വെച്ചു കണ്ടിട്ടുണ്ട. അതുതന്നേയുള്ളു.

സാമൂരി—ഞട്ടെ, സമാധാനമായതിൻെറ ശേഷം?.

ഗോപാ—ഇരുഭാഗത്തും പത്തോ അമ്പതോ ആളിലധികം ശേഷിച്ചു കാണില്ല- വെള്ളാട്ടരെത്തമ്പുരാൻ പിന്നേയും സൈന്യം ശേഖരിച്ചിട്ടു കൊച്ചിയിൽത്തമ്പുരാനു സഹായിപ്പാൻ വേണ്ടി വെള്ളാട്ടരെക്കുതന്നെ എഴുന്നെള്ളിയിരിക്കുന്നു.

സാമൂരി—ഇനി വെള്ളക്കാരനാരി, സൈന്യവും ശേഖരിച്ചെത്തുമ്പോഴക്കു ഇവിടെ കായ്മൊട്ടവസാനിക്കും- ഇളം കുറോ?.

ഗോപാ—രണ്ടുനാലു ദിവസം വിശ്രമിച്ചു യുദ്ധക്ഷീണം തീർന്നതിനുമേൽ ഇങ്ങോട്ടെഴുന്നള്ളുമെന്നാണുള്ളിലേയുള്ളതു.

സാമൂരി—ഞട്ടേ, എന്നാൽ ഗോപാലനും ഖാനും മങ്ങാടനെക്കാണ്മാ- ഞായാം ഇപ്പോഠം ആസ്ഥാനത്തിലെത്തിട്ടുണ്ടായിരിക്കും- ഞാനും കുറച്ചു കിടക്കട്ടേ.

* അനർത്ഥമാം പാൽക്കടലിൽക്കിടക്കും
കനത്തലാഭോദ്യതയാമുതത്തെ
മനസ്സുകൊണ്ടിട്ടു കടഞ്ഞിടുന്നീ
ജ്ഞനത്തിനൊട്ടൊന്നിനി വിശ്രമിക്കാം ൨൭.

(എല്ലാവരും പോയി)

അഞ്ചാമങ്കം കഴിഞ്ഞു.

ആറാം അങ്കം

(അനന്തരം കട്ടഞ്ചേരിമൂസ്സും വെള്ളോട്ടമൂസ്സും പ്രവേശിക്കുന്നു)

കട്ടഞ്ചേരി—എടോ! വെള്ളോട! ഇന്നാണെല്ലോ യുദ്ധം തുടങ്ങുന്നത. എന്നാൽ കനിയ്യു കുറച്ചല്ല ഭാരം.

* കത്തും വെട്ടും പലപടിപിന്നത്തുള്ള സൈന്യങ്ങളേക്കൊണ്ടെത്തും പെട്ടന്നിളകിയുയരും ഘോരനിനാദമാദ്യം
കത്തുമ്പോരോ പടവിഷമമമ്മത്തിലെക്കേട്ടമേറും
സത്തുള്ളോറെൻഔഷധിയുടെകൂകയിനാൽമാറിടേണം ()

ഇതു സാധാരണ വൈദ്യന്മാരുടെ മറയാണ. നമുക്ക അതു പോര. ഇവിടേയാണ മിടുക്ക കാട്ടേണ്ടത. അതെങ്ങിനെയെന്നാൽ,

* തട്ടിക്കേറിയടുത്ത ശത്രുപരിഷക്കാരിലെഴുംവീരരേ
വെട്ടിക്കിറിമുറിച്ചുവീഴ്ത്തിടുകിലും സിദ്ധൗഷധങ്കൊണ്ടുടൻ
പെട്ടിട്ടുള്ളപുതുവ്രണങ്ങൾ മുഴുവൻമാറിട്ടതന്നോടുനേ-
രിട്ടിട്ടുള്ളവരൊടുവീണ്ടുമിടയാൻ പാടാക്കിവിട്ടേയ്ക്കുണം. ൨.

എന്നാലേ മതിയായുള്ളു- അല്ലേ, അങ്ങിനെയല്ലേ?.

വെള്ളോട്ട—അതേ. അമ്മാമന്റെ അനുഗ്രഹമുണ്ടെങ്കിൽ ഞാനൊരു വിധമൊക്കെച്ചികിത്സിച്ചു നേരെയാക്കും.

* പല മുറിമരുന്നുള്ളോരോവിധം പലയാവും
നലമോടമൊരുക്കീട്ടുണ്ടാംക്കാരുമുണ്ടിഹ വേണ്ടതും
ചിലമാചികിത്സിച്ചുനമ്മാമനോതിയതോർമ്മയു-
ണ്ടലസതയിന്നിക്കില്ലീക്കായ്ത്തിലിനൊരുലേശവും ()

കട്ടഞ്ചേരി—ഉം! ഇനിക്ക വയസ്സായി. മനസ്സും ഒട്ടിയും വേണ്ടതിക്കിലെത്തുവാൻ പ്രയാസം. രാജാവിന്റെ ക

ല്ലുന ലംഘിച്ചുകൂടല്ലോ എന്നുവെച്ചു, കേവലം ഈപ്പഴ
യത്തേഹമ്മാത്രം ഇവിടെയെത്തീട്ടുള്ളു, അതുതന്നേ- അ
താണു, ഈ ഭാരം മുഴുവൻ തനിക്കാണെന്നു പറഞ്ഞതു.

വെള്ളോട്ട—വൈദ്യന്മാരുടെ പോരായ്മകൊണ്ടു സൈന്യ
ങ്ങളധികം നശിച്ചുപോയിയെന്നു വരില്ല. അതല്ലേ ഇ
വിടേ ഭാരമുള്ളു? പടജ്ജനത്തിന്റെ ന്യൂനതകൊണ്ടു ത
ട്ടുന്ന കേടുകാംക്ഷ നമ്മാം ഉത്തരവാദികളല്ലല്ലോ.

കുട്ടഞ്ചേരി—എന്താ 'പടജ്ജനത്തിന്റെന്യൂനത' എന്നുപ
റഞ്ഞതു?.

വെള്ളോട്ട—അതോ? ഈ ഭാഗത്തു സൈന്യം കുറേക്കൂ
വാണം.

കുട്ടഞ്ചേരി—ഉം! എന്താണതു?.

വെള്ളോട്ട—അല്ലാ!! അതമ്മാമനറിഞ്ഞില്ലെന്നോ? ഇന്നു
യുദ്ധം തുടങ്ങുക എന്നു നിശ്ചയിച്ചിട്ടു, ഇരുകക്ഷികളുടേ
യും സേനകളെ അണിപ്പുറമ്പിലേക്കു നടത്തി അവിടെ
വ്യൂഹമുറപ്പിച്ചു, സേനാപതികളും സന്നദ്ധന്മാരായി നി
ല്ക്കുന്നതിനായിരുന്നു, രണ്ടു രാജാക്കന്മാരുടേയും കല്പന-
എന്നാൽ, അപ്പോഠം നമ്മുടെ ഏളയരാജാവു വലിയ
രാജാവിന്റെ അടുക്കലേക്കു, സ്വന്തം മന്ത്രിയായ കിഴ
ക്കിനിയേടത്തു നമ്പൂരിയെ ഇങ്ങിനെ പഠഞ്ഞയച്ചു.

കുട്ടഞ്ചേരി—എങ്ങിനേ?.

വെള്ളോട്ട—"കൊച്ചിരാജ്യത്തിന്റെരാജത്വം തൊക്കേക്കോ
വിലകത്തേക്കു മാത്രമാക്കിത്തീർക്കുന്നതിനു ചില അ
ലോചനകാം അവിടെയുണ്ടായി, എന്നു സൂക്ഷ്മമായി
ഞാനറഞ്ഞിരിക്കുന്നു. അതുകൊണ്ടു, ഞാനും ഈ അവ
സരത്തിൽ ഒരു സ്വാർത്ഥം പ്രവർത്തിക്കുക എന്നായിവ
ന്നു. ഇതിനു വളരേ വ്യസനമുണ്ടു. എന്തു ചെയ്യാം. എ
ന്നാൽ,

* യുവരാജ മൗക്ക രക്ഷമേല്പാ
ലുവനിയ്ക്കു ജിതിനിക്കു വിട്ടതന്നാൽ
ഇവനും ടേരും പടയ്ക്കു പോരും
തവശേഷത്തു തരായ്കിൽ ഞങ്ങൾവേരേ
എന്നാണു പറഞ്ഞയച്ചതു.

കട്ടഞ്ചേരി—അതു ഹാ! എന്നിട്ടോ? വലിയരാജാവെന്തു പറഞ്ഞയച്ചു?

വെള്ളോട്ട—ഈ അവസരത്തിൽ നിശ്ശങ്കമായിട്ടിങ്ങിനെ പറഞ്ഞയച്ചതു. അവിടയ്ക്കൊട്ടും രസിച്ചില്ല. എന്നതന്നേയല്ല, ഈ ശത്രുക്കളുടെ മേലധികാരിയുടെ ഫലമാണെന്നു മനസ്സിലാക്കിട്ട, പാലിയത്തു വലിയച്ചന്റെ സമാധാനവാക്കുകളെപ്പോലും കേൾക്കാതെ ഇങ്ങിനേയാണ് മറുപടി പറഞ്ഞയച്ചതു.

കട്ടഞ്ചേരി—എങ്ങിനേ?

വെള്ളോട്ട—

"താനെന്തുചെയ്കിലുമെടോ ഭയമില്ലരക്ഷാ
സ്ഥാനന്തനിയ്ക്കു തരമോടതിന്നകാലം
ഞാനന്തകന്റെപുരി പോവുകിലന്നതൊട്ടാം
ഞാനന്തികച്ചരയാം വഴിവേറെനോക്കാം" ക.

എന്നാണന്നത്തരം. അതുകൊണ്ടു, എളയരാജാവും തന്റെ വലിയ ഭാഗം പടജ്ജനവും ചിരിഞ്ഞുപോയി. അഹഹാ, ശത്രുക്കളുടെ ഭാഗത്തു ചേർന്ന എണ്ണം വിചാരിക്കണം.

കട്ടഞ്ചേരി—ശരിയാണതു.

വെള്ളോട്ട—അതതന്നെയല്ല. വെള്ളക്കണാരി ഇയിടെസ്സഹായിപ്പാൻവേണ്ടി വളരെപ്പടജ്ജനവുമായി വടംവഴിക്കു, എളംകൂറും സൈന്യവുമായിത്തമ്മിൽത്തെറി ഒരു യുദ്ധമുണ്ടായി എന്നും, സേനകളൊക്കെ നശിച്ചു പിന്നാ

ക്കന്തന്നെ മടങ്ങി. എന്നും അല്ലേകേട്ടതു? പുലക്കാട്ടിരിയച്ചനും പടയും ഇതുവരേ വന്നുചേർന്നിട്ടില്ല. എല്ലാംകൊണ്ടും ഇയ ഭാഗത്തു സൈന്യം കറേക്കുഷ്ടിയാണ.

കട്ടഞ്ചേരി—അതേ, വലിയരാജാവെന്തുചെയ്യുന്നു? യുദ്ധത്തിന്നിറങ്ങിയോ? വിവരമുണ്ടോ?

വെള്ളോട—ഇല്ല, പുറപ്പെട്ടുകഴിഞ്ഞില്ല.

* സാമാന്യം സേനയുമിൽസ്സരഭസമിളകി
സ്സംഗരം ചേയ്യിടട്ടേ
നാമാല്യം പോയിട്ടന്നീലവിടെയൊരുവിധം
ചോർനടന്നോരശേഷം
സാമൂരിക്കുള്ളവാഠമിന്നിട്ടമളവിവനം
വാളിളക്കിക്കളിയ്ക്കാ
മീമൂപ്പിന്നിപ്രകാരം കയതിയളിട്ട
നണ്ടുവെണ്മേടയിന്മേൽ

കട്ടഞ്ചേരി—അതേ, നമുക്കും വൈദ്യശാലയിൽച്ചെന്നു കൂടകതന്നേ.

വെള്ളോട—അങ്ങിനെയാവട്ടേ—(രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം വലിയതമ്പുരാനും പരിവാരങ്ങളും പ്രവേശിക്കുന്നു)

വലിയ—(വിചാരം) എളമിലേച്ചതിയാണു വലിയ ചതി. അഥവാ, അതും മങ്ങാടന്റെതന്നേ. ആകപ്പാടെ ഇവിടെ ജയംകിട്ടുന്ന കാര്യം സംശയമാണ. അല്ലെങ്കിൽ, ജയിക്കാതെവിടെപ്പോവുന്നു? സൈന്യങ്ങളുടെ സംഖ്യയില്ലല്ലോ ജയത്തിനു പ്രമാണം.

* പതിനൊന്നക്ഷൗഹിണിയുടെ
പതിയായുള്ളൊരു കുരുകുലേശ്വരനേ

അതിലും കറഞ്ഞസേനയൊ
ടതിവിരതോട്ട പാണ്ഡുപുത്രർവെന്നില്ലേ? ൯.

ഈ തിരുവമ്പാടി കൃഷ്ണനാണ അന്നവരെജയിപ്പി
ച്ചത- ഇവിടത്തെ കൃപാകടാക്ഷമുണ്ടെങ്കിൽ എന്താണസാ
ദ്ധ്യം? (സ്പഷ്ടം) രാഘവരേ!.

രാഘവർതിരുമുല്പാട—ഏറാൻ.

വലിയ—എന്താ, യുദ്ധംതുടങ്ങിയോ? നോക്കു.

രാഘ—ഏറാൻ, തുടങ്ങീട്ട കറച്ചുനേരമായി.

വലിയ—താൻ നോക്കിയിരുന്നില്ലേ? എങ്ങിനെയെല്ലാമാ
ണാരംഭം?.

രാഘ—അടുപ്പുചുകാരൻ സായുപ്പു തിരുമുല്പാടു വെച്ചതായ
ഈ കഴൽക്കണ്ണാട വെച്ചുനോക്കിയതുകൊണ്ട അടിയൻ
കണ്ടെ നല്ലവണ്ണം കണ്ടിരിക്കുന്നു- മുമ്പിൽത്തന്നേ,

* മൂന്നാങ്കൂർമന്നവന്മാരിരുവരുമൊരുപോ
ലാധിപത്യത്തൊടൊന്നാ
മൂന്നാംകൂർകൊണ്ടകാറ്റൻപടവടിവിൽനട
ത്തിച്ചടപ്പിച്ചുനിത്തീ
ഒന്നാദ്യം കാഹളംപൻതുടിപറമുതലാം
വാദ്യഘോഷം മുഴക്കി
സ്സന്നാഹത്തോടുകൂടിക്കൊടികളുയരവേ,
ക്കാട്ടി യുദ്ധംപുകഴ്ത്തി. ൧൨.

പിന്നെ ക്ഷണനേരംകൊണ്ട—

* ആക്കംസേനകഥം പാഞ്ഞുതമ്മിലണയു
ന്നേരത്തുവല്ലാതെക
ണ്ടാക്കം പൂണ്ടുപടന്നമൂടി കൊടിയും
കാണാതെയാംവണ്ണമേ

നോക്കുമ്പോഴപ്പൊക്കമെപ്പൊഴുമിന
പൊടിപ്രായംചെറുപ്പാടിരു
നോക്കുമ്പോഴുമൊരേ നിലയ്ക്കുന്നിക്കഴൽ
കണ്ണാട നോക്കുമെപ്പോഴും ൩൰.

എന്നായിത്തിനിരിക്കുന്നു- ഇതുത്തോളം അടിയനറിയാം.

വലിയ—ഇനിയും നോക്കൂ, ഇപ്പോൾ പൊടിയൊന്നമല്ലിരിയ്ക്കും.

* കുട്ടംകുട്ടംചേരുടനടൽക്കാഞ്ഞു വാഹിശിഖണ്ഡി-
കൂട്ടംചോരപ്പുളയമതിലീ ഭൂമിനിന്നാതിരിയ്ക്കാ
വാട്ടംവിട്ടുള്ളവരുടെരണം കേൾക്കുവാനുംരസംമേ
കോട്ടംകൂടാതിനിയുമുതുതാൻ നോക്കിവുണ്ണിക്കുതന്നേ. ()

രാഘ—ഏറാൻ, അടിയൻ നോക്കട്ടെ (അങ്ങിനെ ചെയ്തിട്ട) കല്പിച്ചുത ശരിയാണ- ഭൂമിയിൽ ചോർ വീണുതുടങ്ങിയപ്പോൾ പൊടിയൊന്നമന്നു. ഇപ്പോൾ ഇന്നിന്നവഗ്ഗക്കാർ ഇന്നിന്നവഗ്ഗക്കാരോടാണ് എതുത്തിരിക്കുന്നത എന്നറിയാറായി- ഇതാ—

* കൊച്ചിക്കാരായജ്ഞുതക്കടയപടവെറും
മാപ്പുളക്കൂട്ടരോടാ-
യുഗ്രംച്ചിന്നംവിയ്യുമോടേറ്റിധികമിതുവ-
ക്കാരുമൊത്താത്തിടുന്നു
മെച്ചക്കാട്ടുന്ന തിയ്യപ്പടയൊടുപൊരുതീ-
ടുന്നു നസ്രാണിവഗ്ഗം
കയ്യുട്ടുകൊണ്ടുവെട്ടിപ്പടയൊടു പറവൂർ-
ക്കാരിതാ നേരിടുന്നു ൪൰.

അതുതന്നെ ചോരാ,

* ഉയക്കേറുംഗ്രാമണിബ്രാഹ്മണാടേരുടനേ-
കാപ്പിരിക്കൂട്ടമോടും
മേൽക്കേറിപ്പോരിടുന്നു, വിരുതുകൾപലതും
തങ്ങളിൽക്കാട്ടിടുന്നു
വായ്ക്കും വീയ്ക്കുത്തൊടേറാടികളിത തിരുമു-
ല്ലാടസൈന്യത്തെതാടെഞ്ഞി-
ത്തോല്പിച്ചുമേട്ടഗ്രശസ്ത്രങ്ങളുമുടലിൽമയ-
ക്കിത്തകർക്കുന്നു യുദ്ധം ൭൦.

അതുമാത്രവുമല്ല.

* കാരമ്പല്ലിക്കുപുറം പ്രേതതടവിട്ട-
നേരം കർത്താവുമെന്നി
വീരന്മാർമുമ്പിൽനില്പും കടലൊടുകിടയാം
നായർസൈന്യത്തെതാടൊപ്പം
മോരുംപാതുയ്യുമോടേറെറതുപൊരുതുവരു-
ണ്ടാവനാട്ടിൽപ്രേക്ഷ-
ന്മാരും താനന്താവുംതാനും പടുഭടനിരയോ-
ടൊത്തു ബദ്ധാഭിമാനം ൭൫.

അതിനും പുറമേ,

* ക്ഷോഭംകൂട്ടുന്നോരുവേപ്പുരപുപ്പൂർ
ഗോത്രക്കീശന്മാരുമാംക്കാരുമായി
ഒത്താലങ്ങാട്ടിഴിപാലൻ കിഴക്കൻ
കർത്താക്കന്മാരൊത്തു പോരാടിടുന്നു ൭൮.

ഇങ്ങിനെ വകയ്ക്കുവകയായി രണ്ടു ഭാഗക്കാരും തിരിഞ്ഞു നിന്നു യുദ്ധം നടത്തിവരുന്നു.

വലിയകൊട്ടകിടയ്ക്കുകിടയായി നില്ക്കുമെന്നു തോന്നുന്നുണ്ട-

ഇല്ലേ?. അതേ, താനെങ്ങിനെയാണിശ്ശത്രുപക്ഷക്കാരേയൊക്കെ വേറതിരിച്ചറിഞ്ഞത്?.

രാഹു—അതോ? അടിയൻ, ഇവർ വന്നുകൂടിയതിന്റെ ശേഷം ഒരു ലാടവൈദ്യന്റെ വേഷമായിട്ട ചില മറിമായങ്ങളുംകൊണ്ട ആ സൈന്യങ്ങളുടെ ഇടയിൽ നടന്ന പരിചയിച്ചറിഞ്ഞതാണം.

വലിയ—ആഃ! താൻ ലാടവൈദ്യനായിട്ടു കൂടേ നടന്ന വൈദ്യവുംപേടിച്ചിട്ടുണ്ടല്ലോ. അല്ലേ? നന്നായി, അതേ. ഇനിയും നോക്കു- എന്തെല്ലാമാണ വട്ടം എന്നറിക തന്നെ.

രാഹു—(വിണ്ടും നോക്കിസ്സംഭ്രമത്തോടുകൂടി) ഓഹോ! വിഷമം വിഷമം.

വലിയ—എന്താ? എന്താ?.

* വല്ലാതുള്ളുശിർകൊണ്ടനേകനിലയാ-
ന്നില്ലം തേന്മാർകല
ന്നെല്ലാം സങ്കലയുമെന്നവിധമാ-
യെന്നോ,പരംനോക്കിയാൽ
ഇല്ലാവേറതിരിച്ചറിഞ്ഞിടുവതെ-
ന്നുണ്ടോ,വിശേഷിച്ചുതോ
നില്ലാതാത്തരിവീരർ നമ്മുടെതേ-
ന്മാരേ മടിക്കുന്നിതോ ഫ.

രാഹു—എറാൻ, അടിയനൊന്നും അറിഞ്ഞുകൂടാ- എന്താണെന്നല്ലേ?

* കൊപ്പുമ്പാടേകലന്നു ടേനിര,പിവരം
കണ്ടുണർത്താൻ പ്രയാസം
തിക്കിപ്പുഞ്ഞെത്തിടുന്നു പടയൊടുപടി
ഞ്ഞാറുനിന്നന്യസൈന്യം

തെക്കൻഭാഗത്തുനിന്നും കട്ടലൊട്ടകിടയായ്
വൻപടയാർ വരുന്നു
നിൽപ്പതിനോരിൽ ജയസംശയമിനിയിവർക്ക-
ടുപൊൾഭിനന്ദിപ്പുമാരോ? ഹാസ.

വലിയ—ഛെഃ! എന്താ തനിക്കിത്ര വിഷാദം?.

രാഘ—വിഷാദമോ? പടിഞ്ഞാറൻപട കൊട്ടങ്ങല്ലൂർത്ത മ്പുരാനും, ചേറ്റവായഴി മുതൽ കൊട്ടങ്ങല്ലൂരഴിവരേയു ള്ള അറുപക്കാരുമാണു- അതിനും പുറമെ അവിടത്തെ മൂന്നാംകൂർ തമ്പുരാനും മുഖകന്ദം സൈന്യവുമുണ്ട- അ തുമ്മും പോരാ, പുന്നത്തൂർമൂപ്പിലെ ആജ്ഞക്ഷതയിൽ ക രുവക സേനയും ഇവരോടുകൂടിവ്വേന്നുകാണുന്നുണ്ട.

വലിയ—ഇതയല്ലേ ഉള്ളു? ഇതെന്ത! നിസ്സാരം നിസ്സാരം- പിന്നെ തെക്കനിന്നു വരുന്നതോ?.

രാഘ—അതു, എളയതമ്പുരാനും, ഇവിടത്തെ നാട്ടുകാരി ൽ അവിടത്തെ കീഴിൽ നിൽക്കുന്ന വൻപടയുമാണ.

വലിയ—ങ്ങാട്ടേ, അവരെന്തുചെയ്യുന്നു?-

രാഘ—(ലജ്ജയോടുകൂടി) വന്ന വഴിയേതന്നെ സാമൂരിയു യുടെ സേനാപതിയായ മൂന്നാംകൂരിന്റെ മുമ്പിൽച്ചെന്നു സേനാപതിക്കു ചെയ്യേണ്ടുന്ന ഉപചാരവും ചെയ്തു അതു ഭാഗത്തേക്കു ചേർന്നുനിന്നു.

വലിയ—(ലജ്ജയോടും ക്രോധത്തോടുംകൂടി) ഛെഃ ഛെഃ!! കളഞ്ഞു കഴുത മാനം കളഞ്ഞു.

* നമ്മോടൊന്നോ മുഷിഞ്ഞിട്ടുനതിമതിമാ-
നെന്നു ഭാവിക്കുമായാം
ഒന്നോഹാംമൂത്തു സാമൂതിരിയുടെപടയിൽ
ക്കിടമായ്തീർന്നുപോയി

ഞാട്ടേ, ഇരിക്കട്ടേ- ഇതുതന്നെ അവൾക്ക് രാജ്യഭംശത്തിനു കാരണമായിത്തീരും- (വിഷാദത്തോടുകൂടി)

സമ്മോദത്തോടുമെന്നിൽപ്രണയമണിയുമെൻ
നാട്ടുകാരും ക്രമംവി
ട്ടുംമോഹംതുടിയ്ക്കയാളട്ടെ ചിരകില്പണ
ഞ്ഞെന്നതെൻ ഭാഗ്യദോഷം. ൧൭.

ഇതിൽ ഇനിക്ക് ഇതാണൊരു സങ്കടം.

* വാത്സല്യത്തൊട്ടു കാത്തതാരെൻപ്രജകളെൻ
നേരിട്ടുചോരിട്ടുടൻ
വാങ്ങല്യം, ബാഹുശല്യമായുധഗണം, മറ്റും
പ്രയോഗിക്കിലും
മേൽസ്സവ്യംസഹതൻപതിസ്ഥിതിയിലീ
വാളൊണലയ്ക്കുന്നതും
മാത്സര്യത്തൊടു മട്ടുമാറിയവരേ
നോക്കുന്നതും ഒപ്പമാം. ൧൮.

എന്തുചെയ്യാം- നിവൃത്തിയുണ്ടോ? ഞായിൽ!!!

* ഉള്ളിൽത്തുടിയ്ക്കുന്നേഹം
കൊള്ളില്ലി ക്ഷതിയക്കൊരേടത്തും
കള്ളച്ചിരിയുന്തേച്ചൊരു
വെള്ളപ്പുഞ്ചിരി ചിരിയ്ക്കുയേവെയ്ക്കു. ൧൯.

(കോപത്തോടുകൂടി) ഞാട്ടേ- ഇരിക്കട്ടേ.

* ഇന്നാണ പോർനടുവിലായുധവിദ്യകാട്ടി
ലിന്നാണനമ്മുടയ കീർത്തിവധുവിവാഹം
ഇന്നാണവാനിടരികത്തൊരു വേഷ്യയാത്ര
യിന്നാണവിണ്ണിൽ മടവാർമണികർക്കുപൂരം ൨൦.

(ഉറക്കേ) ആരവിടേ? നമ്മുടെ യുദ്ധയാത്രയ്ക്കൊക്കെ കരുങ്ങട്ടേ.

പാലിയത്തു ചെറിയച്ചൻ—(പ്രവേശിച്ചിട്ട്) എഴന്നെള്ളാം, എഴന്നെള്ളാം- ഒക്കെത്തയ്യാറായിരിക്കുന്നു- എന്നതന്നെയല്ല—

* നമ്മേത്തൊല്പിച്ചുശത്രുപ്പടലമാകെ കലുക്കുന്ന യുദ്ധക്കളത്തിൽ
മുമ്പേ സാമന്തരിപ്പാടയിപടവിയൊട്ടം
പോരിനായ്ചെന്നിടുന്നു
ഉന്മേഷത്തോടു തുക്കൊപ്പിടിപ്പൊട്ടമടവാ
ളൊന്നലഞ്ഞു, ശമിക്കു
മെയ്മേൽക്കേറിപ്പയറ്റും മറുപമനജ
ക്കൂട്ട കുത്താട്ടമെല്ലാം ൬.ഫ.

വലിയ—അയ്യോ ഹാ! വലിയമേനോനെവിടേ?.

ചെറിയ—എടാൻ- അമ്മാമൻ കതിരപ്പുറത്തു കയറിക്കഴിഞ്ഞിരിക്കുന്നു.

വലിയ—എന്നാൽ പുറപ്പെടുകതന്നേ.

* പ്രശസ്തയുദ്ധത്തിലവസ്ഥരണ്ടാം
സ്വശക്തിപോലാണതിലുള്ള ലാഭം
യശസ്സുവന്താൻ വിജയത്തിൽ, മറേറ
വശത്തുസാക്ഷാൽസ്സുരലോകസൌഖ്യം

(എല്ലാവരും പോയി)

ആറാമങ്കം കഴിഞ്ഞു.

ഏഴാമങ്കം.

(അനന്തരം വാഴൂർ ഉണ്ണിനമ്പിഏറാടിയും തെക്കേരി നമ്പൂരിയും പ്രവേശിക്കുന്നു.

തെങ്ങേരി—പിന്നെ പിന്നേ?.

ഉണ്ണിനമ്പി—പിന്നെ, മാപ്പളമാർ ജ്ഞന്മാരേയും, തിയ്യർ നസ്രാണികളേയും, തീരെത്തോല്പിച്ചു; വെട്ടത്തുകാർ പഠയ്ക്കാരെപ്പറഞ്ഞുപറ്റിച്ചു; കാപ്പിരികൾ ഗ്രാമിണികളെ ഇട്ടു വട്ടന്തിരിക്കുന്നതിന്നിടയിൽ, ഗോപാലൻ തമ്പുനോർ ചെന്നു കാപ്പിരികളെപ്പിൻവലിപ്പിച്ചില്ലെങ്കിൽ അവരോടാവുമായിരുന്നു. ആ നമ്പൂരി വീരന്മാക്ക്—

* അഭിമാനക്കൊണ്ടുപട-
ക്കഭിമുഖമല്ലാതെനില്ലതിനിപ്പം
അഭിമുഖരായുണ്ടാലിവ-
രഭിലാഷമ്പോലെഭിക്ഷണിക്കംകാട്ടും ഫ.

അങ്ങിനെയായിരുന്നു.

തെങ്ങേരി—ഞാട്ടെ, കാപ്പിരികൾ പിൻവലിച്ചതിന്നു ശേഷം അവരെന്തുചെയ്യു?.

ഉണ്ണിനമ്പി—പിന്നെയവർ തിരുമല്ലാടന്മാരുടെ പടയിൽ ചേന്നു, നമ്മുടെ ഏറാടിപ്പടയോടെതിർത്തു. ഏറാടിപ്പട തിരുമല്ലാടന്മാരോടു പൊരുതിയിരുന്നതിൽ, ഇരു ഭാഗക്കാരും കിടപിടിച്ചു നിന്നതേയുള്ളു. അവരിൽ ആ കൊച്ചുണ്ണിത്തിരുമല്ലാടം നമ്മുടെ നിലമ്പൂർത്തിരുമല്ലാടം തമ്മിലുണ്ടായ യുദ്ധമാണു യുദ്ധം.

തെങ്ങേരി—അതെങ്ങിനെ കലാശിച്ചു?.

ഉണ്ണിനമ്പി—അതോ? പറയാം,

* തിണ്ണം കണ്ണംമറിപ്പാൻ കരുതലൊട്ട നില-
നമ്പൂർത്തിരുപ്പാടുവാളോ-
ന്നെണ്ണുംകണ്ടാഞ്ഞുവീശുമ്പൊഴുടനെയൊഴി-
ഞ്ഞിട്ട മറ്റോമിടുക്കൻ
കണ്ണുംകത്തിക്കളഞ്ഞാത്തുളവിലു മുശിരിൻ
മൂപ്പിലിമൂപ്പിലേയ്ക്കും-

ട്ടണ്ഡംകൊണ്ടില്ലറിഞ്ഞില്ലവനരിയയരി-
ഞ്ഞാത്തകോലാഹലത്തിൽ വ.

തെക്കേരി—അപ്പോൾ, ആ വീരൻ ഒറ്റക്കണ്ണൻ തിരുപ്പാടാ'' യി അല്ലോ? ആട്ടെ, പിന്നെ ആയുധം അങ്ങിനെ കഴിഞ്ഞു അല്ലെ, പിന്നേ?

ഉണ്ണിനമ്പി—ആ നാട്ടിൽ പ്രമാണിക്കമാരും കൂട്ടരും നല്ല ശൌര്യമുള്ള വകതന്നെ. കാരമ്പള്ളിക്കുപ്പനേയും അയ്യായിരപ്രമാണത്താവിനേയും ഇവരാറുപേരുംകൂടി ഒട്ടനേരമല്ല ഇട്ടു കുഴക്കിയത. ഒടുക്കം വിടക്കൻ നായന്മാർ അധികമാളുകളുണ്ടാകയാൽ കൂടിച്ചു ജയിച്ചു എന്നതന്നെയിരിക്കട്ടെ, എങ്കിലും—

* തല്ലുകൊണ്ടപോടയിൽപ്പുറംതിരിയലുണ്ടാകുന്നതിനേക്കാളും
മുക്കാലുംതിരിയേവരാത്തവഴിയേ തെക്കോട്ടയപ്പിലയോ
മുഷ്കാളുന്ന വടക്കരിഞ്ഞിനെ കഴുത്തിട്ടുമുണ്ടിടമാ-
ട്ടിക്കാക്കീട്ടുപോലെ മാറ്റാലർമടങ്ങിടുന്നതുമാനമാം.

അതുകൊണ്ടു തമ്പുരാനും, കുറ്റാക്കുന്നമാരും, ആറാംക്കാരും, ബേപ്പൂർ, പുറ്റൂർ ഈ നാടുകളിലെ സ്നേനകളേയും, നായന്മാരേയും കൂട്ടുള്ളാ ഇട്ടു ശല്യപ്പെടുത്തിയതു അതുകൊണ്ടു പടയിൽ, ഈ ഉള്ളനാടൻ നായ്ക്കന്മാരായിരുന്നു- അവനാണു വിരുതൻ.

\# ആയുധമെടുത്ത കൂട്ടരി-
ലായുധപുരുഷന്റെ വിരുതു കാണുമ്പോഴാം
ആയുസ്സിനെയോക്കാത്തവ
രായുണ്ടോ യോദ്ധൃരെന്നസന്ദേഹം ൪.

തെക്കേരി—ഈ നായ്ക്കർ അതുകൊണ്ടാ രാജാക്കന്മാരുടെ കുലഗുരുവാണു.

ഉണ്ണിനമ്പി—ആഃ ഹാഃ! ആയാളെ ക്കോഴിശ്ശേരിഞ്ഞാച്ചമേനോൻ പെട്ടിപീഴിച്ചത അത്യത്ഭുതം തന്നെ. എങ്കിലും ഇങ്ങിനെ,

* കന്നല്ലും ശത്രുപക്ഷത്തിനൊരുപജയമാ-
ണെന്നു കാണുന്നകാലം
വന്നപ്പോൾ, ക്കോടിലിംഗക്ഷിതിരമണതമ-
ണ്ണായിരം കുട്ടുകാരും
പുന്നത്തൂർത്തമ്പുരാനും പടയുമിവിടെവ-
ന്നെത്തിയെ ന്നുള്ളതല്ലാ
പിന്നത്തെബ്ഭാഗ്യമിങ്ങോട്ടെഴയുപതിയോ-
ജിച്ചൊരായോഗമത്രേ ഇ.

തെക്കേരി—അതു ശരിയാണ. ആട്ടേ, എന്നിട്ടോ?

ഉണ്ണിനമ്പി—എന്നിട്ട എളയതമ്പുരാന്റെ സമാഗമത്തെ ആദരിപ്പാനും, യുദ്ധത്തിന്റെ അവസാനക്കയ്യ താൻ തന്നെയെടുപ്പാനും, വിജയത്തിന്റെ ആനന്ദം അനുഭവിപ്പാനും, വേണ്ടി അച്ചനെയുമുപേക്ഷിക്കയും പാറന്നമ്പി, തറയ്ക്കൽ മേനോൻ, അവരുടെ പരിവാരങ്ങൾ, പ്രതിഷ്മേനോന്മാരിൽ പ്രമാണികൾ, ഊരാളിനായന്മാർ, പൈനാട്ടരെ അറവീട്ടുകാർ, മുതലായ ദേഹരക്ഷാപുടയോടും, മിക്കതും മഹമ്മദമതക്കാരുടെ മാതിരിയിലുള്ള യുദ്ധസന്നാഹവേഷത്തോടും, മറക്കാലിൽ വീരശൃംഖല-മമ്പിൽത്തളി- മുതലായ സ്വന്തപദവികളോടുംകൂടി, നമ്മുടെ സാമൂതിരിപ്പാട്ടമ്പുരാൻ തിരുമനസ്സുകൊണ്ടും—

* "ഉദ്ധതിസമാശ്രയൻ" കലി
യതിനിമേലെന്നപണ്ടുചേരനുപൻ
അരുളിച്ചെയ്യകൊട്ടത്തൊരു
തിരുവുടവാളും പിടിച്ചെഴുന്നള്ളീ ന.

തെഞ്ഞേരി—അപ്പോഴോ?.

ഉണ്ണിനമ്പി—അപ്പോഴാം, ആ വിവരമറഞ്ഞിട്ട ഉടനെത നേ മുപ്പായിരം കൂടി കൂടുമ്പിപ്പടയും, തോക്കുകാരായ നായർപട്ടാളവും, പാലിയംപടയും, പാലിയത്തു വലിയച്ഛനും ചെറിയച്ഛനും, മറ്റുമായ ദേഹരക്ഷപ്പടയോടും, ദീക്ഷയാകയാൽ നീണ്ടിരിക്കുന്ന താടിയും മീശയുമുണ്ടെങ്കിലും- പ്രാചീന സമ്പ്രദായത്തിൽത്തന്നേയുള്ള യുദ്ധസന്നാഹവേഷത്തോടും, പള്ളിപ്പുല്ലുക്കായ സ്വന്ത ചിഹ്നത്തോടും കൂടി, കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടും—

* ചേരമാമ്പെരുമാൾകല്പിച്ചുള്ള രത്നകിരീടവും
ധരിച്ചുംകൊണ്ടെഴുന്നള്ളീപെരികെ പ്രാപ്പെത്തോടും ഒ.

തെഞ്ഞേരി—ഇനിയത്തെക്കഥയാണ കേൾക്കേണ്ടത. പിന്നെ പിന്നേ?.

ഉണ്ണിനമ്പി—പിന്നെ, അധികമൊന്നുമുണ്ടായില്ല- സാമൂരിപ്പാടും വലിയതമ്പുരാനും യുദ്ധഭൂമിയിലെത്തിയപ്പോഠം, അവിടത്തെ സ്ഥലമൊഴിച്ചുകൊടുക്കുവാനെന്നപോലെ എളയതമ്പുരാനും സൈന്യങ്ങളും തെക്കോട്ടുതന്നേ തിരിച്ചു.

തെഞ്ഞേരി—എന്തിനാണത്?.

ഉണ്ണിനമ്പി—അതോ? അവിടുന്ന് അമ്മാമനോട നേരിട്ടു നിന്നു പൊരുതുവാനൊരു മടിയുണ്ട. സൈന്യങ്ങളാകട്ടെ സ്വാമിഭക്തിക്കു വിപരീതമായി പ്രവർത്തിപ്പാൻ ധൈര്യമുണ്ടായിരുന്നില്ല.

തെഞ്ഞേരി—(ചിരിച്ചുകൊണ്ട) എന്നാൽ,

ഉണ്ണിനമ്പി—കേൾക്കു- അതുകൊണ്ടൊരു കൌശലമെടുത്തു—

* ഈഭോഗം വരയുംപിടിച്ചിരുനമ
ക്കായിട്ടസാമൂരിയെ
നാമോരം കറയുമ്പടിയ്ക്കുമെയരാജാ
വൊട്ട മുമ്പിട്ടതാൻ
മാപ്രാണം പെറുകുന്നിലായ്ക്കോടി യെകത്തി
ത്തൻപ്പടനാന്മമാ
യാപ്രാഗൽഭ്യമൊട്ടം, പെരുമ്പറയടിച്ചുംകൊണ്ടു
പാത്തീടിനാൻ ഫ്ല.

തെക്കോരി—കൊള്ളാം വിദ്യ- ഇതു മഞ്ഞാടന്റെ മന്ത്രം തന്നെ മായിരിക്കണം.

ഉണ്ണിനമ്പി—അങ്ങിനെയിരിക്കുമ്പോൾ, ഇവിടെ മറ്റൊരു യുദ്ധംതുടങ്ങീ- അപ്പോഴുണ്ടു വരുന്നു, ഒരു മഹാ ബ്രാഹ്മണസംഘം! ബ്രഹ്മസ്വംമഠത്തിൽനിന്നു പുറപ്പെട്ടിട്ടുള്ള ഈ മഹാ ബ്രാഹ്മണർ,സംശയംകൂടാതെ ഈ ഉഭയകക്ഷികളായ പടജ്ജനങ്ങളുടെ ഇടയിൽക്കൂടിക്കടന്നു രണ്ടു രാജാക്കന്മാരുടേയും മദ്ധ്യത്തിൽ വന്നു നിന്നു.

തെക്കോരി—അതു ഇതു പാലിയത്തച്ഛന്റെ പ്രയോഗം, സംശയമില്ല. അതേ, അപ്പോഴോ?.

ഉണ്ണിനമ്പി—അപ്പോൾ,എല്ലാവരും ആയുധംവെച്ചു തൊഴുതുകൊണ്ടു നിലവായി. എന്തിനധികം പറയുന്നു- "മാപ്രാണംവരെയുള്ള കൊച്ചിരാജ്യം എളയ തമ്പുരാന്റെ ഭാഗം എന്ന നിലയിൽ സാമൂരിയുടെ കീഴിലായി പിട്ടു" എന്നും, കൊടുങ്ങല്ലൂർനാട്ടകം പിടിച്ചടക്കിയത കൊടുങ്ങല്ലൂർതമ്പുരാനതന്നെതിരിയേക്കൊടുത്തു" എന്നും, വലിയ തമ്പുരാനേക്കൊണ്ടു വളരെ പ്രയത്നിച്ചിട്ടാണെങ്കിലും പറയിപ്പിച്ചു 'യുദ്ധം മതിയാക്കി' എന്നു സാമൂരിപ്പാട്ടിലെക്കൊണ്ടു സമ്മതിപ്പിച്ചും, രണ്ടു രാജാക്കന്മാർക്കും

അനുഗ്രഹം കൊടുത്തിട്ടേ, ആ യോഗ്യരെവിടുന്നു പോയുള്ളൂ.

തെക്കേരി—അമ്പാ! ബ്രാഹ്മണ്യത്തിന്റെ മഹാത്മ്യം നോക്കൂ—

* ആതെത്തത്തിടുന്ന ശത്രുപ്പടയിടയിലിറ
ങ്ങിട്ടുമാ സ്വാമികായ്യം
പാത്തുതത്തുംഗപ്രഭാവത്തൊട്ടു ഝടിതി
സമാധാനമുണ്ടാക്കുവാനും
കീർത്തിസ്തംഭത്തെയൊന്നീശ്ശിരിജലധിപതി
ക്കിങ്ങു നാട്ടാനുമോർത്താ
ലോത്തിൽത്താല്പര്യമോടീശ്ശിവപുരിയിലെഴും
യോഗിമേ യോഗമത്രേ നം.

ഉണ്ണിനമ്പി—ശരിയാണത- അവർ അനുഗ്രഹിച്ചു പൊയതിന്റെ ശേഷം കൊച്ചിയിൽ വലിയ തമ്പുരാൻ ലഞ്ചി ച്ചുകൊണ്ടാണെങ്കിലും, സാമൂരിപ്പാട്ടിലോട്ടു യാത്രയും പറഞ്ഞു കൊച്ചിയിലേക്കുതന്നെ മടങ്ങി- സാമൂരിപ്പാട്ടപൊങ്ങണത്തരമനയിലേക്കും എഴുന്നെള്ളീ.

തെക്കേരി—പിന്നെയപ്പോഴാണ് ഈ കോവിലകത്തേക്കു പോന്നതു.

ഉണ്ണിനമ്പി—കാ ഷോ! അതു കഥ പറയാനുണ്ട- ഇന്നലേ ഏകദേശം അർദ്ധരാത്രി സമയത്ത്, അതി സാഹസിയായ പാലിയത്തു പെരിയച്ചൻ പത്തു ആറാംകാരോടുകൂടിവന്ന പൊങ്ങണത്തരമനയ്ക്കു തീവെച്ചു.

തെക്കേരി—ആയ്യോ! മഹാ പാപി!- എന്നിട്ടു, അപ്പോഴോ?

ഉണ്ണിനമ്പി—പുറത്തു കാത്തുകിടന്നിട്ടും ഒന്നു മയങ്ങിപ്പോയ ഗോപാലൻ തമ്പുരാനോർ ഉടനേഉണർന്നിട്ടു ആദ്യംതന്നെ സാമൂരിപ്പാട്ടിലേ, കിഴക്കിനിയേടത്തു നമ്പൂരിപ്പാട്ട

മന്വേ ഉപദേശിച്ചുകൊടുത്തിട്ടുള്ള ത്രങ്കൻ വഴിയിൽ ക്കൂടി, കോവിലകത്തു നടമുറ്റത്തെത്തിച്ചിട്ടു തിരിയേ ഇവിടെത്തന്നെയെത്തി- അപ്പോഴേക്ക് എങ്ങിനെയോ ഈ വിവരമറിഞ്ഞ മൂന്നാപ്പാട്ടിലേ കല്പനപ്രകാരം കൊടുങ്ങല്ലൂർത്തമ്പുരാനും പരിവാരപ്പടയും നാലുപുറവും വന്നു വളഞ്ഞിരുന്നു. അളിക്കുന്ന തിയ്യിന്റെ ചൂടുകൊണ്ട അടുക്കും അടുത്തുകൂടാ.

തെക്കേരി—അയ്യോ കഷ്ടം! സാമൂരിയുടെ ശ്രീചക്രം കുതിലായ തേവാരം വക വിഗ്രഹങ്ങൾ അതിനകത്തു പെട്ടുപോയോ?

ഉണ്ണിനമ്പി—ഇല്ല, പരിഭ്രമിക്കണ്ടാ- സാമൂരിപ്പാട്ടിലേ വക എല്ലാസാമാനങ്ങളും, ഞങ്ങൾക്കതിനുമുമ്പിൽപ്പുറത്തു കടത്തുവാനിടകിട്ടി.

തെക്കേരി—അതുപോ; ഭാഗ്യം ക്ഷയിച്ചിട്ടില്ല! എന്നിട്ടോ?

ഉണ്ണിനമ്പി—അപ്പോഴയ്ക്കും എവിടന്നോ രാമബാണം പോലേ കിഴക്കിനിയേടത്തു നമ്പൂരിപ്പാടും കുറെ ആൾക്കാരും അവിടെ എത്തിയിരിക്കുന്നു. തിക്കിട്ടത്തുവാൻ ചിലർ ഉത്സാഹിച്ചുതുടങ്ങി. അപ്പോൾ,

* ജ്വാലാമാലാ കരാളംപടരെയരമന
ക്കെട്ടിടം ചുട്ടെരിയ്ക്കും
ശൈലാകാരോൽക്കടോഷ്ണൻ കടലഹനനെരി-
ഞ്ഞെന്തുമേ വെന്തിടട്ടേ
മേലാലിഷ്ടരിമ്മാതിരി വികൃതിയുടൻ
ങ്ങിടിലൊക്കി ല്ലുടൻതാ-
നേലാതാക്കേണമെന്നാരതിധ്വനിയൊടനു-
മൂരിയും തമ്പുരാനും ഘം.

ഉടനേതന്നെ, ആക്കൊടുങ്ങല്ലൂർത്തമ്പുരാൻ തിരഞ്ഞുപിടിച്ചു പെറിയമ്പലൻറമേൽ, മുമ്പിലുണ്ടായതോലിയി

ൽ ഉത്ഭവിച്ച കോപം സഫലമാക്കി. അക്കൂട്ടത്തിലുണ്ടായിരുന്നവരേ മിക്കതും പിടിച്ചു. ഈ ഭാഗത്തുകാർ അത്തീയ്യിൽത്തന്നേ സംസ്കരിച്ചു.

തെക്കേരി—നന്നായി. മഹാപാപത്തിന്റെ ഫലം അപ്പോൾത്തന്നെ അനുഭവിച്ചു, അതുതന്നെ.

ഉണ്ണിനമ്പി—ഇങ്ങിനെയാണ സാമൂരിപ്പാട്ട ഈക്കോവിലകത്തേയ്ക്കു സ്ഥലം മാറിയത.

തെക്കേരി—ഇനി എളയരാജാവും ഉടനേ ഇങ്ങോട്ട വരുമായിരിക്കും, ഇല്ലേ?.

ഉണ്ണിനമ്പി—ഉവ്വ് ഉവ്വ്. അവിടത്തേക്കുട്ടിക്കൊണ്ടുവരുവാൻ കിഴക്കിനിയേടത്തു നമ്പൂരിപ്പാട്ടിലേത്തന്നെ സാമൂരിപ്പാട്ട പറഞ്ഞയച്ചിട്ടുണ്ട. അതുട്ടേ, ഇവിടന്നെങ്ങോട്ടാണ പുറപ്പെട്ടതു?.

തെക്കേരി—അതോ? സാമൂരി എന്നേക്കണ്ടപ്പോൾത്തന്നേ കന്നത്തിനേ വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞയച്ചിരിക്കുകയാണ.

ഉണ്ണിനമ്പി—എന്നാൽ, ഇവിടന്നുചെല്ലു. ഞാനും പടജ്ജു നങ്ങളുടെ പ്രണം ചികിത്സിക്കുന്ന ടിക്കിലൊന്നു പോയിവരാം.

(രങ്ങാളം പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം സാമൂരിപ്പാടും കന്നത്തുനമ്പൂരിയും പ്രവേശിക്കുന്നു)

സാമൂരി—കൃതകൃത്യത എന്നുള്ളത് ഒരു ക്ഷണികസുഖം മാത്രമാണ. എന്താണെന്നാല്ലേ?.

* കൊച്ചിക്കോണിപനോടുതുശിവപുരം
പോരിട്ടുവാങ്ങിച്ചു, ഞാ-

നിച്ചിക്കംപടി പാട്ടിലാക്കിയ ഭരാജാ-
വെന്ന ഗംഭീരനും,
ഉഗ്രപ്രതാപനും മമതക്കുചേർന്നിതു കൊട്ട-
ങ്ങല്ലൂർനൃപനും ഹിതം,
മല്ലിഞ്ഞത്തിനുതുപുറിയായി, മനയുണ്ടാ-
ശയ്ക്കിതാ പിന്നെയും ൭൫.

കന്നം—(സന്തോഷത്തോടു കൂടി) എന്റെ സത്യം സാധിച്ചു.

സാമൂരി—ശരി- എന്നാൽ, ആ മഹാബ്രാഹ്മണരിടയ്ക്കു വന്നു തടഞ്ഞില്ലെങ്കിൽ ഈ ഉടക്കിൽ കുറച്ചുകൂടി രാജ്യം പിടിക്കാമായിരുന്നു.

കന്നം—അതു വാസ്തവംതന്നേ, എങ്കിലും ഇനിക്കു സന്തോഷം.

സാമൂരി—അതു! അതങ്ങിനെയാണോ- പക്ഷേ,

* ക്ഷണംകൊണ്ടുസന്തുഷ്ടിനന്നന്നക്കി-
ക്ഷണംകൊണ്ടുതാൻ മനുഷ്യന്മാർക്കു രോഷം
ഇണക്കത്തുവിപ്രക്കു വിദ്യാവിനോദം
പിണക്കത്തിൽമാറുള്ളവക്കാത്തനാശം ൭൬.

ഇങ്ങിനെ നമ്മിലൊരു വ്യത്യാസമുണ്ട് ഇല്ലേ? എന്നാൽ, ഇപ്പോൾ ഈ മരാളായം കിട്ടിയില്ലെങ്കിലും വേറേ ഇതിലും വലുതായിട്ടൊരു ലാഭമുണ്ടായി.

കന്നം—എന്താണതു?

സാമൂരി.

* അനർത്ഥംകൊച്ചിക്കുമാരമണനുവരുത്തുവാൻകരുതിയി-
ജ്ജനത്തിൻനേരിട്ടുവലിയൊരു മഹാബ്രാഹ്മണജനം
അനുസാഹംശങ്കിച്ചുതുടിയുമുഞാൻ ചേയ്തതിലുടൻ
മനസ്സാൽത്തന്നെല്ലോ സരസമവരാശീസ്സുമതി ൭൭.

കന്നം—അതു നല്ല ലാഭംതന്നേ.

സാമൂരി—ഇനി ഞാൻ അധികം താമസിക്കാതെ വടക്കനാഥനു, വിധിപ്രകാരം സുവർണ്ണംകൊണ്ടൊരു തുലാഭാരം കഴിച്ചിട്ടു അതും മഹാബ്രാഹ്മണർക്കു വിഭജിച്ചു കൊടുപ്പാൻ വിചാരിക്കുന്നുണ്ട.

കന്നം—അതു വേണ്ടതുതന്നേയാണ.

* ദൈവംതെളിഞ്ഞുവിലസുന്നതിനിന്നുചൂഡ-
ദേവൻറെമുമ്പിൽ വഴിപാടതിലും വിശേഷാൽ
ദേവർക്കുപോലുമതിപൂജ്യതയുള്ളഭൂമി
ദേവർക്കുമാനമിതിലും വലുതേതുപുണ്യം ഫര.

എന്നതന്നേയല്ല, ഇതിന്നു പേരിട്ടൊരു ഗുണവും കൂടിയുണ്ട- എന്താണെന്നോ?.

ഭൈരിക്കായ്തേന്നുനിന്നോരവനിനിജനയം-
കൊണ്ടുതൻ കീഴിലാക്കു-
ന്നോരിക്കാലത്തുപാരം പ്രജകളുടെമനോ-
രഞ്ജനം ചെയ്തിടേണം
ഭൂരിദ്രവ്യംധരന്നീ സുരനിരയിലുടൻ
കോരിവാരിക്കൊടുത്തും
ദാരിദ്ര്യംതീർക്കിലുണ്ടാം ചലപരിഷകളും
നാട്ടുകാക്കൊക്കെമോദം ഫരി.

സാമൂരി—(ചിരിച്ചുകൊണ്ട) കന്നം ഈ വഴിയും കാണാതിരിക്കില്ല. (ഉറക്കേ) ഞാരയിടേ?.

ഹരിക്കാരൻ—(പ്രവേശിച്ചിട്ട) സ്വാമി!.

സാമൂരി—മങ്ങാടനെവിടേ?.

ഹരി—സ്വാമി! ഇവിടെയുണ്ട. (പോയി)

മങ്ങാടൻ—(പ്രവേശിച്ചിട്ട വിചാരം) ഇനി ആഃ! എന്നാൽ മുഴുവനായി. അതിനു ഇതും വേണ്ടില്ല.

(അടുത്തുചെന്നു വന്ദിക്കുന്നു)

സാമൂരി—ഇരിക്കൂ.

മങ്ങാടൻ—എവിടെ, കല്ലനും (ഇരിക്കുന്നു)

സാമൂരി—ഇനി, എന്നാലോ മങ്ങാടാ,

മങ്ങാടൻ—കുറച്ചുകിഴവം താമസമുണ്ടല്ലോ.

സാമൂരി—അതുപ്പ് വേണ്ടതൊക്കെ ഒരുക്കിട്ടുവേണ്ടേ.

കുന്നം—എന്നുമാത്രമല്ല- അകലത്തുകാക്കും അറിഞ്ഞെത്തുവാൻ തരമാവണ്ടേ?

മങ്ങാടൻ—എടാൻ- ഇവിടെ സ്വല്പം വേണ്ടേടത്തോളമെന്നല്ല അതിലധികവും, പൊങ്ങണത്തരമെന്ന കത്തിയതിൽ ഉരുകിക്കൂട്ടികൂട്ടിയുയിക്കിടപ്പുണ്ട്.

സാമൂരി—ഞാൻ അ നമ്പൂരി മഹാ വിത്തശനാണെല്ലോ- മുമ്പൊരിക്കൽ അമ്മാമനെം വിരുന്നുണ്ടായപ്പോൾ അ അരമനയിൽ,

* പേണാന്നാപ്പടിവാതിൽക്കൽതൊട്ടുപുറം
തണ്ടിനലായ്യോന്നാര-
ഞാണാമ്പോലിടിമുഴക്കിനകര-
ത്തോലപ്പുള്ളിത്തോരണം
കാണാനെന്തൊരഴകിയാം നിരചേരുന്നോ-
രോരോതരം രത്നമെ-
ന്നാണാദ്യം കനകപ്പൊടിപ്പുറപ്പാടുന്നാ-
ണന്നപോൽ വെമ്പലും എന്നു.

ഇങ്ങിനെ ചില പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്-

കുന്നം—അതു ഹാ! അയ്യോ കഷ്ടം! അ രത്നങ്ങളൊക്കെ വെറുതേ വെന്തു വെണ്ണീറടിച്ചുപോയല്ലോ.

മങ്ങാടൻ—ഇല്ലാ, വ്യസനിയ്ക്കണ്ടാ- അ വക രത്നങ്ങളൊക്കെ അ നമ്പൂരിപ്പാടായിട്ടതന്നെ വടക്കുന്നാഥന്റെ തിരുമുറ്റത്തു, മുവട്ടിലുള്ള ഭണ്ഡാരത്തിലാക്കി എന്നാണീ നമ്പൂരിപ്പാട പറഞ്ഞത.

സാമൂരി—അതിപ്പോഴംഗ്രണമായി.

മങ്ങാടൻ—എന്നാൽ, ഇഞ്ഞിലൊരേത്തോട്ടുകൂടി അടിയ
ന്ന വേറേ ഒരാലോചനകൂടിയുണ്ട്.

സാമൂരി—എന്താണത്?

മങ്ങാടൻ—ഈ ബ്രഹ്മസമ്മർദ്ദവും ഇവിടത്തെ ക്ഷീണിലാ
യല്ലോ?

സാമൂരി—അതുവ്വോ? എന്താകുന്നും?

കുന്നം—നമ്മൂരിമാരടെ ഇടയിലാണ് കുറമത്സരം.

മങ്ങാടൻ—അതേ, മറ്റത്തിലൊരുവാരവുംകൂടി അതുതേ?

സാമൂരി—ആവാം. പക്ഷേ, മങ്ങാടൻ വിചാരിക്കുന്നതായ
ത്ര അതുലോചന നടക്കുമെന്നു തോന്നുന്നില്ല.

മങ്ങാടൻ—അങ്ങിനെയാണോ? എന്നാൽ,

* അഷ്ടിയുമേഷ്ടം കുഷ്ഠവു
ഷ്ടി മഹാവിനയപുഷ്ടിയിവയാലേ
തുഷ്ടിവരുമ്പോലക്കൊരു
കഷ്ടിക്കയ്യാകമതനക്കുള്ളിൽ ൧൭

എന്നായിരുന്നു, അടിയന്റെ വിചാരം.

കുന്നം—അതു കാണാം. അണ്ടിയോടടുത്താലറിയാം മാ
ങ്ങയുടെ പുളി.

\# ശകാരംചൊറിയുംപലരെയുമുടൻകണ്ടൊരുതര
പ്രകാരംവാഴ്ത്തീടും ചളിരെവളരേരംഗിയിടിവർ
വികാരംതട്ടില്ലാ തനതുഹൃദയസ്ഥൈര്യമതിനീ
പകാരംഭംകൊണ്ടിട്ടവനിസുരജാതിയ്ക്കുതുടരും ൧൮

ഇവരുടെ ഇയ്യത്തവും മങ്ങാട്ടച്ചനും മനസ്സിലായോത്ത
തു മഹാ ബ്രാഹ്മണരുടെ സംസർഗ്ഗം ചോരാഞ്ഞിട്ടാണ്. തി
രുന്നേ.

സാമൂരി—അയ്യട്ടേ, ഇയ്യകന്നം അങ്ങിനെയായാലുമെന്നു തോ
ന്നുന്നതാണെന്നുണ്ടോ?

മങ്ങാടൻ—ഏറാൻ, അതില്ല. സംശയമില്ല. ഇവിടന്നേ
കുതിരൽ.

സാമൂരി—ഇങ്ങിനെത്തെ ചീരന്മാർ അകത്തുണ്ടായിരുന്നുവെ
ന്നുണ്ടോ?

മങ്ങാടൻ—എന്നാൽ അടിയനറിയുന്നതുപോലെ ഉണർ
പ്പോയിരിക്കുന്നു. (ആത്മഗതമായിട്ട്) ഇനിക്കു സാമൂരിയേ
ഒന്നു കണ്ടാൽക്കൊള്ളാമെന്നുണ്ട്. അകത്തേക്കു കടക്കു
ന്നതോ?

സാമൂരി—എടാ, ഏതാനുമൊട്ടകാഞ്ഞിരമുള്ള മഠത്തിലെ നമ്പൂരി
യല്ലേ ഇതു?

കുഞ്ഞൂര നമ്പൂരിപ്പാട്—(പ്രവേശിച്ചിട്ട്) വന്നതു വന്നു.
ഇതു കയ്യിൽ കൊടുക്കുകതന്നെ. (പുറത്തിനടന്നു അടുത്തു
ചെല്ലുന്നു)

(എല്ലാവരും തമ്മിൽ ഉപചാരം ചെയ്തിരിക്കുന്നു)

സാമൂരി—നമ്പൂരി എവിടന്നാണിപ്പോൾ?

കുഞ്ഞൂര—ഞാൻ ബ്രഹ്മസ്വമഠത്തിൽനിന്നാണു.

കുന്നം—(വിചാരം) അതു് എന്നാൽ അവിടത്തെ വിശേ
ഷങ്ങളറിയാം.

സാമൂരി—വിശേഷിച്ചോ?

കുഞ്ഞൂര—അങ്ങിനെയൊന്നുമില്ല. എന്നാൽ, ഇനിക്കു നാ
ലുപാദം കൂട്ടിച്ചേർത്തു ശ്ലോകമൊരിയിൽമിലതുണ്ടാക്കു
വാനൊരു മോഹം മനസ്സിലുണ്ടായിരുന്നു.

സാമൂരി—അതിനിയ്യൊരിയാം.

കുഞ്ഞൂര—എന്നാൽ, ഇവിടന്നിപ്പോൾ കൊച്ചിരാജ്യം മാ
ഹാണംവരെപ്പോയിട്ടുവരിക ജയിക്കയാണെങ്കിൽ ഇതുശിവ
ക്ഷേത്രത്തിങ്കൽ കൂടിയിരിയ്ക്കുന്ന അവസരത്തു ഞാൻ വ

ല്ലതൊന്നുമതിക്കാണുവന്നില്ലെങ്കിൽപ്പോരല്ലോ എ
ന്നുവെച്ച ഒരുപോചിച്ചിരുന്നപ്പോൾ, ഒന്നതോന്നി അ
തുണ്ടിത. (ഉറക്കെ കൊടുക്കുന്നു)
സാമൂരി—(വാങ്ങിനോക്കിച്ചിരിച്ചുകൊണ്ട മങ്ങാട്ടച്ഛന്റെ കൈ
യിൽക്കൊടുക്കുന്നു)
മങ്ങാടൻ—(നോക്കീട്ട) ശ്ലോകം ബഹുഭംഗിയിരുന്നതന്നേ (വി
ചാരിച്ച) കവിയുടെ മനസ്സതിലധികം—കന്നം—കന്നം വായിച്ചു കേട്ടാൽ വേണ്ടില്ല.
മങ്ങാടൻ—(വായിക്കുന്നു)

* ഭോടക്ഷമാരമണബാഹു ബലാഭിഭൂപൂ
സേയം സഭോചിതവിശേതിനശങ്കനീയാ
ഏകാകിനീനിശിചരാലയ മദ്ധ്യഗാപി
കിംരാമഭോഭയിതാ ഭവിതേക്ഷണീയാ.

കന്നം—ബലേ, ശ്ലോകം ബലേ.
മങ്ങാടൻ—ഇതു സൈഭ്യമണ്ട, ഇല്ലേ?
സാമൂരി—(ചിരിച്ചുംകൊണ്ട) എന്തേ ഇങ്ങിനെയൊർത്ഥക
ല്പനക്കവകാശം? നമ്പൂരിമാക്ക സഹജമായിട്ടുള്ള ഭംഗിക
തന്നേ- അല്ലേ?.
കാഞ്ഞൂര—അതല്ല ഇവിടുന്ന, ഈ ശ്ലോകപേക്ഷർ യോഗ
ത്തിലും എരിശ്ശേരി നേരേ നടക്കുക, മുതലായ സ്വന്ത
ചിഹ്നങ്ങാം നടപ്പാക്കുവാൻ വിചാരിക്കുന്നുണ്ടെന്ന കേ
ട്ടുസംസാരം കേട്ട, എന്നാൽ,

* ജയത്തിലുണ്ടാമഭിമാനമൂലം
സ്വയം വിചാരക്കുറവാലുടൻതാൻ
നയജ്ഞനായോരു ഭവാനിതിങ്കൽ
പ്രയത്നമേറ്റാലതിൽ വിസ്മയാവും. ൨൦.

ഈവസ്തുത മൻകുട്ടി ഇവിടേ അറിയിച്ചുഎന്നേയുള്ളു.

കുന്നം—വിളിക്കരുതന്നോടായി

സാമൂരി—ഈ ഉപദേശം ഞാൻ നന്ദിയോടേ സ്വീകരിച്ചു.
പക്ഷേ, ഇന്നിയുള്ളിന്നെയൊരു ശുഭിച്ചാരമില്ല.

* രണ്ടുംനമ്മുടെയോഗമില്ലെകിലവ
ക്കന്യോന്യമെന്നാവിധം
വണ്ടുള്ളോരുനാട്ടുപാതിയിലിരു
ക്കുന്നതുണ്ടുണ്ടായാൽ
വീണ്ടുംവേണ്ടവിശേഷമുണ്ടതെളിവും
കിട്ടാതെയാം പിന്നെയും
വേണ്ടും ദുഷ്ടമനുഷ്യനൊന്നു വെളിവാം
നന്മൂരി പൊല്ലീലയോ.

കുന്നം—എന്നതുന്നായല്ല. ഇന്നാം ഇതുക്കൊല്ലിയിൽ നടക്കുന്ന
രാജാവിന്റെ രാജ്യമാണ്. നമ്മുടെയല്ല.

സാമൂരി—(ഉറക്കേ) ആരവിടേ?

കിഴിക്കാരൻ—(പ്രവേശിച്ചു വിരട്ടിക്കൊണ്ടുകൊണ്ടു
പോയി)

സാമൂരി—നന്മൂരിക്ക ഇതിരിക്കട്ടേ. പക്ഷേ
കുറിന്നമിങ്ങൊരുപദേശമിനിയുള്ളതുനാ
നേരിന്നുമീ കൃതിയിലുള്ള കർമ്മൽകൃതിക്കും
പോരെങ്കിലുള്ളതിയിലുള്ളതെളിഞ്ഞിരുന്നാ
ചേരെങ്കലുള്ളതിനു തന്നതുമാത്രമാണ്.

(പ്രവേശിച്ചു കൊടുക്കുന്നു)

കാഞ്ഞൂര—(പ്രവേശിച്ചു വിചാരിക്കുന്നു) ഞാൻ ചീട്ടും
ഓയ്യും അതിലധികം.

സാമൂരി—എന്നാൽ പിന്നെക്കാണാം.

കാഞ്ഞൂര—അങ്ങിനെതന്നെ. (പോയി)

മങ്ങാടൻ—(ലജ്ജയോടുകൂടി) അടിയനാണിവിടെ വിഡ്ഢി
സാമൂതിരി—ഛെയ്യ! സ്വാമിക്കല്ല ഇതു മനുഷ്യസ്വഭാവമല്ലേ?

* പെരുതുസുഹൃല്ലഭിതി തരാതേയുണ്ടു
പുരുമതികുലജ്ഞം മിടുക്കുതെറ്റാവും
ഒരുവനൊരിക്കിലുമിഴയുമാറുണ്ടു
തെറ്റുശിക്ഷണമുടൻ ചെയ്കയില്ലതൈവം ഉന.

എന്നാൽ കേൾക്ക,

* സത്തുക്കളോടു പലരിക്കിലുമൊന്നുപോലെ
യെത്തുന്നബുദ്ധിയുടയോനിഹ ബുദ്ധിശാലി
കണ്ണം—ശരിയാണവിടുന്നു പറയുന്നത.
വസ്തുക്കളുണ്ടിവിടെയെന്തിനിതുകാണാം.

(രണ്ടാളേയും നോക്കിപ്പുഞ്ചിരിയിടുന്നു)

മങ്ങാടൻ—കായ്യം കഴിഞ്ഞാൽ നമ്പൂരിക്കു കളിയായി.
സാമൂതി—അങ്ങിനെയല്ല, കായ്യവും അദ്ദേഹത്തിനു കളി
തന്നെ. ആ മഹാ ഗംഭീരനായ ഏളയ രാജാവിനെ
സ്വാധീനപ്പെടുത്തിയതും കളിയായിട്ടല്ലേ?

(അനന്തരം ഏളയ തമ്പുരാനും കിഴക്കിനിയേടത്തു
നമ്പൂരിപ്പാടും പ്രവേശിക്കുന്നു.)

ഏളയ—നമ്പൂരി എന്താണു സ്വാമിയ്ക്കു ഞാൻ ഈയുപ
കാരത്തിനാൽ പ്രത്യുപകാരം ചെയ്യേണ്ടത?
കിഴക്കി—അവിടുന്നു പ്രത്യുപകാരം വിചാരിച്ചിട്ടല്ല ഇവി
ടത്തെ സഹായിച്ചതു, കേവലം സൗജന്യമാത്രമാണു
നാണ മങ്ങാടുമനെന്നോടു പറഞ്ഞതു.
ഏളയ—അങ്ങിനെ വരാം. അതു മങ്ങാടനെന്തു കേമനാ
ണെന്നോ?

കിഴക്കിനി—ഞാട്ടേ, നമുക്കിട്ടത്തുചെല്ലുകതന്നേ.

(രണ്ടാളും പുറത്തിനടന്നു അടുത്തു ചെല്ലുന്നു)

(എല്ലാവരും എണീറ്റു അടുക്കാരോപചാരങ്ങൾ കഴിയുന്നു)

മുള്ള—ഇനിക്ക്, ഈ അവസരത്തിൽ, എന്താണെന്നു പിടിച്ചതിട്ടു പറയേണ്ടതെന്നറിഞ്ഞുകൂടാ.

മാന്യത്വംകലർന്നോരാ കേട്ടുവാട്ടമെന്നാ

തെന്നേജ്ജയിപ്പിച്ചതും

ധന്യക്ഷമാഗതിധർമ്മവും നയവിധി

പ്രാശസ്ത്യവുംതന്നെയാ

മാന്യക്കാക്കുമട്ടുശ്രമെന്നവിധമുണ്ടെൻ

നന്ദിയെന്നാലിതിൽ ഫലം.

അല്ലാതെകണ്ട ഇതിന്നൊന്നു മുപചാരം ചെയ്യാനിവിടെ ഞാനൊന്നും കണ്ടില്ല. (കുന്നത്തു നമ്പൂരിയെ നോക്കിട്ടു) ഇതു, ഇങ്ങിനെയൊക്കെയാക്കിത്തീർത്ത കുന്നത്തിനെ ഞാൻ മരിക്കലും മറക്കില്ല.

കുന്നം—ഇനിയുള്ള മതി- സന്തോഷമായി.

സാമൂരി—(പ്രത്യേകിച്ചുമായിട്ടുതന്നെ) ഞാൻ ഇവിടെയുള്ള സഹായിച്ചത്, കേവലം ശ്രീമതിയുടെ ഇഷ്ടത്തിനുവേണ്ടിയാണെന്നു ഇവിടെയുള്ളതെന്നെ വിചാരിച്ചുപോയിട്ടുണ്ടെന്നുതോന്നുന്നു.

എളയ—ശരിയാണെന്നു തോന്നുന്നുണ്ടല്ലോ?

* ഇന്നെന്നേസ്വന്തമാക്കുന്നതിനോ കൊച്ചുപിടിക്കുവാൻ
നന്നായ് ശ്രമിച്ചുമുണ്ടിങ്ങക്കെന്നാൽ സ്സുഖജന്യമാണിതും.

സാമൂരി—ഛെയ്!! അങ്ങിനെയല്ല, എന്റെ അഭിപ്രായമതല്ല.

മങ്ങാടൻ—എന്നാൽ, അടിയനൊന്നറിഞ്ഞിരിക്കാം.

* ഇപ്പോളുടപ്പുനടപ്പുപുഴുങ്ങിപ്പാലേന്തുക്കുൻപടി
ക്കപ്പോഴുറഞ്ഞിരിച്ചുട്ടതുപരിമാവാതില്ലപോൽ മുന്നമേ
വപ്പോലുംപ്രേമകാംക്ഷാശമിനിമേലെന്നാക്കിവെക്കാൻകഴി
കയ്യേതെങ്കിലുമൊട്ടുമില്ലൊരുനിലയ്ക്കുന്നായ്വരാമാശയം

എളയ—(വിചാരം) എന്നെ, മങ്ങാടനു തന്നിയുള്ള സന്ധിതന്ത്രം നല്ലവണ്ണമറിയാം. സംശയമില്ല. (സ്പഷ്ടം) ഇങ്ങിനെയാണിടയ്ക്കിടയ്ക്കു വിചാരമെങ്കിൽ, ഇങ്ങേപ്പുറത്തതധികം സന്തോഷം.

കിഴക്കിനി—ഞങ്ങളേപ്പോലെയുള്ള നാട്ടുകാരുടെ ഇതിന്റെ ഫലമനുഭവിച്ചുപോരുന്നതു. എന്തായാലെന്നോ?.

ഇടയ്ക്കിടയ്ക്കായുമങ്ങുമിങ്ങും
പടയ്ക്കിടഞ്ഞൊരു മരിച്ചിടാതെ
അടക്കമോടും സുഖമായിരിപ്പാൻ
കിടയ്ക്കുമേ കാമിനികുമ്മത്തിൽ ഠനം.

കുന്നം—ഇതു വാസ്തവംതന്നേ. ഇനി നമുക്കൊക്കെസ്സുഖമായിരിക്കാം. അതല്ലേ വേണ്ടതു?.

സുഖമായിരിക്കുക എന്നു പറഞ്ഞതുപോലെ ഇനി
നിക്കു ഒട്ടു മോഹമുള്ളതു ഇവിടത്തെ കാലോചിച്ചാൻ തോ
ന്നുന്നുണ്ട.

എളയ—(അല്പം ചിരിച്ചുകൊണ്ടു) എന്തായാലും അതു
സാമൂരി—അതേതായാലും ഇനിക്കു ഇതു തുശ്ശിവേഷം കെട്ടണ
ത്തിൽ നിന്നു സുഖമായിരിപ്പാൻ ഹേതുവാകുമോ
മ ആടൻ—(വിചാരം) എന്നാൽ
എളയ—(പുഞ്ചിരിയോടുകൂടി) എന്നാൽ അതു വേണ്ടില്ല
സാമൂരി—അല്ലെങ്കിലും ഇതാലൊരു സംശയത്തിക്കുടി ഉണ്ടാ
യിട്ടുണ്ട.

എളയ—എന്തായതു?

സാമൂരി—ഞാൻ ഇങ്ങനെ കുറച്ചുകാലം അമ്മയേ
കണ്ടു തൊഴുതു നമസ്കരിച്ചു യാതൃയുണ്ടാക്കിച്ചുപോരുമ്പോൾ അ
വിടന്നു അരുളിച്ചെയ്തതിനിപ്പോൾ ഓർമ്മയുണ്ടോ?

എളയ—എന്തിനാണു?

സാമൂരി—"ഒന്നുണ്ടു കോവിലകത്തു നിൽപ്പിന്നാ
ളിന്നു പോകരുതു" എന്നു പറഞ്ഞതിനു വരാൻ പ്രയാസം
എന്നു പറഞ്ഞതിനു നിന്നുടെമനസ്സിലിതോന്നുവേണ
മെന്നും പറഞ്ഞതിനു നിയ്യുപറവാനിനിയാരുള്ളപ്പോലേ
ഇങ്ങിനെ അമ്മ അരുളിച്ചെയ്തപ്പോൾ ഏതാൻ, എ
ന്നാൽ അടിയന്റെ താമസം തുശ്ശിവേഷം തന്നെയാ
ക്കാം എന്നാണ ഞാൻ മറുപടി പറഞ്ഞു പോന്നതു.

എളയ—അതു എന്നാൽ വളരെ നന്നായി, എന്താണെ
ന്നല്ലേ.

അമ്മാമനെന്നോടതിരിന്നതിരിട്ടുകൊള്ളാ
തിമ്മാതിരിയുള്ളിവിടെവാണു കുറച്ചുകാലം
വന്മാന്യമിത്രമിവിടുന്നുഞാചുവെങ്കി
ലെന്മാനസത്തിനൊരുതോരുമില്ലയല്ലോ. ന.ക.